ചിരാത് ബുക്സ്

തിരഞ്ഞെടുത്ത കവിതകൾ

ഇന്ദിരാബാലൻ

Malayalam
Thiranjedutha Kavithakal

Poems
by
Indira Balan

Cover design : Vishnu Balan
Layout & Type Setting : Vishnu Balan

Publishers and Distributers
Chirath Books
Shanthi Nikethan Apartment
S.M. Road, T. Dasarahalli,
Bangalore - 560057
Ph : 8971910472

chirathbooks@gmail.com

Indira Balan

കഥകളി നാട്യാചാര്യൻ പത്മശ്രീ വാഴേങ്കട കുഞ്ചുനായരുടേയും പടിഞ്ഞാറെ വെളിങ്ങോട് ലക്ഷ്മികുട്ടിയമ്മയുടെയും മകൾ.മലയാളത്തിൽ ബിരുദാനന്തര ബിരുദം. 28വർഷമായി ബാംഗ്ളൂരിൽ താമസിക്കുന്നു. ബാംഗ്ളൂരിലെ കലാസാഹിത്യരംഗങ്ങളിൽ സജീവം.

പുസ്തകങ്ങൾ

കൃഷ്ണപക്ഷം..കവിതകൾ

ഭഗ്നബിംബങ്ങൾ....കഥകൾ...പൂർണ്ണ പബ്ളിക്കേഷൻ കോഴിക്കോട്

വർഷമുകിലുകൾ....കവിതകൾ...കൈരളി ബുക്സ് കണ്ണൂർ

വാഴേങ്കട കുഞ്ചുനായർ...ജീവചരിത്രം...കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

വെയിൽപക്ഷികൾ....ലേഖനങ്ങൾ..ബുദ്ധ ബുക്സ്.തിരുവനന്തപുരം

കുടുംബം

ഭർത്താവ് ആർ.ബാലൻ

മക്കൾ രഞ്ജിത് സൌമ്യ വിഷ്ണു

INDIRA BALAN
E... 3 ... 4th FLOOR
SHANTHI NIKETHAN APPTS
S. M. ROAD
T. D .HALLI
BANGALORE.... 560057

E mail: indira.indeevaram@gmail.com
Mob:8971910472

ജൈവപരതയുടെ സങ്കീർത്തനം

കവിതയുള്ള മനസ്സ് പ്രാപഞ്ചിക സംഗീതത്തിന്റെ ആന്ദോളനമാണ്. ദൈവത്തോട് തൊട്ടിരിക്കുന്നവരാണ് കവികൾ. അത് കൊണ്ട് തന്നെ മാനവഹൃദയത്തെ സ്പർശിക്കുന്ന വരികളും വാക്കുകളും ദൈവത്തിന്റെ കയ്യൊപ്പ് ചാർത്തിയവയും കൂടിയാണ്. കവിയെന്ന നിലയിൽ ആസ്വാദക മനസ്സിൽ ഇടം പിടിച്ച ഇന്ദിരാ ബാലന്റെ തെരഞ്ഞെടുത്ത കവിതകളുടെ സമാഹാരമാണിത്. സാഹിത്യത്തിന്റെ വ്യത്യസ്ത മണ്ഡലങ്ങളിൽ അഭിരമിക്കുന്ന എഴുത്തുകാരിയാണെങ്കിലും കവിതയാണ് അവരുടെ എഴുത്തുതട്ടകം. ജീവിതാനുഭവങ്ങളും ജൈവപരതയുടെ സങ്കീർത്തനങ്ങളും സമഞ്ജസമായി സമ്മേളിക്കുന്നുണ്ട് ഇന്ദിരയുടെ കവിതകളിൽ.

നീരുറവ വറ്റാത്ത വേരുകളിൽ നിന്ന് അതിന്റെ വൃക്ഷത്തെ തിരിച്ചറിയുന്ന കാവ്യശിൽപ്പങ്ങൾ. ഭാവലയങ്ങളുടെ അനിർവ്വചനീയമായ അനുഭൂതി പകരുന്ന ഈ കാവ്യപുസ്തകം സന്തോഷപൂർവ്വം വായനക്കാർക്ക് സമർപ്പിക്കുന്നു. ഒപ്പം കവിതയുടെ ഉയരങ്ങൾ തേടിയുള്ള യാത്രയ്ക്ക് ഹൃദയഭാഷയിൽ ഭാവുകങ്ങൾ ആശംസിയ്ക്കുന്നു.

എം.ചന്ദ്രപ്രകാശ്
തിരുവനന്തപുരം

കവിതാ വഴിയിൽ

കവിത ജീവവായുവാണ്. എതിർ വാഴ് വിന്റെ ഇടവഴികളിൽ തളർന്നുവീഴുമ്പോൾ ഊന്നുവടിയായ് താങ്ങി അക്ഷരത്തുള്ളികൾ മനസ്സിലേക്കിറ്റു വീഴ്ത്തി സംഗീതം ചാലിച്ച് കവിതാക്കൂട്ട് പകർന്ന പ്രിയപ്പെട്ടവൾ. പ്രതിരോധത്തിനും അതിജീവനത്തിനും ഔഷധമായവൾ. ചൊല്ലാനും പറയാനും പരിഭവിക്കാനും ചിരിക്കാനും കരയാനും പഠിപ്പിച്ചവൾ. എന്റെ മൂന്നാമത്തെ കവിതാ സമാഹാരമാണ് ഈ തിരഞ്ഞെടുത്ത കവിതകൾ. ആകാശവും ഭൂമിയും നിറയുന്ന പുൽനാമ്പുകളും നക്ഷത്രങ്ങളും ജീവിതവുമെല്ലാം കവിതയാകുന്നു. വായനക്കാർ ഏറ്റെടുക്കുമെന്ന വിശ്വാസത്തോടെ ഈ പുസ്തകം സമർപ്പിക്കുന്നു.

.കവിതകളെ നിരീക്ഷിച്ച് ആമുഖം എഴുതിയ കവി ശ്രീ കുരീപ്പുഴ ശ്രീകുമാർ സാറിനും ആശംസയെഴുതിത്തന്ന ചെറുകഥാകൃത്ത് ശ്രീ ചന്ദ്രപ്രകാശ് സാറിനും ഹൃദയത്തിന്റെ ഭാഷയിൽ നന്ദി രേഖപ്പെടുത്തുന്നു.

ഇന്ദിരാ ബാലൻ
ബാംഗ്ലൂർ....

സമർപ്പണം

എഴുത്തുവഴിയിലെ സൗഹൃദങ്ങൾക്കും,

ജീവിതത്തിലെ സന്തോഷങ്ങൾക്കും

ഉൾനോവുകൾക്കുമൊപ്പം എന്നും കൂടെ

നിന്ന് പ്രോത്സാഹനം നൽകിയ

ബാലേട്ടനും മക്കൾക്കും.......

അവതരണം

ഇലത്തുമ്പിലെ മഴത്തുള്ളിപോൽ കേരളീയത

നാടു വിട്ടു പാർക്കുന്ന കേരളീയരിൽ അവർ വസിക്കുന്ന പ്രദേശങ്ങളുടെ വർണ്ണചിത്രങ്ങളേക്കാൾ കേരളീയ ചിത്രങ്ങൾ സ്ഥിരവാസം ചെയ്യുന്നുണ്ട്. കൂടു വിട്ടു കൂടുകൂട്ടിയ മലയാളക്കവിക്കിളികളുടെ കൊക്കിൽ വള്ളുവനാടൻ നെല്ലും ഏറനാടൻ ശീലും ദേശിംഗ നാടും മൊഴിവഴക്കവും തെളിഞ്ഞു നിൽക്കാറുണ്ട്. പൊഞ്ഞാറ് അല്ലെങ്കിൽ വീട്ടാധിയാണ് മറുനാടൻ മല യാളകവികളുടെ ഊടും പാവും.

മഹാനഗരങ്ങളിലിരുന്ന് അവർ കേരളീയത അയ വിറക്കുന്നു. വേഗതകളിൽപ്പെട്ടുഴലുമ്പോഴും നിളയുടെ ലാസ്യത കൈവെടിയുന്നില്ല. വിഷപ്പുകയിൽ കുരുങ്ങു മ്പോഴും കേളികൊട്ടും തെയ്യക്കോലവും ചൂട്ടുപടയ ണിയും മറക്കുന്നില്ല. ചങ്ങമ്പുഴയും എൻ.വി. കൃഷ്ണ വാര്യരും എം.എൻ.പാലൂരും മറുനാടുകളിൽവസിച്ച് കേരളീയതയെ ആരാധിച്ചവരാണ്. ഇന്ദിരാബാലന്റെ കവിതകളിലും ഇലത്തുമ്പിലെ ജലമുത്തുപോലെ കേര ളീയത പ്രകാശിച്ചു നിൽക്കുന്നു.

ഏകാകിനിയായി സഞ്ചരിക്കുമ്പോഴും ഈ കവി മനസ്സിൽ ലാവണ്യതയുടെ പെരുങ്കളിയാട്ടം കുടിയിരു ത്തുന്നു. പകലിൽ ഉരുകിയൊലിക്കുമ്പോഴും കഥകളി രാവിന്റെ മുദ്രകളും ഗീതസംഗീതവും ഒപ്പം കൂട്ടുന്നു. നാലു ചുമരുകൾക്കുള്ളിൽ സ്വയം അടക്കപ്പെടുമ്പോഴും നിളയുടേയും ചന്ദ്രഗിരിയുടേയും ചൂർണ്ണിയുടേയും ഓർമക്കുളിരിൽ കുളിച്ചു പോകുന്നു.

അതുകൊണ്ടുതന്നെ ഇന്ദിരാബാലന്റെ കവിതകളിൽ അപ്പൂപ്പൻതാടിയുടെ ലാഘവത്വവും കയ്യോന്നിയുടെ മണവും ആലയുടെ ചൂടും ചായില്യവും ഉണ്ട്.

കവിതയുടെ പെരുവഴിയിൽ അലയുമ്പോൾ ഈ കവിയുടെ കണ്ണുകൾ നെല്ലും പതിരും ചേറിക്കൊഴിക്കുന്നു. കസവുകിനാക്കൾ തുന്നിയെടുക്കുന്നു. നിത്യകന്യകയെ തേടിയ മഹാകവിയെ ഹൃദയത്തിൽ പ്രതിഷ്ഠിക്കുന്നു. ഓണവില്ലടിക്കുന്ന പൊന്നോണരാവുകളെ വിരൽത്തുമ്പിൽ നിർത്തുന്നു. ഒപ്പം അട്ടഹാസത്തിന്റെ പെരുങ്കോലങ്ങളെയും കാണുന്നു.

ഒരു ചടങ്ങെന്നോണം ചലിക്കുന്ന നാഴികമണിയുടെ ശബ്ദവും നളചരിത തേങ്ങലുകളും പുലരി ശംഖും തിരിച്ചറിയുന്നു.

ഓട്ടിൻപുറത്തുനിന്നും ഭൂമിയുടെ ചുട്ടുപഴുത്ത പ്രതലത്തിലേക്ക് ഇറ്റുവീഴുന്ന പതിഞ്ഞ സംഗീതംപോലെയുള്ള നനുത്ത മഴയുടെ അഴകോടെ പ്രണയത്തെ ഈ കവി തിരിച്ചറിയുന്നു. ഒപ്പം ദഹനക്കേടിന്റെ വാക്കിൻ കഷണങ്ങളും കാട്ടിത്തരുന്നു.

ചെറുകവിതകൾ ഈ സമാഹാരത്തിന്റെ ആകർഷണീയതയാണ്. അവിടെ ഈ കവിഭാഷക്ക് ലിപിയും പുഴക്ക് ജലവും നൽകുന്നു. അക്ഷരച്ചിപ്പികളെ തേടി നടക്കുന്നു. കാക്കപ്പൂവുകളോട് കൗശലം പറയുന്നു. അതോടൊപ്പം തക്ഷകനായി അധീശത്വത്തിന്റെ മസ്തകത്തിൽ ആഞ്ഞുകൊത്താൻ ആഹ്വാനം ചെയ്യുന്നുമുണ്ട്. തക്ഷകനാകുമോ ഇനി നമ്മുടെ രക്ഷകൻ!

അടച്ചിട്ട മുറിയിലിരുന്ന് കവിത എഴുതുക മാത്രമല്ല ഈ കവയത്രി ചെയ്യുന്നത്. ബാംഗ്ലൂരിലെ കലാസാംസ്കാരിക പ്രവർത്തനങ്ങളിൽ ആവുംവിധം ഇടപെടുന്നുമുണ്ട്.

ഇന്ദിരാബാലന് കവിതയിലൂടെയുള്ള ദീർഘയാത്ര ആശംസിക്കുന്നു.

കുരീപ്പുഴ ശ്രീകുമാർ

ഉള്ളടക്കം

1.	അവൾ	1
2.	മണം	3
3.	സൂര്യഗായത്രികൾ	5
4.	സമയമാപിനി	6
5.	കവിത	8
6.	അച്ഛൻ പറഞ്ഞത്	9
7.	ശിൽപ്പി	11
8.	ധ്രുവനക്ഷത്രം.......	12
9.	യാത്ര	14
10.	പൊട്ടിച്ചിരികൾ	15
11.	വെളിച്ചം	16
12.	വെറുതെ	18
13.	വിജയഭേരി....	21
14.	സ്വപ്നം	23
15.	വിജനേ ബതമഹതി	25
16.	വളപ്പൊട്ടിന്റെ സംഗീതം	27
17.	രൗദ്രം	30

18.	മകൾ	32
19.	ഗംഗ	33
20.	ചുരുളഴിയാത്ത ഭൂപടം	32
21.	കെട്ടഴിഞ്ഞ പുസ്തകം	35
22.	ജീവിതവൈഖരി	37
23.	വിട	38
24.	പ്രണയം	40
25.	സീതായനം	42
26.	ജുഗൽബന്ദി	44
27.	ആഞ്ഞുകൊത്തുക	45
28.	നൂപുരധ്വനികൾ	46
29.	മറന്നില്ല	48
30.	ശിഷ്ടസംഖ്യ	49
31.	മൗനങ്ങൾ	50
32.	ഗ്രാമത്തിന്റെ മണം	51
33.	രാകിമിനുക്കുന്നു	52
34.	വെൺശംഖുകളെതിരഞ്ഞ്	53
35.	യാഗഭൂമി	54
36.	മറന്നുപോയപാട്ട്	56
37.	തൊട്ടിൽ	57
38.	കുചേലൻ	59
39.	വിഷമുള്ളുകൾ	61
40.	രൗദ്രമഴ	63
41.	നർത്തകി	65

42.	കണ്ണുകൾ	67
43.	കാവേരിയുടെവിളി	69
44.	പ്രയാണം	72
45.	സൂത്രധാരൻ	74
46.	വിരോധാഭാസം	76
47.	മഹാമൗനം	78
48.	അത്താണി	80
49.	ചോദ്യം	82
50.	വരകളും, ചിഹ്നങ്ങളും	83
51.	പ്രതിഷേധങ്ങളില്ലാതെ	84
52.	കാറ്റ് പുഴയോട്	85
53.	ഓംകാരം	91
54.	വഞ്ചി	93
55.	ദിവ്യമുരളിക	94
56.	ശിൽപ്പങ്ങൾ	95
57.	തുമ്പികൾ	97
58.	സ്വപ്നസൂര്യൻ	99
59.	ജീവന്റെ ശീലുകൾ	100
60.	മന്ദാരം	102
61.	ഭ്രാന്തർ	104
62.	ആശുപത്രി	106
63.	ശിവമയം	107
64.	രുദ്രതാളം	109

65. തേടിനടന്നു ഞാൻ 111
66. പാദസരം 113
67. വലക്കണ്ണികൾ 115
68. ഓണനിനവ് 116
69. സമവാക്യങ്ങൾ 117
70. നിറച്ചാർത്തുകൾ 118
71. സ്വരജതി 119
72. വാക്കുകൾ 122
73. ആന്ധ്യം 124
74. ഒറ്റത്തിരി 125
75. അഗ്നി 127
76. വൃത്തിശീല 129
77. സ്ത്രീ 131
78. പാഠപുസ്തകം 133
79. മൊഴി ചൊല്ലൽ 135
80. ഒറ്റച്ചെവിയൻ 139
81. അർദ്ധനാരീശ്വരം 141
82. എന്റെ കേരളം 144
83. മൗനം 148

1

അവൾ

പ്രഭാതത്തിൽ
കരിപ്പെട്ടിയിട്ട്
കാപ്പിതിളപ്പിക്കുമ്പോൾ
അവളുടെ
മനസ്സിന്റെ കണ്ണുകൾ
പറഞ്ഞതുകേൾക്കാതെ
അടുക്കളജാലകത്തിന്നപ്പുറം
മേഞ്ഞുനടന്നു
അപ്പൂപ്പൻതാടിയുടെ
ലാഘവത്വത്തോടെ...
ഉണർന്ന ആകാശം
പൊഴിക്കുന്ന വെള്ളിമേഘങ്ങളിൽ....
ഉരുക്കഴിച്ചുവരുന്ന
പൊൻവെയിൽ നാളങ്ങൾ
തൊട്ടുഴിഞ്ഞുവിടരുന്ന
പൂക്കളിൽ....
പൂക്കളെതേടുന്ന
ചിത്രവർണ്ണച്ചിറകുകളിൽ.....
ചാഞ്ചാടുന്ന ചില്ലകളിലെ
ചിക്കിമിനുക്കുകളിലും
വീശിപ്പറക്കലുകളിലും....

മറന്നുപോയൊരാ
മധുരവേണുഗാനങ്ങളിൽ....
അടുക്കളടാപ്പിനുകീഴിലുറങ്ങുന്ന
എച്ചിൽപ്പാത്രങ്ങളുടെ
കുന്നിനെമറന്നു
മുറ്റത്ത് പെരുത്ത് കിടക്കുന്ന
കരിയിലകൂട്ടങ്ങളേയും
മുക്കിൽതന്നെകാത്തിരിക്കുന്ന
മുഷിഞ്ഞ വിഴുപ്പുകളേയും
തിളച്ചുതൂവിയകട്ടൻകാപ്പിയിൽ
പാലുചേർക്കുമ്പോൾ
അവളെപ്പോലും
മറികടന്ന്
ഉള്ള് തുരന്ന്
കീറിപുറത്തേയ്ക്കു
ചാടാൻവെമ്പുന്നു
ഒരുകവിതക്കുഞ്ഞ്
കൊലവിളികൾനിറഞ്ഞ
പകലിനെ അർത്ഥങ്ങൾകൊണ്ട്
നിറക്കുവാൻ.....!

●

2

മണം

കയ്യൂന്നിയുടെമണം
നിറഞ്ഞുതൂവി
കിഴക്കേമുറിയിലെ
കാൽപ്പെട്ടിയിൽ
തട്ടുമ്പുറത്തെ
നെല്ലുണങ്ങുന്നമുറിയിൽ
ഇടനാഴിയിൽ ഇടതുവശം
ഓരം ചേർന്നു കിടക്കുന്ന
മഞ്ചപ്പുറത്ത്
ഇരുട്ടിലെകോണിച്ചുവട്ടിൽ
അടുക്കളയുടെകരിപിടിച്ച
വീതനത്തിണ്ണയിൽ
സഹചരാദിയിൽകുഴഞ്ഞ്
പശിമപോയമല്ലുമുണ്ടുകളിൽ
നടുമുറിയിലെ ഒറ്റവരിക്കട്ടിലിൽ
തൊടിയിലെ ചേമ്പിലതാളുകൾക്കരികിൽ
ശംഖുപുഷ്പങ്ങൾ
കയറിപ്പോകുന്നവേലിക്കരികിൽ
മൗനംപുതച്ച
രാത്രിയുടെ വായുവിൽ

കീറിമുറിക്കുന്ന
നോവിന്റെ ചീളുകളായി
ആ മണം പരന്നൊഴുകി
അത് അമ്മയുടെ
മണമായിരുന്നു അന്നൊരുനാൾ
ഞണ്ടുകൾ ഇറുക്കിക്കളഞ്ഞ
അമ്മയുടെ ....
ഇപ്പോൾതെക്കേതൊടിയിലെ
പൊന്തക്കാടുകൾക്കിടയിൽ
ഒന്നുമറിയാതെ
ഉറങ്ങുന്നഅമ്മയുടെ........!

3

സൂര്യഗായത്രികൾ

പുലരിമണിത്തേരിലേറിവരുന്നു
പ്രണയത്തിൻ ഇന്ദ്രജാലങ്ങളുരുക്കഴിച്ച്
ഋതുരാഗത്തിൻസ്വരബിന്ദുക്കളണിഞ്ഞ്
സൂര്യഗായത്രിതൻ അനുപല്ലവികൾ
കാലപ്രവേഗങ്ങളിൽ തുഴഞ്ഞെത്തുന്നു
അതിജീവനത്തിൻ വായ്ത്താരികൾ
നിറക്കൂട്ടുകൾ ചൊരിയുന്ന ചായില്യങ്ങളൊ
തൂവിപരത്തുന്നുവർണ്ണനിരാസങ്ങളെ
ഉണരുന്നിവിടെ പകതൻ കരുക്ഷേത്രങ്ങൾ
കോടാലിവെക്കുന്നുനിസ്വജന്മങ്ങളിൽ
ചോരതൻകടുംപച്ചഗന്ധം നുണഞ്ഞു
ഭീതിവിതച്ചുരസിക്കുന്നു അഹംബോധങ്ങൾ
കലാപങ്ങൾമാത്രം നേരംപോക്കുകളായി
അശാന്തിതൻസ്മാരകങ്ങൾപേറിനിൽക്കുന്നു
ചുവന്ന്, പഴുത്ത് വ്രണിതമായ് കിടക്കുമീ
നരഭൂവിലേക്കെങ്ങിനെയാനയിക്കും
സ്വാതന്ത്ര്യം തൂകിയെത്തുമീസൂര്യഗായത്രികളെ

●

4

സമയമാപിനി

കാലത്തിന്റെസമയമാപിനി
തിടുക്കത്തിലോടുകയാണ്
അന്ന്..... ചിരിക്കുന്നവെയിലുകൾക്ക്
തൂവലിന്റെനനുപ്പും, മിനുപ്പും, അഴകുമുണ്ടായിരുന്നു
ഇന്നോ, പഴുത്തുകിടക്കുന്ന
ആലയുടെ ചൂട്
വേവുന്ന പച്ചമാംസങ്ങളുടെ
കരിഞ്ഞ ചൂരുകൾ....
വെയിൽ താഴുമ്പോൾ
സ്വപ്നങ്ങൾക്ക് ചിറകനക്കിയിരുന്ന
തണുത്തകാറ്റിനെകാണാറേയില്ല.....
വിഷുപ്പക്ഷിപാടിയിരുന്ന
വസന്തഋതുക്കളും കടലാഴങ്ങളിൽ....
ഇരുളിന്റെമറവിൽ
തുപ്പുന്നകാറ്റിന് ചോരയുടെമണം
കനവിന്റെസൗഗന്ധികങ്ങളെ
കടിച്ചുകീറുന്നകരിമ്പൂച്ചകളുടെ
നിണമുതിർക്കുന്നരംഗഭാഷ്യങ്ങളുടെ
ഒഴിയാപ്രവാഹം!
ഇപ്പോൾ, വാടിയ സന്ധ്യകളും,

വക്കുപൊട്ടിയചിരികളും
കരിഞ്ചേലവാരിചുറ്റിയരാത്രികളും
കരിഞ്ഞപൂക്കളും, കടന്നൽഗീതങ്ങളും
മുടിത്തെയ്യങ്ങളുടെ
പെരുമഴതോറ്റങ്ങളുംമാത്രം

ലോകമോ, വാർദ്ധക്യത്തിന്റെ
കമ്പിളിപ്പുതപ്പിനുള്ളിൽ
ഒന്നുമറിയാതെ അറിയാത്തതുപോലെ
കണ്ണടച്ചിരിക്കുന്നു
ഈ നോവുകളുടെകെട്ടഴിക്കുവാൻ
വെൺപിറാവുകളെ
നിങ്ങളെവിടെയാണ്?

●

5

കവിത

വർത്തമാനത്തിന്റെ കവിത
അലങ്കാരങ്ങളുടേയും
കൽപ്പനകളുടേയും
രൂപകങ്ങളുടേയും ഭാരങ്ങൾ
കുടഞ്ഞെറിഞ്ഞ് നഗ്നപാദയായി
ആശയത്തിന്റെ കനം
മാത്രംതോളിലേന്തി
നാട്യങ്ങളുടെ ജാടകളില്ലാതെ
ജീവിത സമസ്യകളുടെ
രേഖാചിത്രങ്ങളുമായി
വലിയലോകത്തെ
അടയാളപ്പെടുത്തി
കാറ്റിൽ പറന്നുനടക്കുന്നു!

●

6

അച്ഛൻ പറഞ്ഞത്

ഭീതിതൻ പെരുമ്പാമ്പുകൾ
ചുറ്റിവരിഞ്ഞൊരുരാവിൽ
മൃതസഞ്ജീവനിയായണയുന്നിതാരേ
മായ്ക്കാത്ത കാലത്തിൻകളിയച്ഛനോ
ചുട്ടുപൊള്ളുമീജീവിതതിക്തമേറെ
കുടിച്ചവശയായൊരീമകൾക്കിത്തിരി
പ്രാണവായുവിറ്റുവാൻ വന്നതോതാതൻ
ശ്രുതിലയവിന്യാസങ്ങളില്ലിവിടെ
സ്നേഹക്കൂട്ടിൻനറുംതേനുമില്ല
അവശേഷിപ്പതീപാഴ്മഞ്ഞേറ്റു
വിറച്ചപാട്ടിന്നപസ്വരങ്ങൾമാത്രം
ഇരുൾസർപ്പങ്ങൾ ചീറ്റിനിൽക്കുന്ന
നേരത്തു കേട്ടേൻ ആർദ്രമാമൊരുസ്വരം
പഠിച്ചുവോമകളെനീജീവിതനിലങ്ങളിൽ
പോരാട്ടത്തിൻ അർത്ഥശാസ്ത്രങ്ങൾ
ഇടറിയോമറുമൊഴിചൊല്ലിയോ
കലങ്ങിയോമിഴിയിണകൾ
വായിക്കാതെപ്പോയോരു
പുസ്തകത്തിൻതാളുകളായിവൾ
മൂകഗംഭീരമാംഘനനിമിഷങ്ങൾ
മുന്നിലൂടൊരുമിന്നലായ് വീശി

ചേറിക്കൊഴിച്ചുനെല്ലുംപതിരും
തമോപൂർണ്ണമീപാതമാത്രംബാക്കി
കഴിഞ്ഞുകാലത്തിൻപാതിയും
കള്ളച്ചൂതുകളെയെറിഞ്ഞുതോൽപ്പിക്കുക
ഭിക്ഷയാണീബാക്കിപത്രവും
മകളെനീയിതു ഊതിത്തെളിച്ചു
മണിവിളക്കാക്കീടേണമെന്ന് ചൊല്ലി
പകലിൻശിരോവസ്ത്രമീപ്രകൃതി
അണിയുന്നനേരത്തെൻസ്വപ്ന
രഥ്യതൻപടികളിറങ്ങിപ്പോയി
ആകുലമാനസനായച്ഛൻ....!

●

7

ശിൽപ്പി

ഇവിടെയൊരുസന്ധ്യപൂത്തൊഴിയുമ്പോൾ
നിവരുന്നുരാവിൻകനത്തകരിമ്പടങ്ങൾ
തല്ലിക്കെടുത്തിയകസവുകിനാക്കൾനിദ്ര-
വിട്ടെഴുന്നേറ്റെതിരേൽക്കുന്നു ഏഴുരഥങ്ങളിൽ
പൂട്ടിയസ്വർണ്ണക്കുതിരകളുമായെഴുന്നള്ളുന്ന
ശിൽപ്പിയെ
മുനതേഞ്ഞുമുറിഞ്ഞുപോയവാക്കുകൾ മൂർച്ചകൂട്ടി
ചൊല്ലിമുറുക്കുന്നു താരും താരയും ചേർന്നകവിതകൾ
പുലരിവെയിലിൻ പൊന്നൊളിനാളങ്ങൾതൻ
ചുംബനമേറ്റുചിരിക്കും ചിറകുകൾ ചിക്കിമിനുക്കി
വീശിപറക്കുന്നിതാമനസ്സിന്നാകാശമുറ്റത്ത്
പ്രതീക്ഷകൊറിക്കുംകൊച്ചരിപ്രാവുകൾ നിത്യവും
തിരഞ്ഞുപോവുക ആഴത്തിൻ തെളിനീരുറവകളെ
എന്നാരോമന്ത്രിക്കുംപോൽ പ്രതിധ്വനിപ്പൂ
വാക്കിൻശംഖൊലികൾ മണ്ണിന്നടരിൽ നിന്നും

ഇരുട്ടിൻ വിരലിലമർന്നു വക്കുപൊട്ടിയവാക്കുകൾ
ഉയിർത്തെഴുന്നേറ്റു പാടുന്നുവീണ്ടുമേഴുകടലിന്റെ
ആഴങ്ങളിലമർന്നുപോയനോവിൻ സ്വരസ്ഥാനങ്ങൾ
എറിഞ്ഞുതരികയകക്കാഴ്ചയിൽനിന്നുമറിവിൻ
ധാന്യമണികൾ
കൊറിക്കട്ടെ ഉയിരിൻ സംഗീതമൂറിത്തെളിയുന്ന
വെളിച്ചം കുടയുന്ന ഭൂമിയേയും!

●

8

ധ്രുവനക്ഷത്രം.......

കാലത്തിൻകുടകണ്ണുപൂട്ടിയെങ്കിലും
ഞാറ്റുവേലപോലെ തുടിച്ചാർക്കുന്നു
കവിയച്ഛന്റെ തൂലിക പകർന്നകാവ്യഗാഥകൾ
നിളാനദിപോലൊഴുകുന്നുഹൃദയത്തിൽ
നിത്യകന്യകയെത്തേടിനടന്നവസന്തങ്ങൾ
മഹാപാദധൂളികൾനമിച്ചയവിറക്കുന്നു
ഉഷസ്സിൽമലരുകളിന്നുമാകാവ്യ
വൈഭവത്തിൻസർഗ്ഗജാലങ്ങളോരോന്നായ്
വന്നുപറയുന്നുതെന്നൽകുറിപ്പുകൾ
പാടുകപാടുകകവിയച്ഛൻതോറ്റി-
യുണർത്തിയമാനവഗീതങ്ങൾ
ഒഴുകിനീലനീരദചാർത്തുകളിൽനിന്നും
സ്ഫടികരാഗത്തിൻനിലാവഴകുകൾ
രഥോൽസവത്തിൻചക്രങ്ങൾതിരിച്ചു
ചിത്രവർണ്ണാങ്കിതസ്വപ്നങ്ങളൊരുക്കി
കുടഞ്ഞിട്ടുകാവ്യമധുവിൻസ്നേഹക്ഷരങ്ങൾ
കളിയച്ഛനുംകവിയച്ഛനും ഇരുന്നരുളി
പകർന്നാടിയമാനുഷവേഷഭാവത്തിൽ
നിന്നുയിർക്കൊണ്ടുപുതിയൊരുകടൽകാവ്യം
രാഷ്ട്രത്തിൻനരബലിയേറ്റുവാങ്ങി
നടന്നുനീങ്ങിസർവ്വസാക്ഷിയായ്

കുറ്റബോധത്തിൻനീതിശാസ്ത്രങ്ങൾ
ശിരസ്സിലേറ്റിഅവധൂതനെപ്പോൽ
നിസ്സംഗനായെങ്കിലുംനിറഞ്ഞുതുളുമ്പി
തൂലികത്തുമ്പിൽസരസ്വതീയാമങ്ങൾ
ആദർശ്ശമണ്ഡലസൗരയൂഥത്തിൻ
സൂര്യനായ് നിന്നുവെളിച്ചത്തിൻസ്വാതന്ത്ര്യം
തൂകിനിന്നബാപ്പുജിതൻമെതിയടികളെ
പാടിസ്തുതിച്ചമഹാകവേ....
വിണ്ണിൽമിഴിതുറക്കും ധ്രുവനക്ഷത്രംപോൽ
ജ്വലിച്ചുനിൽപ്പൂഇന്ദ്രധനുസ്സൊളിചിതറിയ
കാവ്യസൂമങ്ങളിന്നുമീകാവ്യാരാമത്തിൽ
നിറവുംമണവുംതൂകിയനുദിനം
ജീവിതാക്ഷരങ്ങളിൽകലരുന്നു
സൂര്യശോഭപകർന്നവായ്ത്താരികൾ
പൂപ്പൊലിപ്പാട്ടിലാർത്തുകുളിച്ചു
ഒളിച്ചുപൂക്കളംതീർത്ത
കാവ്യപുലർവേളകളിന്നും
തൊട്ടുണർത്തുന്നുമലനാടിനെ
ആർത്തലയ്ക്കുന്നതിരകളിലൊരു
ചെറുതോണിയായ് മന്ദംതുഴഞ്ഞെത്തുന്ന
പ്രഭാതങ്ങളിന്നുംനെയ്തെടുക്കുന്നു
ചന്ദനകാവ്യമലരുകളാൽ
സ്മൃതിമണ്ഡപങ്ങൾ!

●

9

യാത്ര

വിഷംപുരട്ടിയവാക്കുകൾകുടഞ്ഞെറിഞ്ഞ്
അസ്വസ്ഥതയുടെവിത്തുപാകുമ്പോൾ
ഇരുമ്പുദണ്ഡുകൾപഴുത്തുകിടക്കുന്ന
ഓർമ്മയുടെപാളങ്ങൾ മുറിച്ചുകടന്നു
കറുത്തമഷിതെറിപ്പിച്ച്
അലങ്കോലയാക്കാൻ ആഞ്ഞപ്പോൾ
വെള്ളിനിലാവിന്റെ തൂവലുകളാൽ ഒപ്പിയെടുത്തു
രക്തക്കുഴലുകൾവലിഞ്ഞുമുറുകി
കാളിമ അഴിച്ചുവിടാൻ
തുനിയുമ്പോഴും.... ഉള്ളിലൊളിയുന്നഭീരുതയുടെ
നിഴലാട്ടം.....
കാണാക്കാഴ്ച്ചകളുടെ കണക്കുകൾനിരത്തി
വാക്കിന്റെതീക്കൊള്ളികളെറിഞ്ഞ്
ചുട്ടുപൊള്ളിക്കുമ്പോഴും പതറിയില്ല
അസ്വാതന്ത്ര്യത്തിന്റെ മനം പുരട്ടലുകളിൽനിന്നും
യാത്രതുടർന്നു
താൻ വിരിച്ചിട്ടക്ഷീരപഥങ്ങളിലേക്ക്
ഉറച്ചകാൽവെയ്പ്പുകളോടെ

●

10

പൊട്ടിച്ചിരികൾ

ഉച്ചവെയിലൊഴിഞ്ഞുകുന്നിറങ്ങിവരുവതാരെ
വേനൽമഴതൻതകിലുതാളമോ
നോവിൻകനമൊഴിഞ്ഞുനീലാകാശ
മുറ്റത്തുനിറയുന്നുചില്ലുകവാടം
പതിയെതുറന്നീശലഭമഴകൾ
ഒട്ടുമേനോവിക്കാതെഭൂമിതൻ
ചെവിയിൽകോരിവിളമ്പുന്നു
അമൃതവർഷിണിതൻമന്ദ്രധ്വനികൾ
കാരണവരെപ്പോലിടക്കെത്തിനോക്കി
പത്തായംതുറന്നൊച്ചയനക്കുന്നിടിമിന്നലുകൾ
മണ്ണിൻമാറിൽനിന്നുയർന്നസുഗന്ധത്തിൽ
നീന്തിത്തുടിക്കുന്നിതാ അക്ഷരത്തുള്ളികൾ
മിഴിയടക്കാതെകാലപ്പകർച്ചതൻ
കാവലാളായൊതുങ്ങിനിൽക്കുന്നു
കാർമുകിലിലൊളിച്ചസൂര്യനും
കൈകൾകോർത്തോടിവരുന്നു
രാവുംപകലുമെന്നപോലെ
വെയിലുംമഴയുംപൊട്ടിച്ചിരിച്ചിങ്ങനെ

●

11

വെളിച്ചം

വരണ്ടുണങ്ങുന്നഭൂമിയെകണ്ടാ
കുലാർദ്രംനിറയുന്നുമിഴികൾ
വളരുന്നനുദിനവുംഹൃത്തടത്തിൽ
ഇരുൾമൂടിയചിതൽതിന്നസ്വപ്നങ്ങളും
ഇടക്കെത്തിനോക്കുന്നു, ഇരുളിൽ
വെളിച്ചമെന്നപോലൊരുകാട്ടുപൂവിൻ
ദൈന്യതയേറിയമന്ദഹാസവും!
ചിരിതൻനേർത്തപ്രകാശത്തെ
തല്ലിക്കെടുത്താൻവെമ്പൽപൂണ്ടരികെ
നിൽപ്പൂധാർഷ്ട്യത്തിൻമുള്ളിൻപൂക്കളും
അഹങ്കാരധാടിയിൽനിന്നാക്രോശിപ്പൂയവ
അന്ധതവരിക്കട്ടെഹൃദയസരസ്സുകൾ
അരുതിവിടെചിരിതൻനേർത്തപ്രകാശവും
ചെറുതിരിതെളിക്കുംചിരാതിൻവെളിച്ചവും
ഉയരുന്നുവെൺവാക്കുകളെതകർക്കും
വിലക്കിൻകനത്തമതിലുകൾ!
ഭൂമിതൻചലനങ്ങൾനോക്കിമാറിയിരിപ്പൂ
നിലാകാശക്കോണിലൊരുതാരകയും!
കനലിൽവീണുടഞ്ഞുപൊള്ളിയസ്വപ്നങ്ങൾ
പുനർജ്ജനിച്ചുരുവിടുന്നു...ഒഴുക്കുമിവിടെ
നറുംവെളിച്ചത്തിൻവാക്കിൻവീചികൾ

പ്രകാശധോരണികളായിഅലയടിക്കും
ഞങ്ങൾദിങ്മുഖങ്ങളിലാകവെ...
നിറയട്ടെഉൺമതൻഅരുണോദയങ്ങൾ
അറിവിൻപൊന്നൊളിവീശുംകതിരുകളായി...
തല്ലിക്കെടുത്താനകില്ലീയനന്തമാം
വെളിച്ചത്തിൻകൽവിളക്കുകളെ....!
അറിയുകഇരുൾമാത്രമല്ലീജീവിതം
ഇരുളിൽകലർന്നുയിർക്കൊണ്ടുവരുന്നു
വെളിച്ചത്തിൻദീപ്തമാംനവകേസരങ്ങളും!

●

12

വെറുതെ

മനസ്സിൻ വിഹായസ്സുതുറന്നക
ത്തേക്കാനയിക്കുക
വെൺമേഘപാടത്തു പൂത്തുനിൽക്കും
സൂര്യകാന്തികളെ
ഓണവില്ലടിച്ചിതാ വരുന്നു
പൊന്നോണ നാളുകൾ
പൊയ്പോയ കാലത്തെ
തോറ്റി, തുയിലുണർത്തുവാൻ
ഓർമ്മകൾ മുറ്റത്ത്
ചാണകമെഴുകുമ്പോളറിയുന്നു
മണ്ണിൻ സുഗന്ധമടർന്നു
മുറ്റമെല്ലാമകലെയായെന്നും
പൂവേ പൊലിപാടിയാർത്തുല്ലസിച്ചു
ചിരിക്കും ഉണ്ണിക്കിടാങ്ങളൊ
കാണാക്കാഴ്ചകളായി
നേരമില്ലത്രെ, മൊഴിയുന്നു
വേലിപടർപ്പിലെ രാപ്പൂക്കളും
നേരമില്ലിവിടെ കാലത്തിൻ
ചിന്തുകൾ പാടി നടക്കാനാർക്കും
ഉണ്ണികളെല്ലാം വീടിൻചതുര
ക്കളങ്ങൾക്കുള്ളിലൊതുങ്ങുന്നു

വിരൽ തുമ്പൊന്നമർത്തിയാൽ
തുറക്കും ലോകത്തിൻ പടികളിലായ്
സ്മാർട്ട് ഫോണിന്നകത്തളങ്ങളിൽ
നിറയുന്നു കാണാത്തതെന്തും
പിന്നെന്തിനീ നരച്ച വെയിലും
കൊണ്ടു നടക്കേണ്ടു ഞങ്ങൾ?
ചോദ്യങ്ങളൊരായിരം
കാതുകളിൽ വന്നു തറയ്ക്കവേ
ഉത്തരമില്ലാതെ കുഴയുന്നു
വീടിന്നുത്തരത്തിലിരുന്നീ
ചോദ്യങ്ങളും......
കാലം തെറ്റിയുണരും കാഴ്ചകൾ
കണ്ടു മൗനികളാകുക
അല്ലാതെന്തു ചൊല്ലേണ്ടു
കാഴ്ചകൾ മങ്ങുന്ന വേളകളിൽ
മുക്കുറ്റി തുമ്പകളെല്ലാം
പൂമേളകളിലിരുന്നു വിങ്ങുന്നു
വിട്ടയക്കുക പൂക്കളെയെങ്കിലും
സ്വാതന്ത്ര്യത്തിൻ മണ്ണിലേക്കായ്
കൊടിമുടി സ്വപ്നങ്ങൾ
പാകിയ കാലത്തെ സാരഥിയുമിതാ
കുടയും കുടവയറുമായി നീങ്ങുന്നു
വെറുമൊരു നർമ്മക്കാഴ്ച്ചയായി
അറിവിൻ ശിലയെന്ന് നിനച്ച്
നിവരുന്നതെവിടേക്കീ ഗോപുരങ്ങൾ
അടിത്തറയില്ലാതെയാടിയാടി
നിലതെറ്റി വീഴുവാനോ?

സ്വാതന്ത്ര്യമില്ലിവിടെ
പറയുവാൻ പാടുവാൻ
കുറിക്കുവാൻ ചിന്തിക്കുവാൻ
പിന്നെങ്ങിനെ പുലരുമൊരു

സമത്വസുന്ദരഭാവത്തിൻ ലോകവും?
വെറുതെ അകമിഴിയൊന്നു തുറക്കുക
അതിലേക്കാനയിക്കാം നമുക്കീ
വെൺമേഘപാടത്തുണരുന്ന പൂക്കളേയും

സമത്വലോകത്തിൻ സ്വപ്നങ്ങളെയും.....!

●

13

വിജയഭേരി....

മധുമാസവർഷഗീതമെൻ ചെവിയിൽ മൂളുന്നിതാ
പുതിയൊരീണത്തിൽ പൊതിഞ്ഞ പാട്ടുകൾ
വെള്ളിയുരുക്കിയൊഴിച്ചതു പോലെയീ രാവും
നിന്നു തുടിക്കുന്നു ധനുമാസച്ചന്ദ്രനെപ്പോലെ
വിണ്ണിൽ നിരത്തി കൊരുത്തിട്ട താരകാരാജിയും
ആകാശത്തിൻ കവിത ചമച്ചു നിൽപ്പൂ സഹർഷം
ചിറകുകളിങ്ങനെ പറന്നുയരുമ്പോൾ കാണുന്നു
അട്ടഹാസത്തിൻ പെരുങ്കോലങ്ങൾ തന്നാട്ടങ്ങൾ
അധർമ്മത്തിൻ ഹുങ്കാരങ്ങൾ തിമിർക്കുന്നിവിടെ
രാവിൻ മറയിൽ തുപ്പുന്നു ചോരക്കാറ്റുകളും
അരിഞ്ഞുമാറ്റുന്നു സ്വാതന്ത്ര്യത്തിൻ ചിറകുകളെ
കെടുത്തുന്നു അറിവിൻ ബോധവെളിച്ചങ്ങളേയും
ഉയരുന്നിവിടെ അനീതി തൻ ചാട്ടവാറുകൾ
മൗനം പുതച്ചു നിരായുധരായ് നീതിപീഠങ്ങളും
പെറ്റുപെരുകുന്നു പീഡനങ്ങളരുംകൊലകൾ
ഹനിച്ചീടുക മദിച്ചുവാഴും മഹിഷാസുരൻമാരെ
ചോര മണക്കുന്നിടങ്ങൾ മാത്രം തഴച്ചുവളരുന്നു
ലളിതേ സുഭഗേ പരിചൊടുണർന്നു ചന്ദ്രച്ചാറിൽ
മുക്കിയെടുത്തണച്ചു കൊടുംപാപത്തെയകറ്റുക
ഉണരും സരസ്വതി മുറ്റത്തുനിറയും പിഞ്ചുപാദ-
ങ്ങൾക്കു കരുത്തേകുക ശക്തിമന്ത്രങ്ങളാൽ

ആത്മധ്യാനത്തിൽ മീലിതനേത്രരായിരുന്നു
ഉരുക്കഴിക്കുക ധർമ്മത്തിൻ ഗായത്രികൾ
പുലരിസന്ധ്യതൻ നിറുകയിലണിയേണമിനി
പുതിയൊരു കുങ്കുമചാർത്തിൻ വിജയഭേരികൾ

●

14

സ്വപ്നം

കനകാംഗുലികൾനീട്ടി ഉഷസ്സ്
മൃദുവായിതൊട്ടുണർത്തിയപ്പോൾ
ഉള്ളിൽകാണാനാഗ്രഹിച്ചുകൈവന്ന
ഒരുകനകക്കിനാവിന്റെനോവ്
നീറിപ്പടർന്നു....
എങ്ങുനിന്നോവന്ന് എവിടേക്കന്നില്ലാതെ
പോവുന്നമഴമേഘത്തിൽമറഞ്ഞിരുന്ന്
നീയെന്റെയരികിലണഞ്ഞത് എന്തിനായിരുന്നു?
തലയ്ക്കുമുകളിൽജ്വലിക്കുന്ന
ഗ്രീഷ്മഋതുവിന്റെ ഉഗ്രതാപങ്ങളിൽ
വെന്തുലഞ്ഞമനസ്സിന്
ഒരുപൊൻകുടംനിറയെ
കുളിർനീരുമായിനീയെത്തിയില്ലേ?
ഞാനോ ഗോപികയായി
മുളന്തണ്ടിലൊഴുകുന്നരാഗസുധയുടെ
മർമ്മരങ്ങൾ എന്റെ
കാൽച്ചിലമ്പൊലികളിലുണർന്നു
കാതുകൾ ആമധുരനാദത്തെ
തിരഞ്ഞലഞ്ഞു
ഒരുവർണ്ണശലഭമായികാറ്റിൽ
കുണുങ്ങിനിൽക്കുന്ന

പനിനീർപൂവിലെമധുതേടി
സൗന്ദര്യത്തിന്റെ സപ്തഭാവങ്ങളുമായി
ഒഴുകിയസ്വപ്നത്തിന്റെ ചാരുത
ഞാനാവോളംനുകർന്നു
രുചിഭേദങ്ങളിലെനനവുതിരിച്ചറിഞ്ഞു
ശോണിമയിലലിഞ്ഞസാന്ധ്യരാഗം
വിരഹപല്ലവിമൂളിയടുത്തു
രാവിന്റെനാന്ദിയിൽനക്ഷത്രപ്പൊട്ടുകളെ
കൂട്ടുപിടിച്ച്നീനീലനഭസ്സിന്റെ
അന്തരാളങ്ങളിലേക്ക് തെന്നിയകലവെ
ഒരുഷസ്സുകൂടിജന്മംകൊള്ളുകയായിരുന്നു!

●

15

വിജനേ ബതമഹതി

തളർച്ചയുടെ കരിമ്പാറതുങ്ങിയ
കൺപോളകളുമായിമയങ്ങവെ
അകമേജീവിതത്തിന്റെ കടുന്തുടി
കൊട്ടിക്കൊണ്ടിരുന്നു

ഒരു ചടങ്ങെന്നോണം ചലിക്കുന്ന
നാഴികമണിയുടെ ശബ്ദം നിശ്ശബ്ദതയുടെ
നെഞ്ചിലാഴ്ന്നിറങ്ങി
തുറന്നിട്ടജാലകപ്പാളിയിലൂടെ
വിരൽനീട്ടിയ
ഇളംകാറ്റിന്റെ നേർത്തശീതളസ്പർശം
മെല്ലെവന്നുതലോടി
ഒരുസാന്ത്വനംപോലെ

മൂവന്തിനേരത്ത് സാന്ധ്യവിളക്കിന്റെ
ശോഭപോലുമില്ലാതെ മനസ്സ്
കനത്തുതന്നെകിടന്നു
സ്മൃതിപഥത്തിന്റെ കൊട്ടിയടച്ച
വാതിലുകൾമനോമുകുരത്തിന്റെ
കൈകൾമെല്ലെതുറന്നു
നിനവുകളിൽ അകലെതിളങ്ങിയ
രംഗസൗരഭങ്ങളുടെപരിവേഷം

മങ്ങലേറ്റകണ്ണിൽകാലംമറനീക്കിയാടി
ദീപ്തമായകളിവിളക്കിന്റെ മുന്നിലാടിയ
കഥാനായകന്റെകച്ചയഴിക്കുമ്പോൾ
ഒരുവിങ്ങലായ്, തേങ്ങലായ് അണയുന്ന
സഖിയുടെമനോജ്ഞരൂപം

തേടി, അഞ്ജനംചാർത്തിയമിഴികളുടെതിളക്കത്തെ
ഉന്മത്തനെപ്പോൽ ഉഴറീ ആനാദധാരയ്ക്കായ്
ചലിക്കാതെ മിടിക്കാതെ മെല്ലെതോടിയിലുണർന്നു
“വിജനേബതമഹതി” ശോകനാശിനിയിലിറങ്ങി
ഏറെനേരം പ്രണമിച്ചു
ഒടുവിൽകേട്ടവാക്കിന്നഗ്നിയിലുരുകി
തരിവളക്കിലുക്കത്തിന്റെ പൊട്ടിച്ചിരി
ചിന്നിച്ചിതറീ.....
ചുണ്ടപ്പൂവിട്ടോരിതളിലെയ്തപൂവമ്പിന്റെ
മണംമാഞ്ഞുപോയി

വിജനകാന്താരേവെടിഞ്ഞകാന്തയെ
ഓർത്തുകേണുനിഷധേശ്വരൻ
ജീവിതയരങ്ങിൽ ഏകനായ്

ഒരുകുറികൂടികാൺമാനായ് തുടിച്ചു
“ഇന്ദുസാമ്യരുചിമുഖം”
ചരൽക്കല്ലുകൾകൊണ്ടുപോറി
മനസ്സിൻവാതായനങ്ങൾ
ജീവിതത്തിന്നർത്ഥസൗഭഗം
ഒരുപിടിചാരമായ്
സ്ഥായിയായ്ശോകം
കാതരയായൊഴുകുന്നപുഴ
നീണ്ടകരങ്ങളാൽസാന്ത്വനിപ്പിക്കാനാഞ്ഞനേരം
കേട്ടതും “വിജനേബതമഹതി”

●

16

വളപ്പൊട്ടിന്റെ സംഗീതം

രഥചക്രങ്ങളുരുണ്ട
പടിയിറക്കത്തിൻചരിത്രം
കുറിച്ചുന്മാദത്തോടെ
പാതിരാവിലുണർന്നു
പൊട്ടിച്ചിരിപ്പൂ
വളപ്പൊട്ടുകൾ
മണ്ണെണ്ണതിരിയിൽ
മഷിമുക്കി, കണ്ണിമചിമ്മാതെ
പൊട്ടിയ സ്വപ്നങ്ങൾ
ചേർത്തുവെച്ചു, ശുഭ
പ്രതീക്ഷതൻമാലകോർത്തു
പുലരിശംഖിലുദിക്കുന്ന
പുതിയസ്വപ്നത്തിൻ
കഴുത്തിൽചാർത്തുവാൻ
ഗതകാലത്തിൻനിഴലിലമർന്ന
കനവിനെയോർത്ത്
വിണ്ടുകീറിയവ്രണങ്ങളിലമർന്ന്
പൊട്ടിച്ചിരിപ്പൂവീണ്ടുമീ
വളപ്പൊട്ടുകൾ......
വിഷംതീണ്ടാത്തകാലത്തിൻ
പടവിൽനിന്നുംതെന്നിയകന്ന്

സ്നേഹനിരാസത്തിൻ
പത്തിയിലമർന്ന്
തിരസ്കൃതകനലുംപേറി
വിജയത്തിന്നരങ്ങിലെ
കളിക്കോപ്പഴിച്ചുവെച്ചു
യാത്രതിരിച്ചു, സാന്ധ്യ
രാഗവുമണിഞ്ഞ്
കടൽസാക്ഷിയായ്.....
ദാഹംതീർത്തതണ്ണീർത്തടങ്ങൾ
പുസ്തകതാളിന്നിടയിലൊളിപ്പിച്ച

മയിൽപ്പീലിത്തുണ്ടുകൾ
സ്വപ്നങ്ങൾക്ക് നിറംചാലിച്ച
ഇരട്ടിമധുരങ്ങൾ
നിറഭേദങ്ങൾതൻമഞ്ചാടികൾ
മാലകോർത്തവളപ്പൊട്ടുകളെല്ലാം
അഗ്നിനാവുകൾക്കന്നമായതും
വെയിൽപ്പക്ഷിയായ് ദേശാന്തര
ങ്ങളിലലഞ്ഞുപറന്നതും
പൊട്ടിയൊലിച്ചുതീർക്കുന്നു
നോവിൻകടലാഴങ്ങൾ.....
കടലിൻമഹാമൗനത്തിൻ
വാല്മീകത്തിലടയിരുന്ന്
തൊട്ടുണർത്തുന്നു
ജീവനത്തുടിപ്പിൻസ്വരപല്ലവികൾ
ആത്മതമസ്സകറ്റിസരസ്വതീ
യാമങ്ങളിലുണർന്നുകുറിച്ചിട്ട
സംക്രമഗീതങ്ങൾ....

കാലത്തിൻ ഗതിവേഗങ്ങൾ
തുഴഞ്ഞെത്തിനിൽപ്പുപാതിവഴിയിൽ
തിരയടിച്ചാർത്തെത്തുന്നുപേർത്തും
വളപ്പൊട്ടിൻമൂകരാഗങ്ങളും
ശിലാമൗനങ്ങളിൽതളച്ചിട്ടവാക്കുകളും...
രാഗവിരാഗത്തിൻപെരുക്കങ്ങളി
ലർദ്ധയാമങ്ങളിൽകടുന്തുടി
യിലുണർന്നരുദ്രനടനത്തിൽ
തീയെരിഞ്ഞഫാലനേത്രങ്ങളും
വെയിൽകുടിച്ചുതളർന്ന
പകലുകളും, വിസ്മൃതിയിലാണ്ട
സ്വപ്നത്തിൻ ചിറകനക്കങ്ങളും
ചിക്കിയുണരുമ്പോൾ
അനുഗമിച്ചെത്തുന്നു ഉന്മാദ
ത്തിൻപൊട്ടിച്ചിരിയായ്
വളപ്പൊട്ടിൻഭ്രാന്തമാം
കിലുക്കങ്ങൾ വാഗ്സ്ഥലികളായ്.......

17

രൗദ്രം

വാനിലമ്പിളിതൂവുന്നമഷിയിൽ
വിരൽമുക്കിവിരചിപ്പുചിത്രങ്ങൾ
നരകഗാഥകൾ പാടുന്നകാലമിതു
പാടുന്നുകണ്ണകിതൻവ്യഥിതഗീതവും
ഇരുളലകൾ ചാഞ്ഞുകിടക്കുന്നനേരത്തു
കേട്ടേൻ ആ ഒറ്റച്ചിലമ്പിൻനാദം
അഴകേറും ഇരുൾചുരുളലകൾ ചിതറി
വിശ്ലഥഗാത്രിയായ്നിൽപ്പവൾ
ശ്രാവണപൗർണ്ണമിയിൽവിശ്വത്തിൻ
മാറിലെചൂടിൽവിരിഞ്ഞോരമ്പിളിമലരെ
എരിയുന്നുവോകരളിൽ കനൽക്കട്ടകൾ
കനക്കുന്നുവോസിരകളിൽകാമനകൾ
ത്രിഭുവനങ്ങൾദഹിപ്പിക്കുവാൻ
ദാഹാർത്തയായ് വിരാട്സ്വരൂപമായ്
ചിദാകാശംവിട്ടുനീപ്രതികാര
ദുർഗ്ഗയായ് നിൽപ്പതീഭൂവിൽ
അധികാരപ്രമത്തതതൻദുർ
വീര്യങ്ങൾനിഷ്ക്കരുണംനിഹനം
ചെയ്തിവൾതൻഹൃദയപാതിയെ
രക്തസാക്ഷിപട്ടം ചാർത്തി
ഉലകത്തിൻനെഞ്ചിലേക്കെറിഞ്ഞു
ചുടുചോരചീന്തി.....

ജ്വലിപ്പുകോപതാപാദികൾ
നിർഗ്ഗമിപ്പൂ ആകാശസീമയിൽ
പ്രണവനിശ്വാസഗന്ധങ്ങൾ
ഒറ്റച്ചിലമ്പിൻഹുംങ്കാരത്തിൻ
ഉഗ്രശപഥത്തിൻവെള്ളിടിവെട്ടി
ചീറിത്തെറിപ്പുഅഗ്നിജ്വാലകൾ
ഒറ്റമുലച്ചിയായവൾകണ്ണകി
സ്ത്രീശക്തിതന്നാതപവീര്യത്തിൽ
വെന്തടങ്ങിമധുരാപുരിയും
സ്ത്രീസ്വത്വത്തിൻശക്തിസ്വരൂപിണിയായവൾ
നേടിയെടുത്തുപുതുസ്വാതന്ത്ര്യഗീതവും
ദുരിതക്കയത്തിലാണ്ടുകിടക്കുന്ന
പതിതർക്കമ്മയായ് ആദിമാതാവായി
വാഴുന്നിവൾവിരഹത്തിൻ
ഒറ്റച്ചിലമ്പും വാളുമായ്......

●

18

മകൾ

ഭൂമി തൻ മൗനത്തിൻ
മാറിലേക്ക്
പൗർണ്ണമിയായി നീയെത്തി
കണ്ടൂ നിന്നാർദ്ര മിഴികൾ
ആസുര ഭാവങ്ങളുമേറെ
അർത്ഥങ്ങളറിയാതെ
വസ്ത്രാക്ഷേപം ചെയ്തു
നീറും നിണമുദ്രകൾ ചാർത്തി
തിരസ്കൃതയാക്കി നിന്നെ
അകവും പുറവുമിരുട്ടാണിവിടെ
കരുതിയിരിക്കണം അകക്കണ്ണുകൾ
തുറന്നെപ്പോഴും
അമ്മ, കുഞ്ഞു പെങ്ങൾ
പ്രിയ സഖി, പ്രണയിനി
അരുമയാം മകൾ
ഭേദങ്ങളില്ലിവിടെ കളമൊരുക്കുവാൻ
കാമദാഹം ശമിപ്പിക്കുവാൻ
വെളിച്ചം ഇരുളാവുന്നതെത്ര വേഗം
അഴിയരുത് മകളേ
ഇനിയൊരിക്കലും നിൻ
മിഴിച്ചെപ്പുകൾ
വിങ്ങരുത് കനലുകൾ
പേറിയ നിൻ കരൾത്തടങ്ങൾ
അഗ്നിയിൽ വിശുദ്ധയായ
പെൺമ തൻ ചാരിത്ര്യം കുറിച്ച
വിശുദ്ധി തൻ നക്ഷത്രം നീയും
ഉണരുക ജീവശക്തിയായ്
നരകത്തിലെരിയും ലോകത്തിൻ
കൊടും തീയണക്കുക
കാട്ടാളത്തങ്ങൾ കടിച്ചു
കുടഞ്ഞ പെൺമക്കൾക്കായ്
ധീരത തന്നുടവാളേന്തുക
ചവുട്ടിമെതിച്ചിട്ട പെൺമാനസത്തിൻ
നോവാറ്റി അലിവിൻ
നെയ്പുരട്ടിയുണക്കുക
നീറും ഹൃദയമുറിവുകൾ

കുനിയരുതൊരിക്കലും നിൻ
മഹിതമാം ശിരസ്സീയലറും
പേനായ്ക്കൾക്കു മുന്നിലായ്
ജീവിതത്തിൻ കൊടിപ്പടമുയർത്തി
ബോധമിടറി കാൽ വഴുതിയവർക്കു
വഴിവിളക്കാകുക
കണ്ണീരിൽ കുതിർന്ന
പ്രാർത്ഥനാ മന്ത്രവുമായി
നിന്നെയണച്ചു തുണയായ്
നിൽപ്പുണ്ടിവിടെയൊരമ്മ
വളയണിക്കൈകളല്ല
വാളണിക്കൈകളാണെന്ന
ബോധത്താലഭിമാനിനിയായി
അത്താണിയാവുക.....!

19

ഗംഗ

അർദ്ധനാരീശ്വരപ്രണയഭരിതമീ
കൈലാസമാനസസരോവരമുണർന്നു
ഭാവരുചിരമാംകേളികളാടുന്നു കേകികൾ
സാരംഗിപാടിജീവിതത്തിൻ സാമഗീതങ്ങൾ

ഭസ്മാംഗരാഗന്റെമനോജ്ഞവികാരങ്ങൾ
ഹിമശൈലസാനുവിൻഹിന്ദോളമായി
പൗർണ്ണമിരാവിന്റെമന്ദസ്മിതത്തിൽ
ശിവശക്തിയുതമാകുന്നിതഖിലാണ്ഡവും

തിരുജടയിലൊളിഞ്ഞകരിമിഴിയാളിൻ
കപോലത്തിൽകനക്കുന്നുപ്രണയകരുണം
പീയൂഷധാരചുരത്തുമീഗംഗാദേവിതൻ
നിശ്വാസത്തിൻതാരസ്വരവുമിടറുന്നു

വ്രണിതംവിരഹംഗന്ധഹീനപ്രഭാ
രഹിതമാകുന്നിതഖിലവുമവൾക്കു
സനാഥയെന്നോർത്തുപുളകോദ്ഗിത
ഗാത്രിയായ്നിൽക്കവെയറിവൂവെറു
മൊരനാഥയാണെന്നസത്യം.....!

●

20

ചുരുളഴിയാത്ത ഭൂപടം

പ്രണയം അങ്ങനെയാണ്
ചിലപ്പോൾ ഓട്ടിൻപുറത്തുനിന്നും
ഭൂമിയുടെ ചുട്ടുപഴുത്ത
പ്രതലത്തിലേക്ക് ഇറ്റുവീഴുന്ന
നനുത്തമഴയുടെ
പതിഞ്ഞസംഗീതംപോലെ
മറ്റുചിലപ്പോൾ തീക്ഷ്ണമായമടുപ്പിന്റെ
ചുട്ടുപൊള്ളിക്കുന്നമീനസൂര്യനെപ്പോലെ
വേറെ ചിലപ്പോൾ നിർവ്വികാരതയുടെ
തണുത്തുറഞ്ഞമഞ്ഞുപാളികളായി
ചിലപ്പോൾ മണ്ണിന്റെ അറിയാമിടങ്ങളിൽ
പമ്മികിടക്കുന്നകള്ളിമുള്ളുകളെപ്പോലെ
ചിലസമയത്ത് ഇരുൾപടർപ്പുകളും
മുൾപ്പടർപ്പുകളും
തിങ്ങിമൗനമുദ്രിതമായ
ഇടവഴികളിലെസഞ്ചാരിയെപ്പോലെ
പലപ്പോഴുംകടലാണെന്നറിഞ്ഞിട്ടും
ഒഴിഞ്ഞുമാറിനടക്കുന്ന അവധൂതനെപ്പോൽ
സമശീതോഷ്ണമായ ഒരവസ്ഥപ്രണയത്തിനില്ല
അത് അങ്ങിനെയാണ്
ചുരുളഴിക്കാൻ കഴിയാത്തഭൂപടംപോലെ

●

21

കെട്ടഴിഞ്ഞ പുസ്തകം

കെട്ടഴിഞ്ഞ പുസ്തകത്താളുകൾ
അടുക്കിപെറുക്കിവെക്കുമ്പോൾ
താളുകളിലേക്ക് അറിയാതെ
കണ്ണുകൾവഴുതിവീണു...
തങ്കലിപികൾകുറിച്ചിട്ട
ഏടുകളിൽകറുത്തതുളകൾ
പുസ്തകപ്പുഴുക്കൾ പഴുതുകൾതിരഞ്ഞ്
ഇടവും, വലവും ഇഴഞ്ഞുനടന്നു
ക്ളാവ് പിടിച്ചമനസ്സിനെ
തേച്ചുവെളുപ്പിക്കുമ്പോൾ
തിരുത്താനാവാത്ത
അക്ഷരത്തെറ്റുകളുടെ
ഇരുട്ടുനിറഞ്ഞഇടനാഴികകൾ
തൂത്താലും പോകാത്ത
പുളിയുറുമ്പുകളെപ്പോലെ
ചിതറിപ്പായുന്ന
ചിന്തകൾകടിച്ചുതൂങ്ങി......
മേഞ്ഞുനടക്കുന്നസ്വപ്നങ്ങളെ
കുറ്റിയിൽതളച്ചിട്ടു
പ്രതീക്ഷയുടെ വെള്ളിമേഘചാർത്തുകളിൽ
കരിമൂർഖന്മാർ....

മഞ്ഞുമലകളുരുകി
വെള്ളകീറിയപ്പോൾ
കണ്ടത്..... ദഹനക്കേടിന്റെ വാക്കിൻകഷ്ണങ്ങൾ
അവ.... ഇലത്തുമ്പിലെമഴത്തുള്ളികളെവറ്റിച്ചു
പകൽവെളിച്ചത്തേയും അറുത്തുമാറ്റി
കാറ്റിലും, മഴയിലും, വെയിലിലും, മഞ്ഞിലും
ഉലയുകയും, നനയുകയും, പൊള്ളുകയും,
വരളുകയും, മരവിക്കുകയും ചെയ്തു....
ഹൃദയഭിത്തികളിൽവിള്ളലുകൾവീഴ്ത്തി
മുടിയാട്ടംനടത്തി
മുൾച്ചെടികൾമാത്രം തരുന്ന
ഈ പുസ്തകം ഇനിയൊരിക്കലും
വായിക്കേണ്ടെന്ന
അന്തിമവിധിയിൽ
അവസാനതാളും അടച്ചുവെച്ചു.!

●

22

ജീവിതവൈഖരി

സ്നിഗ്ദ്ധ ചിറകൊളിപകർന്നുതന്ന
കവിതേസ്നേഹിപ്പുനിന്നെഞാൻ
കൈപിടിച്ചുപിച്ചവെപ്പിച്ചു
തൂലികത്തുമ്പിലെ അക്ഷരവെളിച്ചമായ്
ഇരുട്ടിൻകവാടംമലർക്കെതുറന്നു.
അഴകിൻപ്രപഞ്ചംവിരിച്ചുനീഹൃത്തിൽ
ആകാശദൂരങ്ങളള്ളന്നെത്തിമന്നിലെ
കൽമണ്ഡപങ്ങൾക്കുസാക്ഷിയായ്
എഴുതിപുതിയപ്രണയാക്ഷരങ്ങൾ
മയിൽപ്പീലിവിടർത്തിമഴമേഘങ്ങളെ
തൊട്ടുണർത്തിരചിപ്പൂകാലത്തിന്നീരടികൾ
അനാദിദുഃഖത്തിൻവേരുകളടർത്തി
മീട്ടിപ്രപഞ്ചവീണതൻതന്ത്രികൾ
പെയ്തുരാഗമഴതൻസമ്മോഹനമാം
സ്വരപെയ്ത്തുകൾ അക്ഷരദീപങ്ങളായ്
തുടർന്നുപ്രയാണംമേഘശകലങ്ങൾ
കാവ്യചിഹ്നത്തിൻചക്രവാളങ്ങളെതേടി
പകരുന്നിതായിപ്പോഴും ജീവിതവൈഖരിതൻ
പുതിയ പാഠങ്ങളൊന്നെന്നായ് ഹൃദയവീഥിയിൽ

23

വിട

നിറങ്ങൾതൻനൃത്തം
മറഞ്ഞൊരീ മണ്ണിൽ
എരിയും ചിതാഗ്നിയിൽനിന്നും
പറന്നുയർന്നുപാടിയകലുന്നിതാ
ശാർങ്ഗപ്പക്ഷികൾ...........

ജീവനിലെഉപ്പായലിഞ്ഞു
ചേർന്നൊരീമുത്തശ്ശിതൻ
മിഴികളും തോരാമഴയായ്
പെയ്തൊഴിഞ്ഞെങ്കിലും
മായില്ലൊരിക്കലും
തോന്ന്യാക്ഷരത്തിൻനിലാമഴകളും.....

പേരറിയാത്തപെൺകിടാവിൻ
കഥവ്യഥയായ്പാടിയകന്ന
കാവ്യസൂര്യാശിരസ്സുനമിക്കുന്നേൻ
നോവിൻ ഉച്ചവെയിലിൻചൂടിൽ
അക്ഷരത്തിന്നുച്ചസ്ഥായിയിൽ

സർഗ്ഗതൂലികതൻമഷിവറ്റി, പതിയെ
പടിയിറങ്ങിയെങ്കിലും, അസ്തമിക്കില്ല
ഒളിചിതറിയവാക്കിൻ ഇന്ദ്രജാലങ്ങളൊരിക്കലും.......

തൂലികത്തുമ്പിലെവറ്റാത്തമഷിക്കടലായൊഴുകുന്നു
താവകവിരഹത്തിൻഅനുപല്ലവികളും
മൊഴിയാഴങ്ങളിൽപഴമനസ്സുകൾകുഴിച്ചിട്ട
മലയാളമണ്ണിൻതേനുംപാലുമിണക്കിച്ചേർത്തു
കാവ്യമധുരംവിളമ്പിത്തന്നകവേകണ്ണീരോടെവിട...!

വിണ്ണിൻദീപ്തമാം ഉയരങ്ങളിലിരുന്നു
തലോടുകയീമണ്ണിന്നാർദ്രമാം
ആഴങ്ങളെയെന്നും
മധുരിക്കും ഓർമ്മകളെ
മലർമഞ്ചലിൽകിടത്തി
വിശ്രുതനായുറങ്ങുകശാന്തിഭൂവിൽ....

കൈരളിതൻനിറുകയിലെന്നും
പൊൽത്തിങ്കൾക്കലയായ്
കാവ്യഹിമവൽസാനുവിലേറിയ
ഭാവഗായകാനേരുന്നേൻ
അശ്രുധാരയിൽകുതിർന്നൊരുപിടി
വാക്കുകളാൽ ആത്മശാന്തി!

●

24

പ്രണയം

പ്രണയ പരിഭവത്തിൽ
കുതിർന്നോരേകതാരകേ
പ്രണയത്തിരയിളകിയ
കണ്ണിൽ നിന്നുമുതിർന്നു
വീഴുവതെന്തു,
കുങ്കുമ സന്ധ്യതൻ രാഗഭാവങ്ങളോ
മിഴിയടച്ചുവോ കാലം
ഞെട്ടറ്റടർന്നുവോ സ്നേഹം
കൊഴിഞ്ഞുവോ മണ്ണിൽ
കുതിർന്നുവോ സ്വപ്നം
ഒരു യുഗസന്ധ്യ തൻ
പരിവേഷത്തിലെരിഞ്ഞുവോ
ജലധിതന്നിലൊഴുക്കിയോ
മേദുര കദനഭാരങ്ങൾ
പഴങ്കഥയിൽ വീണോ-
രഗ്നിശലഭത്തിൻ
ചിറകു കരിഞ്ഞുവോ
തീയെരിഞ്ഞുവോ നെഞ്ചിൽ
പുകയുന്നുവോ മനം
ഉഴറാതെ വീണ്ടും
ഉണർന്നെണീക്കുക

തളരാതെ വീണ്ടും
സ്ഫുടമാക്കീടുക ചിത്തം
നിനക്കായ് മറ്റേതോ
നിയോഗം കാത്തിരിപ്പൂ
തൃഷ്ണ വെടിഞ്ഞുണരുക
വേഗം മൽപ്രിയ സഖേ...!

●

25

സീതായനം

ഋതുരാഗംചൂടിവന്നെത്തി
നിൽക്കുന്നിതാരാമായണക്കാറ്റുകൾ
ഉറക്കച്ചടവുചൂടിയമിഴിതുറക്കുന്നു
പൂവാംകുരുന്നിലകളും
ഇടവഴികളിൽ ഈടുവെയ്പ്പുകളായ്
നിറയുന്നുദശപുഷ്പങ്ങൾ
വിരഹപല്ലവിമൂളിയടുക്കുന്നു
ആടിമാസസന്ധ്യകളും
കർക്കിടകയാമങ്ങളിൽ
പൂത്തുലയുന്നുരാമശീലുകൾ
ചികുരഭരയായ് വിരഹാതുരയായ്
പിടയുന്നുപെണ്ണിൻവ്യഥകളും
തണലേകുമീമഹാവൃക്ഷത്തിൻ
വിടപങ്ങളുംമൂകരായ്
ചതുരശ്രയേകതാളത്തിൽ
ചുവടുകൾവെച്ചുനീങ്ങുന്നു
നമ്രശിരസ്ക്കരായ്...
ഉത്തരങ്ങളില്ലാതെനിറയുന്നിവിടെ
ചോദ്യശരങ്ങൾതൻ ആവനാഴികൾ
പകലുകളുമണിയുന്നുലജ്ജ

തൻശിരോവസ്ത്രങ്ങൾ
പെയ്തിറങ്ങുന്നുശലഭമഴകൾ
പകർന്നാടുന്നുഋതുസന്ധ്യകൾ
ഏതുമേയറിയാതെശിലപോൽ
നിശ്ചലമമരുന്നു
രാവിൻചുരുൾമുടികൾ
നിവരുമ്പോഴുമീഭൂമിപുത്രി
രാമകഥയിൽമുഴുകുമ്പോൾ
മറക്കുന്നുവോകിളിമകളെ
നീയീഭൂമിപെറ്റ ഉഴവുചാലിൻ
വേപഥുക്കളും....
തിരസ്ക്കാരത്തിൻതീക്കനലൂതി
പതംവരുത്തിഈറൻസന്ധ്യകളെ
അപ്പോഴുമുയരുന്നു
അധികാരത്തിൻശാസനകളായ്
ചെങ്കോലിൻഹുങ്കാരങ്ങൾ
ശലഭമഴയല്ലിവൾക്കിത് തീമഴയായ്
പെയ്യുന്നുള്ളുരുക്കങ്ങളിൽതുറക്കുകരാഘവാ
മോചനത്തിൻവെളിച്ചംതൂവുംവഴികളെ
പാടുകകിളിമകളെനീയാരാജനീതികൾക്കൊപ്പം
തപിച്ചുരുകുംസ്ത്രീചിത്തത്തിൻ
നോവേറ്റിയസീതായനങ്ങളും
പകർന്നാട്ടങ്ങൾകഴിഞ്ഞു
മടങ്ങട്ടെഈറൻസന്ധ്യകളും
തുയിലുണരട്ടെരാവണൻകോട്ടകൾതകർത്ത
ഭൂമിമാതാവിൻവീരചരിതങ്ങളും!

●

26

ജുഗൽബന്ദി

ജുഗൽബന്ദിയാടിത്തളർന്ന
ജീവിതമഹാനടനവേദിയിൽ
നന്മതൻപൂക്കൾവിടരുമൊരു
വസന്തകാലത്തിനായ്
നക്ഷത്രക്കണ്ണുകൾകൊളുത്തി
കാത്തിരിപ്പൂ.....

●

27

ആഞ്ഞുകൊത്തുക

ആഞ്ഞുകൊത്തുക
അധീശത്വത്തിൻമസ്തകത്തിൽ
തക്ഷകനായ് വന്നുനീയീ
കെട്ടകാലത്തിൻനിറുകയിൽ
അലിയട്ടെഅഹങ്കാരത്തിൻആക്രോശങ്ങൾ
പുലരട്ടെപുതിയപുലരിതൻമലരുകളും

●

28

നൂപുരധ്വനികൾ

നവരാത്രിനിലാവിൻപൊയ്കയിൽ
മുങ്ങിക്കുളിച്ചീറൻചുറ്റിവലം
വെച്ചുതൊഴുതുപടികളിറങ്ങി
മൗനമുടച്ചദിനങ്ങളിൽ
സ്വർണ്ണാംഗിലീയംകൊണ്ടുനാവിൽ
കുറിച്ചഹരിശ്രീയിൽനിന്നും
നൃത്തംവെച്ചുയിർക്കൊണ്ടസ്വര-
ങ്ങളിന്നുമെൻരസനയിൽആദ്യാ-
ക്ഷരമന്ത്രത്തിൻമാറ്റൊലികളായ്
തരിമണലിലൊ, അരിയിലൊ
മോതിരവിരലിൽതൊട്ടുമ്മവെച്ച
അക്ഷരപുണ്യത്തിൻകൈപിടിച്ചിന്നും
നടക്കുന്നു, ജീവിതപെരുങ്കളിയാട്ട
കനലിൽചവുട്ടി....
അറിവിൻപുതിയപന്തങ്ങൾ
അക്ഷരത്തിന്നാകാശഗീതങ്ങൾ
പകരുന്നുത്രിപുടതാളത്തിൻ
അർത്ഥവിന്യാസങ്ങളെ
പുതമുളകളായ് പൊട്ടിത്തളിർക്കുന്നു
സ്വരരാഗസുധതൻനാരായവേരുകളും

പിച്ചവെച്ചെത്തി അക്ഷരമധുവുണ്ടു
നാവിൽപൊൻതരികളുമായ്
ചിണുങ്ങിയപിഞ്ചുബാല്യത്തിൻ
മണ്ണിൽവചുട്ടിനിൽക്കവെ
എത്തിനോക്കുന്നുകരിമഷിയെഴുതിയ
കടൽനക്കിയകാലത്തിൻതീരങ്ങളും
മിഴികളിലഞ്ജനമെഴുതിനിൽക്കും
കുന്നിമണികൾപോലവെകവിയുന്നു
അക്ഷരത്തേരിറങ്ങിവന്നസ്വപ്നങ്ങളും
തുഷാരഹാരമണിഞ്ഞുനിൽക്കും
വാക്കിന്നഗ്നിയും അമൃതുംതീർക്കുന്നു
അഴലുംപുണ്യവുമേകിഹൃദയനഭസ്സിൽ
നവമൊരക്ഷരഗീതത്തിൻനൂപുരധ്വനികൾ :

●

29

മറന്നില്ല

കനലിൽചവുട്ടി
കാൽവെള്ളകൾപൊള്ളിയപ്പോഴും
അവൾ പുഞ്ചിരിയുടെ
മഞ്ചാടിമണികൾ
വിതറിയിടാൻ മറന്നില്ല.

●

30

ശിഷ്ടസംഖ്യ

ഇരുട്ടിന്റെ പർദ്ദക്കുള്ളിൽ
പരൽമീനിനെപ്പോലെപിടയുമ്പോഴും
മഴപോലെ പെയ്തിറങ്ങുന്ന
ഓർമ്മകളുടെപെരുക്കങ്ങൾ
ജീവിതംഇങ്ങിനെയൊക്കെ
വീണ്ടുംകൂട്ടിയുംകിഴിച്ചുംഗുണിച്ചും
ശിഷ്ടസംഖ്യയിൽ...... പുലരുന്നു

●

31

മൗനങ്ങൾ

വൈരാഗ്യത്തിന്റെ
കാട്ടുതീയാളിപ്പടരുമ്പോഴും
അണയ്ക്കാനാവാതെ
ഈമഹാവർഷങ്ങൾ
മൗനമായതെന്തേ?

●

32

ഗ്രാമത്തിന്റെ മണം

നാട്ടിടവഴിയിലെ ഒടിച്ചുറ്റിപ്പൂക്കൾ
ഇപ്പോഴുംകാൽനടക്കാരെകാണാറുണ്ടോ
കറുകനാമ്പിൽചിരിക്കുന്നമഞ്ഞുതുള്ളികൾ
പ്രപഞ്ചത്തെ പ്രതിഫലിപ്പിക്കാറുണ്ടോ
കാക്കപൂവുകൾകൗശലംപറയാറുണ്ടോ
ഗ്രാമത്തിന്റെമണം ഇപ്പോഴും
ഇവിടെയെല്ലാം മണക്കാറില്ലേ?

●

33

രാകിമിനുക്കുന്നു

ലിപിനഷ്ടപ്പെട്ടഭാഷപോലെ
ജലസമൃദ്ധിനഷ്ടപ്പെട്ടപുഴപോലെ
ഇലകൾകൊഴിഞ്ഞ ചില്ലകൾപോലെ
സൂര്യനില്ലാത്ത പകൽപോലെ
ഇവിടെ ഇപ്പോഴും വൈരാഗ്യത്തിന്റെ
ഈർച്ചവാളുകൾമാത്രം
രാകിമിനുക്കുന്നു.....

●

34

വെൺശംഖുകളെതിരഞ്ഞ്

ഇന്നലെകണ്ടകനവിൽ
ഊറിനിന്നത് സ്ഫടികനിറവാർന്ന
മിന്നാരംകല്ലുകൾ
പ്രഭാതരശ്മിക്കൊപ്പം
ഇലത്തുമ്പിൽതുളുമ്പുന്ന
ജലകണികകൾ
ചന്ദനമണംനിറഞ്ഞ
അക്ഷരചിപ്പികളുടെ
വെൺശംഖുകളെതിരഞ്ഞ് ഞാനും

●

35

യാഗഭൂമി

നിൽക്കുന്നു ഞാനീയാഗഭൂവിൽ
നിറുകയിൽ ഉച്ചസൂര്യനും
കത്തിയെരിയുന്നൊരഗ്നി=
കുണ്ഠവുംനെഞ്ചിലേന്തി....
കനലായ് പിന്നെ ചാരമായ്,
തീരുന്നു ആർദ്രഭൂവിന്നടരുകൾ
എണ്ണിയാലൊടുങ്ങാത്ത
വിഭ്രമവിഷവിത്തുകളുറയുന്നു
നിലംപതിക്കുന്നുചുറ്റും
ചിറകൊടിഞ്ഞതുമ്പികൾ
തലകീഴായിതൂങ്ങിക്കിടന്ന-
പശ്രുതികൾവാരിവിതറി
കൂടൊരുക്കുന്നുനരച്ചീറുകൾ
ബോധച്ചില്ലകളിൽ....
ഇരുളിൻമറതീർത്താടുന്നു
വേതാളചുടലനൃത്തങ്ങൾ
വെറുപ്പിൻപഴുതാരകളിഴഞ്ഞു
പാകുന്നുയരികിൽവിരസത-
പെറ്റവരണ്ടയാനങ്ങളെ
നിദ്രവിട്ടുണരുന്നുപന്തങ്ങളേന്തി

അലറുംതീച്ചാമുണ്ഡികൾ
മൂക്കുംരാവുകളിൽകനക്കുന്നു
താളഭ്രംശനത്തിൻപകർച്ചകൾ
കുത്തഴിയുന്നുമൂല്യങ്ങൾ
കളങ്ങളൊഴിയുന്നുസത്യങ്ങൾ
പിടഞ്ഞമരുന്നുമനസ്സുകൾ
തിരിയുംപത്മവ്യൂഹങ്ങളിൽ
ഒലിക്കുന്നുചോരനീർ-
ച്ചാലുകൾപോലവേ
വറ്റിവരളുന്നുകിളിർത്ത-
സ്നേഹപാഥേയങ്ങളും
ജടയഴിച്ചുപ്രതിജ്ഞചെയ്യുന്നു
പകപൂണ്ടനാരീജൻമങ്ങൾ
പ്രതിധ്വനിപ്പൂധർമ്മത്തിൻ
ശംഖൊലികൾ ചക്രവാളങ്ങളിൽ
അസത്യത്തിൻകുടൽമാല
വലിച്ചുകീറിനിണമുതിർത്തു
അശ്വഘോഷങ്ങളുയരട്ടെ
വിജയത്തിൻതേരൊലികളായ്
സത്യത്തിൻമുനയൊടിച്ചു
നേടുന്നവിജയപഥങ്ങൾ
നശ്വരങ്ങളെന്നോർക്കുക
തുറക്കുക വേഗമീ യാഗഭൂവിൽ നിന്നു
ഭാസുരഭാവിതൻവാതായനങ്ങൾ!

●

36

മറന്നുപോയപാട്ട്

വിരാമംകുറിക്കുകനരച്ചകനവുകൾക്കിനി
മിഴിതുറക്കുകകാലത്തിൻനിടിലത്തിലേക്കായ്
സൂര്യയാത്രതൻതേരോട്ടങ്ങളനുക്ഷണം
വിപരിണാമത്തിൻകേദാരങ്ങൾ ചമക്കുന്നിവിടെ
അജ്ഞതതൻചിതൽപ്പുറ്റിന്നുള്ളിലടയിരിക്കാതെ
അകത്തുറഞ്ഞുകിടക്കും ചിരാത് തെളിക്കുക
വിശ്വദീപസാക്ഷികളുയരട്ടെ ദ്യോവിലേക്കായ്
പുതിയൊരുപാട്ടിൻശ്രുതിയുണരട്ടെഭൂമിയിലും
ജാലകത്തിന്നപ്പുറംപാടിപ്പറക്കുംവിഹഗങ്ങളെ
മാടിവിളിക്കുന്നുമുടിയഴിച്ചിട്ടീമുളങ്കാടുകൾ
ഓർത്തെടുത്തുപാടുകവീണ്ടുംകിളികളെ നിങ്ങൾ
മറവിയിൽമാഞ്ഞുപോയൊരാമധുരമുരളീഗീതങ്ങൾ
കത്തിനിൽക്കുംപകലിരവുകളിൽതിരയടിപ്പൂ
കാട്ടാറിൻകുതിച്ചൊഴുക്കിൻഅനുപല്ലവികൾ
ഇണങ്ങിയും പിണങ്ങിയും പിന്നെതഴുകിയും
ചുംബിച്ചുണർത്തുന്നുമഹാമേരുസങ്കീർത്തനങ്ങളെ
ക്ളാവുപിടിച്ചവിചാരമാലകൾക്കറുതിചൊല്ലി
കടഞ്ഞെടുക്കുകജീവവായുവിൻഅമൃതകലശത്തെ
അമർത്തുകപെയ്തിറങ്ങികനംവെക്കും തോരാമഴയെ
സാധകം ചെയ്തുണർത്തുകശിവരഞ്ജിനിയെ......
കൊത്തിവെക്കുകമനസ്സിൻശിലാഫലകത്തിൽ
ചിറകുവെക്കുന്നൊരീപ്രപഞ്ചവൈഖരിതൻപല്ലവികളും....

●

37

തൊട്ടിൽ

തൊട്ടിലാട്ടുന്നിതാ പേരാലിൻകൊമ്പിലൊരു
മുത്തശ്ശിയമ്മതന്റെ ശോഷിച്ചകയ്യാലെ
ഇടറുന്നകണ്ഠത്തിൽനിന്നുമുയരുന്നു
തരളമാമുറക്കുപാട്ടിൻശീലുകളും
ഏതുഭാഷയാണേലും അമ്മതൻനെഞ്ചിൽ
നിന്നുയരുന്ന പാട്ടിൻതാളവുമീണവുമൊന്നുപോലെ
കൈകാലിട്ടടിച്ചുവിശപ്പിൻവിളിസഹിയാഞ്ഞൊരു
കുഞ്ഞിൻകരച്ചിലുമുച്ചസ്ഥായിയിൽ
പുതുവഴികൾവെട്ടുന്നതിൽശ്രമംപൂണ്ടിവൾതൻ
ജന്മദാതാക്കളീയെരിയും സൂര്യജ്വാലയിൽ
തളർന്നവശതപൂണ്ടുപേശികൾമുറുകി
വിയർപ്പാറ്റിക്കുറുക്കുന്നുയീനരജന്മങ്ങൾ
ലോലമാംകയ്യാൽവീശുകതെന്നലെയീകുഞ്ഞിൻ
വരളുംചുണ്ടുകൾക്കായിത്തിരിപാൽമണവും
അമ്മിഞ്ഞപ്പാലില്ലയിവൾക്കേകുവാനായി
മാംസമടർന്നോരമ്മതൻ നെഞ്ചിൻകൂടിൽ
വേനൽത്താപത്തിലുരുകുന്നുവേദനക്കനലും
വറ്റിവരളുന്നൊരാജീവിതപ്പടിയിൽ
ഋതുഭേദങ്ങളില്ലാതെയദ്ധ്വാനിപ്പൂയീ
മനുഷ്യക്കോലങ്ങൾജീവിതവണ്ടിയുന്തുവാൻ
അന്നമില്ല, കുടിനീരില്ല, മാറ്റിയുടുക്കാനൊരു

തുണ്ടുപഴന്തുണിപോലുമില്ലയീപാവങ്ങൾക്കു
അപ്പോഴും കാണ്മൂനാം ലോകത്തിൻമറുപുറം
ആഢംബരത്തിന്നലുക്കുകളായാടുന്നു മണിത്തൊട്ടിലുകൾ
കുഞ്ഞേ, നിനക്കുവിധിച്ചതീവൃക്ഷത്തിൻകയ്യിലെതൊട്ടിൽ
ശാന്തമായുറങ്ങുകപ്രകൃതിതൻതാളത്തിൽ
ഉരുവിടുന്നകിളികൾതൻകളമൊഴികളുംകേട്ട്
വിശപ്പിൻശത്രുമുരളുന്നുവോനിന്നുദരത്തിൽ?
എൻമണിക്കുഞ്ഞേഞാനുമൊരുഭിക്ഷാംദേഹി.....
താരാട്ടിലലിഞ്ഞുകേൾപ്പതേതുവിഷാദരാഗം?
ജീവിതമേറെക്കുടിച്ചൊരീമുത്തശ്ശിതൻഗദ്ഗദമോ....
പുതുവഴിയായാൽകയ്യാളാനെത്രയോപേർ
വഴിതീർത്തവരോയധഃകൃതരുമന്യരുമാകുന്നു
നെറികേടുകൾകുന്നുകൂടുന്നൊരുലോകമേ
നീപുറംതിരിഞ്ഞുമുഖമടച്ചുനിൽക്കാതെ
നൽകുകയീചോരനീരാക്കുന്നവർക്കിത്തിരിതണലും!

●

38

കുചേലൻ

നിറവിന്റെമടിത്തട്ടിൽ
സൂചിമുനകൾതറച്ചു
മണിമാളികയിലെകനത്ത
ഏകാന്തതഭീകരസത്വമായി
ഇരുട്ടിന്റെകടവിൽവീണ
നിലാവുപോലെ
ബോധമണ്ഡലത്തിൽ
കയറിവന്നമയിൽപ്പീലികൾ
.....ഇറങ്ങിപ്പോയി
കാടിന്റെഅഗാധതയിലേക്ക്......
കൃഷ്ണമുടിയിലെവെള്ളിയലുക്കുകൾ
വേടന്റെ അമ്പേറ്റ് നിലംപതിച്ചു
വർത്തമാനത്തിന്റെ സമസ്യകൾ
വിദൂരപർവ്വതരേഖപോലെ....
ഓടക്കുഴലിന്റെമുഗ്ദ്ധനാദത്തിലും
വ്യഥിതലയനതരംഗങ്ങൾ
ഓർമ്മയുടെഅവിൽപ്പൊതി അഴിച്ച്
ഇളംകാറ്റിന്റെ മർമ്മരത്തിനായ്
കാതോർക്കുമ്പോൾ
വന്നുമൂടുന്നുവിഷംവമിക്കുന്ന
വ്യാളീമുഖങ്ങൾ...

കൂപമണ്ഡൂകങ്ങളുറങ്ങുന്ന
ഇരുൾമൂടിയഗർത്തങ്ങളിൽനിന്നും
ഭേദിക്കാനാവാത്ത അഴികളെണ്ണിയെണ്ണി
അതിജീവനത്തിന്റെവായ്ത്താരികൾ
ഉരുക്കഴിച്ച്,
സ്നേഹസാന്ദ്രതയുടെ
പുൽമേടയിലേക്കുള്ള
കൂടുമാറ്റത്തിന്റെ
തിരിനാളംകെട്ടസ്വപ്നത്തിന്റെ
കണ്ണുകളിൽതിരിച്ചുപിടിക്കാൻ
ശ്രമിക്കുന്ന ഇവർക്ക്
താഴിട്ടുപൂട്ടിയ
മോചനത്തിന്റെ
വാതിൽതുറന്നുകൊടുത്താലും....

●

39

വിഷമുള്ളുകൾ

ഉഴുതുമറിച്ചുപാകുന്നുവിഷവിത്തുകൾ
വിളവെടുക്കുന്നുനൂറുമേനിവിഷമുള്ളുകളും
അസത്യത്തിൻപത്തായംതുറന്നുകെട്ടി
ച്ചമയ്ക്കുന്നുനുണപ്പന്തലുകൾ
സംശയദൃഷ്ടിയാലുറ്റുനോക്കിദഹിപ്പിക്കുന്നു
നോവുകൾതിന്നുതീർക്കുംകരൾക്കുടങ്ങളെ
പുകയുന്നുഗന്ധകതീതുപ്പും
പണിശാലകൾതന്നകത്തളങ്ങൾ
പടർന്നുകയറുന്നസഹിഷ്ണുതതൻ
ചോരപുരണ്ടകലാപചിന്തകൾ
സ്വത്വങ്ങളറിയാതെ പുലമ്പുന്നുപാവകൾ
വെട്ടുന്നുചതിക്കുഴികൾപടനിലങ്ങളിൽ
വിഷമുള്ളുകളെറിഞ്ഞുസ്വാസ്ഥ്യംകെടുത്തി
അപഹരിക്കുന്നുനന്മതൻരാപ്പകലുകളെ
ഒരുക്കുന്നുശരശയ്യകൾആളറിയാതെ
ഉറ്റുനോക്കിനിൽപ്പൂകാണികളുമൊരുവശം
വിഷത്തുള്ളികൾനിറച്ചശുദ്ധമാക്കുന്നു
സൃഷ്ടിതൻഇറ്റുനോവറിയുംതൂലികത്തുമ്പിനെ
ചവിട്ടിക്കുഴക്കുന്നുനീതിസൂര്യന്മാരെ
ശാപാസ്ത്രങ്ങളെയ്തുവീഴ്ത്തുന്നുനീതിബോധങ്ങളേയും
എളിയജന്മത്തിൻകടങ്ങൾവീട്ടാതെ
അറുത്തുമാറ്റുന്നിങ്ങനെമൂല്യബോധങ്ങൾ

അവശേഷിപ്പൂനിണമൊലിക്കുംമുദ്രകളായി
ഘനീഭവിച്ചകബന്ധങ്ങൾതൻകൂമ്പാരങ്ങൾ
അറിയാപാപങ്ങളിലൊടുങ്ങുന്നുഅന്ത്യത്തിൽ
അസത്യത്തിൻഗോപുരംതീർത്തസൂത്രധാരരും.....!

●

40

രൗദ്രമഴ

ഭ്രാന്തചിത്തയായ് മുടിയഴിച്ചുമുഖംകറുപ്പിച്ചു
ഉച്ചണ്ഡഭേരിമുഴക്കിവരുന്നവൾ
ആകാശക്കോട്ടതന്നതിരുകൾഭേദിച്ചു
ആർത്തലച്ചൊഴുകിവരുന്നവൾ
പ്രതികാരത്തിൻവാളുകളുയർത്തി
ചീറിപ്പായുന്നിതാമിന്നൽപ്പിണറുകൾ
ആരെയുംകൂസാതെയാസുരതാളത്തിൽ
ഭീഷണനടനംചെയ്തുവരുന്നവൾ
പ്രകൃതിയോശ്യാമവിമൂകഭാവയായ്
മിഴികളിൽപ്രാർത്ഥനാമന്ത്രവുമായ്
ശാഖിയാംകൂപ്പുകൈകളുയർത്തി
വൃക്ഷങ്ങളുമാടിയുലഞ്ഞുഭീതിപൂണ്ടുനിൽപ്പൂ
തെന്നലൊഭാവഭേദംകൈക്കൊണ്ടു
ആഞ്ഞടിക്കുന്നുവാതായനങ്ങളിൽ
കുത്തിയൊലിച്ചൊഴുകിവരുന്നിതാ
നെടുവീർപ്പിയലുംമണ്ണിന്നടരുകളും
എറിയുന്നിവൾജാലകങ്ങളിൽചരൽക്കല്ലുകൾ
പിഴുതെറിയുന്നുമാമരങ്ങളേയും
കൂർത്തുമൂർത്തതണുത്തസൂചികളായി
ആഴ്ന്നിറങ്ങുന്നുമണ്ണിൻനാഭിയിലേക്കായ്
മനസ്സിൻമഹാകാശത്തെവെള്ളിനൂലുകളൊ

ചിതറിത്തെറിച്ചുമറഞ്ഞുപോയി
അറിയാതെയുള്ളിൽനുരയിട്ടതെന്തേ
സ്മരണകൾകൂടിയിരിക്കുമാസ്വപ്നഭൂവോ
എല്ലാംകടപുഴക്കിയെറിഞ്ഞുകലിപൂണ്ടു
വരുന്നിതായിവൾക്രോധാകുലയായി
പെയ്തിറക്കിവെയ്ക്കുന്നുയെല്ലാനോവുകളേയും
അമ്മതൻമടിത്തട്ടിലേക്കായന്ത്യത്തിൽ
പിന്നെയോ,മടങ്ങുന്നുഒഴിഞ്ഞകൂടുപോലതി-
ശാന്തയായ്, ഈറൻമുടിയുംവിതിർത്തുകൊണ്ടവൾ....

41

നർത്തകി

ചെന്തളിർച്ചുണ്ടിലൊളിയും
മന്ദസ്മിതത്തിൽഅനംഗ
മന്ത്രമൊളിപ്പിച്ച് നീല
നീൾമിഴികളിൽരാഗസ്വപ്നങ്ങൾ
ചൂടി നിലാപ്പൂത്തിരിയണിഞ്ഞ
കവിളിണയുമായ് പൊൻതളകൾ
കിലുക്കിയെന്റെ ചാരത്തണഞ്ഞവൾ
ആരുനീഭദ്രേ? നാട്യമോഹിനി
മറഞ്ഞെന്തേനിൽക്കുവാൻ
വ്രീളാലോലം, ചോദിച്ചേനകതാരിൽ
മറുകുറിയോതുന്നോമൗനമായ്
വിധുമുഖി, മന്ദമായ് തഴുകുന്നു
മന്ദാനിലനും ഉതിരുന്നുവോ
പ്രണയത്തിൻവാടാമലരുകളും
മൃദുവായ് ചിരിക്കുന്നു
നൂപുരധ്വനികളും ഉണരുന്നു
മിഴികളിൽഭാവങ്ങളിതളുകളായ്
ലോലമായാടുന്നുതെന്നലിൻ
പൊന്നോലകൾ പോക്കുവെയിലാലെ
പൊന്നുചാർത്തിനിൽപ്പൂഭൂമിയും

വില്ലുപോലഴകാർന്നൊരാചില്ലിക്കൊടികൾ
ഇളകവെ വിരിഞ്ഞുരസഭേദങ്ങൾ
അനന്തദളപത്മമായ്...
ശൃംഗാരം, വീരം, കരുണം, ഹാസ്യം
അൽഭുതം... അഴിഞ്ഞുനവരസ
ശ്രേണികളൊന്നൊന്നായ്....
വിലോലപദതരളിതഭൈരവി
ലാസ്യമായാടിത്തളരവെ
നിൽപ്പൂമുഗ്ദ്ധയായ്, ശാന്തഗംഭീരയായ്
നവപദചലനത്തിൽതീർത്തു
നാട്യവിസ്മയത്തിൻകൽപ്പനകൾ
നൃത്തച്ചുവടിൻശൈലങ്ങളേറി
വിശ്വനർത്തനമണ്ഡപമൊരുങ്ങി

●

42

കണ്ണുകൾ

ഇരുട്ടിന്റെ മൂടുപടം
വകഞ്ഞുമാറ്റി
വെള്ളിവെളിച്ചത്തിന്റെ
ലോകത്തേക്ക്
ചേക്കേറിയത് നാമൊരുമിച്ചായിരുന്നു
മേഘക്കീറുകൾക്കിടയിലെ
ആകാശച്ചിന്തയെകണ്ടതും
മണ്ണടരുകൾക്കുള്ളിലെ
ജീവന്റെതുടിപ്പുകണ്ടതും
ആഴമേറിയദീപ്തപ്രകാശങ്ങളെ
കൈക്കുമ്പിളിൽകോരിയെടുത്തതും
ഒരുമിച്ച്.......
പിന്നെ ഋതുക്കൾമാറിമറിഞ്ഞതും
ജീവന്റെഭാവപ്പകർച്ചകളെ
ഏറ്റെടുത്തു, നേരിട്ടതും
ഒന്നിച്ചുതന്നെ
കാഴ്ച്ചകളെഒരുപോലെ
സ്വീകരിക്കുന്നതിന്നിടയിൽ
എപ്പോഴോനിന്റെ ദർശിനികളിൽ
മഞ്ഞുമലകൾ ഇറങ്ങിവരുന്നത്,
ഞാനറിഞ്ഞില്ലായിരുന്നു....
എനിക്കൊപ്പംതന്നെ ഉണ്ടെന്ന്

വിശ്വസിച്ചിരുന്ന ഞാനറിഞ്ഞു
നീ എന്നിൽനിന്നകലുന്നെന്ന്
ആ കണ്ണിലെവെളിച്ചംകൂടിയാവാൻ
ഞാൻ കിണഞ്ഞു ശ്രമിച്ചു...
പക്ഷേ അപ്പോഴേക്കും
മഞ്ഞുമലകളുടെ ആക്രമണം
ചെറുക്കാനാവാതെ
ഞാനുംനീയും....!
ആ മഞ്ഞുമലകളെമുറിച്ചുമാറ്റുന്നത്
ഞാൻ ആശങ്കയോടെകണ്ടു
കണ്ണാഴങ്ങളിലെകാഴ്ച്ചകൾ....
പ്രഭാതത്തിലെ
ചെങ്കനൽസൂര്യന്റെ രശ്മികൾ!
അതൊകൊല്ലന്റെ
തിളക്കുന്നആലയോ?
കടലാഴങ്ങളിലെ
പവിഴപുറ്റുകൾ.... കാഴ്ച്ചകൾക്കൊടുവിൽ
പൂർണ്ണമായഅന്ധകാരം
എല്ലാറ്റിനുമുപരികയറി വ.ന്നു
വെളിച്ചത്തേയും വെല്ലുവിളിക്കുന്ന
പ്രകാശം....
ഇപ്പോൾ പുതിയ കാഴ്ച്ചകളുടെ
വെള്ളിവെളിച്ചത്തിൽനീ
എന്നോടൊപ്പമുണ്ടെങ്കിലും
എന്റെ കാഴ്ച്ചകളിൽ
വ്യതിയാനം ഉള്ളതുപോലെ
വെളിച്ചത്തിന്റെ
രണ്ടനുപാതങ്ങളിൽ
രണ്ടുദിശകളിലാണ് നാമിപ്പോൾ!

●

43

കാവേരിയുടെവിളി

കർണ്ണികാരംപോലെ പൂത്തുജ്വലിക്കുമീ
ഉദ്യാനനഗരത്തിൻജീവനാഡി
യായൊഴുകുന്നുകാവേരിനീയനുനിമിഷം
കന്നഡമണ്ണിൻസംസ്കാരസ്രോതസ്സിൻ
ഖനികൾവഹിച്ചുപകരുന്നുനീ
ശീതളച്ഛായാസന്ധ്യകളെ
പുകൾപെറ്റതീരത്തിൻസൗവർണ്ണ
ഗീതങ്ങൾ പാടിതൂലിക ചലിപ്പിച്ചു
തോറ്റിയുണർത്തിമന്നിലെവിശ്രുതരായ്
മണ്മറഞ്ഞെങ്കിലും ഇന്നും ഹൃൽസ്പന്ദനങ്ങ
ളായൊഴുകുന്നുനിന്നിൽപെരുമതൻ
ഗാനധാരകൾപെയ്യിച്ചഗാനഗന്ധർവ്വർ

കാവ്യത്തിൻകനകമഴപെയ്യിച്ച
കനകദാസരും, പുരന്ദരവിഠലനെ
പാടിസ്തുതിച്ചപുരന്ദരദാസരും
ദീനതതൻകനലുകളാറ്റികുളിർമഴ
പെയ്യിച്ചബസവണ്ണരും, ദേശസ്നേഹത്തിൻ
സിരകളെയൂട്ടിയകൂവെമ്പുവുംപൊന്ന, പമ്പ
മഹാനുഭാവർതൻകാലടികൾ
പതിഞ്ഞപുണ്യഭൂവിൻതീരത്തു
പമ്പയാറൊഴുകുന്നനാട്ടിൽനിന്നും
അതിജീവനത്തിനായ് വന്നവൾഞാനും

പൂക്കളെസ്നേഹിച്ചുവർണ്ണങ്ങളെ
തേടിനടന്നയെല്ലമ്മയെന്ന
രേണുകാംബവാണൊരീഭൂവിൽ
പിന്നീടെത്രയൊ കല്പാന്തങ്ങൾ
തുഴഞ്ഞെങ്കിലുംചിരസ്ഥായികളായി
മോഹനരാഗനൃത്തസംഗീത
ശില്പ്പങ്ങളുണർന്നുകലതൻ
യശസ്സുയർത്തിനാരായവേരുകളായ്
പടർന്നേറിയകന്നഡമണ്ണിൻകവന
കൗതുകത്തിൻനീലിമയിലലിഞ്ഞുചേർന്ന

സ്വപ്നങ്ങൾനെയ്യുന്നുപുതിയതാരരശ്മികളെ
കുപ്പിവളക്കിലുക്കത്തിൻപൊട്ടിച്ചിരികളായ്
പാദസരത്തിൻമണിക്കിലുക്കങ്ങളായ്
താഴ്വരകളെ ചുംബിച്ചുണർത്തിതലോടി
ബഹുഭാവസംഗീതത്തിൻമുരളീരവങ്ങളായ്
തുംഗകാവേരികൃഷ്ണാ, ബ്രഹ്മപുത്രാ
നദീസഖികളും....
യക്ഷഗാനംകരഗാട്ടെജാത്രെയെന്നുവേണ്ട
നാടോടിപെരുമഴതൂകുംതെരുവോരങ്ങളും
വിളമ്പുന്നുകലതൻമഹോൽസവങ്ങളും
കുമാരനാശാനാശയഗാംഭീര്യമായ് പാടിയ
ഗെരൊസൊപ്പനിർഝരികളുമീ
ദേശത്തിൻകഥകൾവാഴ്ത്തിപ്പാടി
കാവേരിനിന്നിലൂടൊഴുകുന്നു
സാന്ദ്രമൗനസംഗീതമലരുകളായി
അദ്വൈതഭാവത്തിൻശാന്തിമന്ത്രംജപിച്ചു

നില്ക്കുംകന്നഡമാതാവിൻപ്രിയപുത്രീ
നീയൊരഭൗമസൗന്ദര്യശില്പ്പമായ്
നിറയുന്നുപാരിൽ....
വണങ്ങുന്നുനിന്നെഞാൻകാവേരിസ്വസ്തി!
കന്നഡതൻസഖിയാംകേരളമണ്ണിൽനിന്നും
വന്നൊരീയാർദ്രമാംകവിമനസ്സുംവണങ്ങുന്നു
കാവേരി.... സ്വസ്തി.........

●

44

പ്രയാണം

പ്രച്ഛന്നവേഷമഴിച്ചുവെച്ചുയാത്രതുടരുക
അരുണോദയത്തിൻപ്രഭാതത്തിലേക്കായ്
കുടത്തിനുള്ളിൽ മുനിഞ്ഞുകത്തി, വിങ്ങി
കാമനകൾകനത്ത് മൗനത്തിൽ
കുതിർന്നലിഞ്ഞുറയും ശിലയാകാതെ.....
ചിന്തതൻചിറകുകൾകുടഞ്ഞുവീശി
പറന്നേറുകഗരുഡവേഗത്തിൽ
വിശ്വവിഹായസ്സിലേക്കായ്....
പ്രസരിപ്പൂഅനുരണനമായ്
ഉരുക്കഴിക്കും ആത്മനിവേദനത്തിൻ
മുരളീരവമായ് വാക്കിൻമന്ത്രം.....
സാഗരധ്വനികൾ ഉള്ളിലൊളിപ്പിച്ച്
ആയിരംതിരകളിൽകഥകളലിയിച്ച്
ആരുംകാണാതെ വിരാജിക്കുന്നുണ്ടിവിടെ
അറിവിൻവെൺശംഖുകളെത്രയോ....
നീലവാനിൻഹർഷാംശുകരങ്ങളാൽതഴുകി
ഊർജ്ജസ്വലയാക്കുക, ഇരുട്ടിൻവിറയാർന്ന
മുഖപടമണിഞ്ഞുപാതിമിഴികൂമ്പി,
വിതുമ്പിനിൽക്കുമീഭൂമീദേവിയേയും
ഊർജ്ജസാക്ഷ്യത്തിൻവിരലുകൾപതിഞ്ഞുണരട്ടെ

പൃഥ്വിതൻതണുത്തസിരാപടലങ്ങളും
വിരിയട്ടെസ്നേഹൈക്യത്തിൻസുന്ദരപാതകൾ!
സൗരോർജ്ജപ്രകാശവഴിയിൽ തെളിയുന്നു
പ്രയാണത്തിൻവിളക്കുകാലുകൾ
വിണ്ണിന്നനന്തതയുംമണ്ണിന്നാഴങ്ങളും
പൊള്ളും അനുഭവക്കോലാൽഅളന്നറിഞ്ഞു
കത്തിജ്വലിച്ചേറ്റുവാങ്ങുകഅഗ്നിസ്മിതങ്ങൾ
അയവിറക്കാനില്ല ചന്ദനം ചാലിച്ച
ഓർമ്മതൻതീർത്ഥകണങ്ങൾ!
വേട്ടയാടുന്നൊരാ പേക്കിനാക്കളെ ആട്ടിയകറ്റി
പടിയടച്ചുസാക്ഷയിടുക!
തിരിഞ്ഞുനോക്കരുതിനിപുകമറമൂടി
കരിന്തേളുകളിഴയുംകാട്ടുപൊന്തകൾനിറഞ്ഞ
പോയകാലത്തിൻപാതാളപ്പടവുകളെ
അകക്കൺതുറക്കുക.. ശിരസ്സുയർത്തുക
വിതറുകനക്ഷത്രരാജിതൻ
ശോഭയേയുമീശേഷിപ്പിലേക്കായ്...!

●

45
സൂത്രധാരൻ

ചലിക്കുന്നുപാവകളോരോന്നും
സൂത്രധാരൻകൊരുത്തൊരീചരടിലായ്
ഇഴഞ്ഞുനീങ്ങുന്നിവർതൻരാവുകളും
നനഞ്ഞശീലപോലിരുളിൽമുങ്ങുന്നുനിശ്വാസവും

കഥയറിയാതെയല്ലയോ ചമയങ്ങളണിവതും
പരകായങ്ങളായിയേറെനടന്മാരും
കൂടുവിട്ടുകൂടുമാറികാണികളുമീരംഗവീഥിയിൽ
നിഴൽപാവക്കൂത്തുകൾകാൺമതിന്നായ്

നിലാവുപെയ്തമുഖങ്ങളുമഴിഞ്ഞുവീഴുന്നുയീ-
സൂത്രധാരനൊരുക്കിയവാരിക്കുഴികളിൽ
അലക്കിവെളുപ്പിക്കുവാൻനോക്കിപലകല്ലിലും
നോവുസഹിയാഞ്ഞവയുംതിരിഞ്ഞുപലവഴിയേ

സത്യം ചവിട്ടിക്കുഴച്ചമണ്ണിലല്ലയോ
സൂത്രധാരനാമീകുശവൻകുടങ്ങൾതീർക്കുന്നതും
വെന്തുനീറിപ്പുകയുന്നോരടുപ്പുപോൽ
ചുട്ടുപൊള്ളുന്നുസത്യമാനസങ്ങളും

നിഴലുപോലുമന്യമാകുന്നൊരീവേളയിൽ

പ്രതിരോധഭാഷ്യംമുഴക്കിപാവകൾ
നിലച്ചുനിഴൽപ്പാവക്കൂത്തുകളും
അണഞ്ഞു, ജ്വലിക്കുംദീപനാളങ്ങളും

പാവകൾതൻചലനഭേദംകണ്ടു
ഭയക്കുന്നുവോയീസൂത്രധാരൻ
ഏറെയായാൽതിരിഞ്ഞെതിർക്കും
ഏതുസാധുജീവിതൻകരങ്ങളുമെന്നറിവീലെ?

കൊലവിളിമുഴക്കിചുവടുകൾവെച്ചു
സൂത്രധാരൻതൻശിരസ്സറുത്തുപാവകൾ
കത്തീപടുതിരിനാളങ്ങൾരംഗമണ്ഡപത്തിൽ
ആടിവീണു, ഒരുജീവിതത്തിൻയവനികയും

അശാന്തിതൻകരുക്കൾനീക്കി
കുടിയിരിപ്പൂയനേകംസൂത്രധാരന്മാരിവിടെ
ഒടുക്കയവരെധർമ്മത്തിൻവാൾത്തലയാൽ
ശുദ്ധികലശംചെയ്തു
പുണ്യമാക്കുകീലോകത്തേയും....!

●

46

വിരോധാഭാസം

അന്ന് കിഴക്കുദിച്ചുയർന്ന
തീഗോളമായിരുന്നെങ്കിൽ
ഇന്ന്, വെറും വിളറിയ ഒരു ചന്ദ്രക്കല
അതിരുകളില്ലാതെ പരന്നൊഴുകിയിരുന്ന
നിഷ്ക്കളങ്കതയിൽ
ഇറ്റുവീണവിഷത്തുള്ളികളുടെ
ചവർപ്പ്......
ഉറക്കംപടിയിറങ്ങിപ്പോയരാവുകളിൽ
ഉണർന്നവീണക്കമ്പിയിൽ
ശ്യാമരാഗത്തിന്റെമൂളലുകൾ
കൂടൊഴിഞ്ഞുപോയപഞ്ചവർണ്ണക്കിളികൾ.....
നിലയ്ക്കാതോടുന്നനാഴികമണിയുടെ
സൂചിപോലും... നിശ്ച്ചലതയിൽ
ഇടക്കുവഴുതിവീഴുന്നവാക്കുകൾക്ക്
ഞണ്ടുകളുടെഇറുക്കം........
ധൂർത്തോടെപൂത്തുനില്ക്കുന്ന
ഈകൊന്നപ്പൂക്കളിൽപോലും
നഞ്ഞുമണക്കുന്നു
ഇരുണ്ടമൗനത്തിന്
ഏരകപ്പുല്ലിന്റെമൂർച്ച

ഭൂമിയുടെപാളികൾപോലും
പിളർക്കുന്നശബ്ദവീചികൾ
ചിതറിയ കടന്നലുകളെപ്പോലെ
ചീറിയണയുന്നു
ഇവിടെപാരസ്പര്യത്തിന്റെ ഇഴയടുപ്പമില്ല
കൊടുക്കൽവാങ്ങലുകളുടെ പെരുക്കങ്ങളും....
കൊമ്പുകോർക്കലുകളും
മതിലുകളുടെ അകൽച്ചകളുംമാത്രം!
പ്രയോജനവാദങ്ങളുയരുന്നു
വിരോധാഭാസങ്ങളുടെ
ആകെത്തുകയായി.......!

47

മഹാമൗനം

കടുകുമണിക്കുസമാനം
ചെറിയവിത്തിൽനിന്നും
ഉരുവംകൊണ്ടമഹാവൃക്ഷമേ
(ചെറുതിൽനിന്നാണല്ലോ വലിയതിന്റെ ജന്മം)
കോടിവർഷംതപംചെയ്ത
മഹാമുനിയുടെ മഹാമൗനവുംപേറി
നീനിൽക്കുന്നു!
മണ്ണിന്നാഴങ്ങളിലേക്ക് വേടുകളിറക്കി
സ്വയംനവീകരിച്ച്
ആത്മവിശുദ്ധിആർജ്ജിച്ച്
ആയുസ്സിനെഅനാദിയാക്കുന്നെങ്കിലും
നിന്നെഉന്മൂലനംചെയ്യാൻ
തമോരൂപികൾ അണിനിരക്കുന്നു
പകരംലാഭക്കൊയ്ത്തുകൾക്കായ്
മണ്ണിന്റെ അവസാനഈർപ്പവും
വലിച്ചെടുത്ത്
ഊഷരമാക്കുന്നവർക്ക്
സ്ഥാനമേകുന്നു
തൊങ്ങലുപോലെനിൽക്കുന്ന
നിന്റെ ഇലകൾ

അനുനിമിഷംജപയജ്ഞത്തിലാണ്
ഭൂമിയിലെക്രൂരഹത്യകൾക്കെതിരെ
അവർസദാസമാധാനമന്ത്രമുരുവിടുന്നു!
മണ്ണിലെ സകലപ്രാണികൾക്കും
ആവാസവും, ആശ്രയവും, ഭക്ഷണവും
ഒരുക്കുന്ന നിന്നെ... അറിയാതെ പോകുന്നവരെത്ര!
അധമവ്യാപാരങ്ങളിൽ
വ്യാപൃതരായവർക്കുപോലും
ചുമടുകളിറക്കി നീതണലേകുന്നു
നീപ്രസരിപ്പിക്കുന്ന
ജീവവായുവിനെപ്പോലും
അവരവഗണിക്കുന്നു
ജീവമണ്ഡലത്തിന്നെയാകമാനം
സന്തുലിതാവസ്ഥയുടെ
ഏകത്വത്തിലേക്ക് നയിക്കുന്ന
നിന്നിലാണല്ലൊ ഈ കാപാലികർ
ക്രൂരതയുടെമഴുവെറിയുന്നത്
അനുഭവങ്ങളെ കടഞ്ഞ് കടഞ്ഞ്
അമൃതിനൊപ്പം
കൊടുംവിഷത്തെയും
നീമടിയാതെസ്വീകരിക്കുന്നു
ശ്രേഷ്ഠതയുടെ പര്യായമായ
അരയാലേ..... നീ ഈ അജ്ഞരോടു
പൊറുത്താലും.....!

●

48

അത്താണി

വണ്ട്.......
നിന്നെമറികടക്കാതെ
മറ്റൊരുവഴിയിലെത്താനാവുമായിരുന്നില്ല.
ജീവിതത്തിന്റെധൃതിഗതികളിൽ
നീയൊരനാവശ്യമായിരുന്നു
പക്ഷേതളർച്ചയിൽ
നീ-അത്യാവശ്യമായിരുന്നു
കിതപ്പാറ്റാൻ, നോവുകളഴിക്കാൻ, ചുമടുകളിറക്കാൻ
നേരമ്പോക്കുകൾപറയാൻ
വിരസതകൾക്ക് യാത്രചൊല്ലി
ദിവാസ്വപ്നങ്ങളുടെകൂടൊരുക്കാൻ
അടഞ്ഞുകിടക്കുന്നവഴികളുടെ
കനത്തവാതിലുകൾതള്ളിത്തുറന്ന്
പുതിയവഴികൾനെയ്തെടുക്കാൻ
കാറ്റിനേയും വെളിച്ചത്തേയും സ്വീകരിക്കാൻ
എല്ലാം. നിന്റെ സാന്നിധ്യം അനിവാര്യമായിരുന്നു
ജീവിതത്തോടിത്രയും ഇഴുകിച്ചേർന്നിരുന്നനീ
ഇന്നെവിടെയാണ്?
വികസനത്തിന്റെ വേഗവഴിയിൽനിന്നും
നീപറിച്ചെറിയപ്പെട്ടിരിക്കുന്നു
നിന്നെതിരയാനോകണ്ടെത്താനോ
ആധുനികകാലത്തിന്റെ കരങ്ങൾക്ക്
നേരമില്ല......

പറിച്ചെറിഞ്ഞെങ്കിലുംനിന്റെ സ്വത്വത്തെ
ആരാലുംനിഷേധിക്കാനാവില്ല
ഓർമ്മകളിൽനിനക്കേറെതിളക്കമുണ്ട്
താങ്ങും തണലുമായിരുന്ന
നിന്റെ പേര് പച്ചകുത്തിയിട്ടതുപോലെ (അത്താണി)
അത്താണികൾ നഷ്ടപ്പെട്ടവരാണ്
ഇന്നിന്റെ സന്തതികൾ
നിന്റെ ഇടങ്ങൾ

ആർദ്രതവറ്റിയ
പരിഷ്ക്കാരത്തിന്റെ സിമന്റുബഞ്ചുകൾ
കയ്യേറിയിരിക്കുന്നു........

●

49

ചോദ്യം

ഞാൻ വിരിച്ചിട്ടപാതയിൽ
മുള്ളുകൾപാകിയതാരേ
ഞാൻപാടിയപാട്ടിൻ
സ്വരങ്ങൾമുറിച്ചിട്ടതാരേ

ഞാൻതൂവിയനിലാവിൽ
കരിനിഴൽവീഴ്ത്തിയതാരേ
ഞാനുതിർത്തപൂങ്കുലകൾ
ചവിട്ടിമെതിച്ചുകടന്നതാരേ
ഞാൻമീട്ടിയവീണതൻ
സ്വനതന്ത്രികൾമുറുക്കിയതാരേ
ഞാൻവരച്ചിട്ടവാക്കിൽ
കത്തിമുനകൾതറച്ചതാരേ
ഞാൻ പെയ്യിച്ചമഴയെ
പ്രളയമാക്കികനപ്പിച്ചതാരേ??????????

●

50

വരകളും, ചിഹ്നങ്ങളും

വരകൾക്കും ചിഹ്നങ്ങൾക്കും
എന്നുംവാക്കുകളേക്കാൾ
അർത്ഥവ്യാപ്തിയായിരുന്നു.........
മുന്നിൽനെടുകേയും, കുറുകേയും വരകൾ
ചോദ്യങ്ങൾ, ആശ്ചര്യങ്ങൾ, ഫുൾസ്റ്റോപ്പുകൾ....
രണ്ടറ്റവുംകൂട്ടിമുട്ടിക്കാനാവാതെ
ചോദ്യങ്ങൾ
ഉന്നയിച്ചപ്പോൾ
ഒരുബിന്ദുവിലേക്കൊതുക്കി
കണക്കിലെകളികളെത്ര
കൂട്ടിയിട്ടും, കിഴിച്ചിട്ടും
വരകളുടെ പെരുക്കങ്ങൾമാത്രം
പിന്നീട്, വരകളിൽ
നിറങ്ങൾ തെളിഞ്ഞുതുടങ്ങി
പച്ച, നീല, ചുവപ്പ്
പച്ചയും, നീലയും ശാന്തരായികിടന്നു
പക്ഷേ, ചുവപ്പ്.... വെല്ലുവിളികളുയർത്തി
വരകൾമുറിച്ചുകടന്നാൽ
ആക്രമിക്കപ്പെട്ടേയ്ക്കാം

എന്നപൊതുബോധത്തിന്റെ
കടയ്ക്കൽ കോടാലിവെച്ചു
വരകളെ.... മുറിച്ചുകടക്കുകതന്നെവേണം
എന്നാലേ
സ്വാതന്ത്ര്യത്തിന്റെ
നക്ഷത്രങ്ങളെകാണാനാകൂ..

●

51

പ്രതിഷേധങ്ങളില്ലാതെ

മുന്നിൽതമസ്സിന്റെ
ഗർഭഗൃഹം
നക്ഷത്രരഹിതമായ
കണ്ണുകളിൽമഞ്ഞുമലകൾ
സൂര്യകാന്തികൾ
കൂമ്പിയിരിക്കുന്നു
ഇനിയൊരിക്കലും
മിഴിതുറക്കാനാവാതെ
ചുറ്റുംചിലന്തികൾ അവിശ്രമം
വലകൾനെയ്തുകൊണ്ടിരിക്കുന്നു
മുകളിൽ ഇരയെവട്ടംചുറ്റുന്ന
പ്രാപ്പിടിയൻ
ഭീതിയുടെകനലാട്ടങ്ങൾ;
വാലിൽകൊടിയ വിഷംനിറച്ചുവെച്ച് ചുരുട്ടി
നിമിഷങ്ങളെണ്ണുന്നകരിന്തേളുകൾ
അവസരമെത്തിയാൽ
സ്വന്തംശിരസ്സിൽകുത്തിയിറക്കാൻ....
പറയാത്തവാക്കുകൾക്ക്
നിറംകലർത്തി
ചുറ്റിപ്പിടിച്ച് കഴുത്തുഞെരിക്കുന്നവർ

മിഴിപ്പച്ചയുടെ പൊൻനാളങ്ങൾ
കത്തിച്ചുതന്നവർതന്നെ
തിരികൾവലിച്ചുതാഴ്ത്തി
കരിന്തിരിപുകക്കാൻ
തിടുക്കംകൊള്ളുന്നു
ജയിക്കട്ടെ.... എല്ലാവരും
അടുത്തുകാണുന്നമൈൽക്കുറ്റിക്കുമുന്നിൽ
ഇറങ്ങട്ടെ
...പ്രതിഷേധങ്ങളില്ലാതെ........

52

കാറ്റ് പുഴയോട്

കാറ്റ് പുഴക്കുസ്വന്തം
ഇച്ഛാനുസരണംവീശുന്നവൻ
പുഴയോ, സ്വത്വംമറന്നു
അനിയതരൂപത്തിലൊഴുകുന്നവൾ
കാറ്റ് കഥയുടെ ചെപ്പുതുറന്ന്
പുഴയെസമൃദ്ധയാക്കി
കഥകളിഷ്ടമായപുഴ
കണ്ടതും, കേട്ടതുംവിശ്വസിച്ചു
കാറ്റിന്റെമൃദുലചലനങ്ങൾ
പുഴയിലെഓളങ്ങളിൽ
ഭാവതരംഗങ്ങൾസൃഷ്ടിച്ചു
പുഴകടലിനെമറന്ന്
കാറ്റിനെ പ്രണയിച്ചു
(ഒഴുക്കിന്റെ മഹാഗതി നിർണ്ണയിക്കുന്നത് കടൽ)
കാറ്റുവീശുന്നിടത്തേക്കുമാത്രം
പുഴയൊഴുകി......
സ്നേഹവിശ്വാസങ്ങളുടെ
സങ്കീർത്തനങ്ങളായി
വിശുദ്ധപ്രണയമായി
സേവനവിധേയയായി

പ്രതിബദ്ധതയുടെ മൂർത്തരൂപമായ്
എപ്പോഴോ, കാറ്റിന്റെ
ദിശമാറിയത്
പുഴയറിഞ്ഞില്ല....
കാറ്റിനപ്പുറത്തേക്കുള്ള
പുഴയുടെഗതിയെ
കാറ്റെപ്പോഴും വിലക്കി....!
സ്നേഹരാഹിത്യങ്ങളുടെ
നിരാസങ്ങളുടെ
കൊടുങ്കാറ്റഴിച്ചുവിട്ടു
കാറ്റിന്റെവന്യമായ
ചിറകടികൾകേട്ട്
പുഴയുടെതാളത്തിലപസ്വരങ്ങളുടെ ചുഴികൾ.......
ഉള്ളുരുക്കങ്ങളുടെപിടച്ചിലിൽ
നിസ്സഹായതേങ്ങലുകളായ്
ദിശയറിയാതെ
പുഴയിലെഓളങ്ങൾ
ചുരമിറങ്ങിവരുന്ന
മലങ്കാളിയെപ്പോലെ
കുത്തിമറിഞ്ഞ് കലങ്ങിച്ചുവന്ന് പുഴ.........
വൈരാഗ്യത്തിന്റെ യുദ്ധമുറകൾ
അന്ത്യത്തിൽ
പടയൊഴിഞ്ഞയുദ്ധഭൂമിപോലെ
.....രോഷമെല്ലാംവെണ്ണപോലെ
കുതിർന്ന്
കലങ്ങിത്തെളിഞ്ഞ്
തെളിനീർത്തടാകംപോലെ

ശമസ്ഥായിയിൽ.... പുഴ
സത്വരജസ്തമോഭാവങ്ങളിലൂടെയുള്ള
പുഴയുടെസഞ്ചാരത്തിൽ
പകർച്ചയുടെ ശ്രുതിഭേദങ്ങളറിഞ്ഞ്
കാറ്റ് പകച്ചു
നിരന്തരം അപഹാസ്യയാക്കപ്പെടുന്ന
വിശ്വത്തിൽ, കപടനാട്യത്തിന്റെ
പർദ്ദയണിഞ്ഞവർക്കായ്
ഒരിക്കലും ഒഴുകുവാനാകില്ലെന്ന
പുഴയുടെ വാക്കുകൾക്ക്
അലകിന്റെമൂർച്ഛ
പാതിമുറിഞ്ഞസംഗീതംകണക്കെ
ചുളിവീണഓർമ്മകൾകണക്കെ
ഗതിമുറിഞ്ഞുകിടന്നുപലവിധം
കുടിലതയുടെ ചാട്ടവാറുകൾ
ആക്രോശിച്ചു
“പെയ്തുനിറയേണ്ട ഒഴിയുകവേഗമെന്ന്”
ധാർഷ്ട്യത്തിന്റെ കൊമ്പുമുളച്ചവർ
വിഷമാലിന്യങ്ങളെറിഞ്ഞ്
നിറംകെടുത്തി, അരൂപയാക്കി, മൃതപ്രായയാക്കി.....
നെടുങ്കൻപാറക്കെട്ടുകൾക്കിടയിലൂടെ
ഞെങ്ങിഞെരങ്ങിയൊഴുകി...
കഴുകിവിശുദ്ധമാക്കാൻ
കുത്തനെ.... വിലങ്ങനെ......... സമാന്തരമായി
പുഴയുടെഒഴുക്കിന്റെ
സുതാര്യതയെ

തടുക്കാനെന്നോണം
കാറ്റെപ്പോഴും ക്രൗര്യതയോടെ
എതിർദിശയിലേക്ക്
വീശി..........
എന്നാൽ പുഴ ഒഴുകേണ്ടവൾ
ഒഴുകുകയെന്നതത്രേനിയോഗം
ആത്മവിശ്വാസത്തിന്റെ
തേരിലേറിയപുഴയോട്
ആകാശത്തിന്റെ കാതരനീലിമമന്ത്രിച്ചു
ഒഴുകുക......ഒഴുകുക....ഒഴുകി.......... ഒഴുകി
സ്ഫടികസമാനമാക്കുകീഭൂമിയെ...........!

●

53

ഓംകാരം – – —

സ്നേഹത്തിന്റെ ഉറവവറ്റാത്ത
ചിത്തത്തിലെതപിക്കുന്നകണങ്ങൾക്ക്
അഗ്നിയുടെ ചൂട്.....
വസുധയുടെ മാനസപുത്രിയായി മണ്ണിന്റെ
സംഗീതം പാടിപിറന്നുവീണവൾ
പതിയുടെ കാല്പ്പാദങ്ങളെഅനുക്ഷണം
പിന്തുടർന്ന് സ്നേഹത്തിന്റെപൂന്തേൻ
പുരട്ടിജീവിതതന്ത്രിമീട്ടിയവൾ
അഗ്നിയുടെ പവിത്രതയേക്കാൾ
പരിശുദ്ധിയാർജ്ജിച്ചവൾ

നിശാചരനാൽഅപഹരിക്കപ്പെട്ട്
തിളങ്ങുന്നകണ്ണുകളിൽ
പ്രതീക്ഷയുടെ കെടാവിളക്കുകത്തിച്ചവൾ
സ്ത്രീയെന്നപദത്തെസാർഥകമാക്കിയവൾ
പാപികളുടെ വചനങ്ങളിൽ
പരിഹാസത്തിന്റേയും, അപവാദത്തിന്റേയും
അറക്കവാൾ ആഞ്ഞുവീശി
അവൾ, പുരുഷൻകൂട്ടുനിന്ന
ഗർഭഭാരവുമായി

നിഷ്ക്കരുണം അരണ്യഗർഭേ
തിരസ്ക്കൃതയായവൾ
ഉള്ളിലൂറുന്നജീവന്റെ
രക്ഷക്കായ് ഭിക്ഷാംദേഹിയായ്.......
തപഃചൈതന്യംപൂണ്ടവൾ
അവളുടെ ആർത്തനാദം
ഭൂമിയുടെ ഹൃദയത്തിലേക്ക് ആഴ്ന്നിറങ്ങി
അത് ഓംകാരത്തിന്റെ ധ്വനിയായിരുന്നു
ഇന്നും ഭൂമിയുടെ ഹൃദയവടുക്കളിൽനീറിക്കൊണ്ടി
രിക്കുന്ന
ഓംകാരം......!

54

വഞ്ചി

വിത്തഹങ്കാരത്തിന്റെ
പൊത്തുകളിൽകയറിയിരുന്ന്
പത്തികളുയർത്തി...............
കൂച്ചുവിലങ്ങുകളുടെനാക്കുനീട്ടി
കാട്ടുപോത്തിനെപ്പോലെമുരണ്ട്
കൊമ്പുകൾകോർത്തു
നിറവ്യത്യാസങ്ങളുടെ ഇഴപാകി
ചപ്പുചവറുകൾ കടിച്ചുതുപ്പി
ക്രൗര്യനിമിഷങ്ങൾക്ക് ആക്കംകൂട്ടി
പൊരുത്തക്കേടുകളുടെ
കൂട്ടിൽകയറ്റിവിചാരണക്കൊരുങ്ങി...
അനീതികളുടെ അമ്പുകളെറിഞ്ഞ്
ചിറകുകൾ അരിഞ്ഞുവീഴ്ത്തി
ദഹനക്കേടുകളുടെ വയറുവേദന
ഉറക്കംകെടുത്തുമ്പോഴും
ആത്മസംയമനത്തിന്റെ പടവുകളെ
അള്ളിപ്പിടിച്ചു....
മിന്നലുംകോളുമായി
മുറുകുന്നജീവിതക്കടലിലൂടെ
വെള്ളിരശ്മികൾപൊഴിയുന്ന കരതേടി
തുളവീണ് വെള്ളംകയറിയ
വഞ്ചിതുഴഞ്ഞുകൊണ്ടിരുന്നു........

●

55

ദിവ്യമുരളിക

മലയാളത്തിൻദിവ്യമുരളികയൂതിവന്നപൂങ്കുയിലേ
നമിക്കുന്നേൻകാവ്യമാംമഴകിന്നേഴുനിറങ്ങളെ
വാക്കിൻനക്ഷത്രക്കളമെഴുത്തിന്നൊളിചിതറിയ
ഭാവഗായകാ പാടുക വീണ്ടുമീകാവ്യനഭസ്സിൽ
"കരയും ഞാൻ കരയും ഞാൻ കരയും കവികളെ
കഴുവിൻ കയറ്റുമോ ലോകമേ നീയെന്നു
ചോദ്യസായകമെയ്തുലോകത്തിൻരസന-
ബന്ധിച്ചുപാടിയൊഴുകിയപ്രേമഗായകാ
വിരിയില്ലേയിനിയും കവിതതൻവസന്തങ്ങൾ?
വിപ്ലവാസക്തിതൻവിഷാദജ്വാലകളിലെരിയും
ജീവിതസത്യത്തിൻസമരരൂപത്തെയണിനിരത്തി
കൊയ്തെടുത്തുദുഷ്പ്രഭുത്വത്തിൻഹുംകാരങ്ങളെ.....
സ്വരരാഗസുധതൻപുല്ലാങ്കുഴലൂതികിനാവിൻ-
ചിറകുകൾവിരിച്ചലൗകികകാന്തിപടർത്തി
കനകച്ചിലങ്കയണിയിച്ചൊരുക്കിമലയാളകവിതയെ!
വിസ്മയഭാവപ്രകാശത്തിൻപരകോടിയിലിന്നും
ജ്വലിക്കുന്നുകവിസാർവ്വഭൗമതവനാമാക്ഷരങ്ങൾ....

●

56

ശിൽപ്പങ്ങൾ

പരശതംരൂപഭാവങ്ങളെ
മനസ്സിലേക്കാവാഹിച്ച്
വർണ്ണങ്ങളുടെമുഖത്തെഴുത്തുമായി
കല്ലിൽകവിതവിരിയിക്കുന്നവനെ
ഉണങ്ങാത്തവ്രണംപോലെ
നീണ്ടുവലിഞ്ഞുകിടക്കുന്ന
ഏകാന്തതകളിൽനിന്റെ കരവിരുതിന്റെ
ശിൽപ്പങ്ങൾ എന്നോടുസംസാരിക്കുന്നു
സർഗ്ഗശക്തിയുടെ ഉദാത്തതലങ്ങൾ
ഹൃദയത്തെതൊട്ടുണർത്തിതലോടുമ്പോൾ
നീകൊത്തിയെടുത്തശിൽപ്പങ്ങൾ
എന്റെ ചിന്തയുടെ പന്തിപ്പായചവിട്ടികടന്നുപോ
യി...........
വേരുകൾ നഷ്ടപ്പെട്ട ഇന്നലേകൾക്കുമുന്നിൽ
ആശങ്കമുറ്റിപകക്കുന്നമിഴികളേയും
പേറിനിൽക്കുമ്പോൾ
നീകൊത്തിവെച്ച് ജീവൻപകർന്ന
അമ്മയുടെ മാറിൽപറ്റിച്ചേർന്നുകിടക്കുന്ന
ഈഅരുമകുഞ്ഞ് വരും തലമുറയുടെ
പ്രകാശനാളമാകുമോ?
എന്നചോദ്യം എന്നിലുരുത്തിരിയുന്നു
പരിസ്ഥിതി സംരക്ഷണമെന്നു പറഞ്ഞ്

തീർത്ഥജലംകണക്കെ അനായസേന
തളിച്ചുകൂട്ടുന്നമാരകവിഷങ്ങൾ
വൈരൂപ്യത്തിന്റെ ബീഭത്സതകളെപെറ്റുപെരുകുന്നു
മഹാദുരന്തങ്ങളുടെ വായ്ത്തലയിൽ
പിടഞ്ഞമരുന്ന അനന്തജീവിതച്ചിത്രങ്ങൾ
മരണത്തിന്റെ കരുക്കൾനീക്കുകയാണോ........
നിന്റെ കരസ്പർശനത്താൽശിലകളിൽ ചൈതന്യ
ത്തിന്റെ
സൂക്ഷ്മതന്തുക്കൾവിരിയട്ടെ
സ്രഷ്ടാവിന്റെ അപരനായി നീ
കാലത്തിന്റെ ചുവരെഴുത്തുകളെ
ഈശിലകളിലേക്ക് പകർത്തി
ശാശ്വതസമാധാനത്തിന്റെ
ഗോപുരവാതിൽപണിതാലും................

●

57

തുമ്പികൾ

മാനത്തുപാറിക്കളിക്കുന്നതുമ്പികൾ
മനസ്സിന്റെബോധതീരങ്ങളിലൂടെ
പാറിനടന്നിരുന്ന ആഗ്രഹങ്ങളെപ്പോലെയായിരുന്നു
കാൽപ്പനികചാരുതയൊ,
ഗൃഹാതുരത്വത്തിന്റെ നനുത്തസംഗീതമോ
ആയിരുന്നു ഈ തുമ്പികൾ... അനന്തമായ ആകാ
ശത്തിന്റെ
ഇത്തിരിവട്ടത്തിൽമാത്രമെ
അവപാറിനടന്നിരുന്നുള്ളു
തനിക്കുചുറ്റുമുള്ള
തന്റെകൈപ്പിടിയിലൊതുങ്ങുന്ന
പരിമിതമായ വായുവിൽ
സഞ്ചാരണം ചെയ്യണമെന്നുമാത്രമേ
തുമ്പികൾ കരുതിയിരുന്നുള്ളൂ..........
എന്നാൽ അവയെ
മറ്റൊരുനിയോഗത്തിലേക്കെത്തിച്ചു
സ്ഥാനമാനങ്ങൾക്കുകലഹിക്കുകയും
കാംക്ഷിക്കുകയും ചെയ്യുന്നഅധികാരവർഗ്ഗം
"തുമ്പികൾ കല്ലെടുക്കട്ടെ"
എടുക്കാവുന്നതിലും ഭാരമുള്ള കല്ലുകൾ അവർ
തുമ്പികളെക്കൊണ്ടെടുപ്പിച്ചു.

ആ ഭാരം താങ്ങാനാവാത്ത
വൃഥയായിതുമ്പികളുടെ ആരോഗ്യത്തെകെടുത്തി
അതുതന്നെയായിരുന്നു
അതിനുനിയോഗിച്ചവരുടെ ലക്ഷ്യവും
നിരുപദ്രവകാരികളായവരെ
സമൂഹത്തിൽനിന്നും തുരത്തുകയെന്നത്....
തങ്ങളുടെ വർഗ്ഗത്തിന്റെ നാശം
മനസ്സിലാക്കിയതുമ്പികൾ
ഒറ്റക്കെട്ടായിനിന്നു
അധീശവർഗ്ഗത്തിനെതിരെ
നിരന്തരംപൊരുതിക്കൊണ്ടിരുന്നു
“ഐകമത്യം മഹാബലം”
എന്നതത്വത്തിലൂടെ
അവർപൂർവ്വാധികം കരുത്തോടെ
തിരിച്ചെത്തി
അധികാരവർഗ്ഗത്തിനെതിരെ നിറയൊഴിച്ചു.......
എന്നാലും അവിടവിടെ
കാരമുള്ളുകൾപോലെ തറച്ചുനിന്നു....
അധികാരവർഗ്ഗം പൊത്തുകളിൽനിന്നും
നീർക്കോലികളെപ്പോലെ നാക്കുനീട്ടി......
തുമ്പികൾ ഒന്നടങ്കം
അഹങ്കാരത്തിന്റെ നാക്കുപിഴുതെടുത്തു
പുതിയൊരുശക്തിയായി
സ്വാതന്ത്ര്യഗീതങ്ങളാലപിച്ചു
വിഹായസ്സിൽ പുതിയ ചിറകടിയുടെ താളത്തിൽ
അലകളുണർത്തി
തുമ്പികൾ വീണ്ടും പാറി നടന്നു..........

●

58

സ്വപ്നസൂര്യൻ

പകൽവെളിച്ചത്തിലേക്കൊന്നെത്തിനോക്കാതെ
യാത്രചൊല്ലിയൊരുണ്ണീ, നീയെൻജീവനിലുദിച്ചസൂര്യൻ
പത്തുമാസമൊരേഹൃദയത്തുടിപ്പിൻതാളമായ്
എൻജീവനിലലിഞ്ഞുചേർന്നവാത്സല്യശംഖേ
നിനയ്ക്കാതെയിരിക്കുന്നനേരത്തല്ലയോകഷ്ടം
പുക്കിൾക്കൊടിബന്ധമറുത്തടർന്നുപോയതും
വിങ്ങുമെൻചിത്തത്തിന്നുത്തരമെങ്ങുനിന്ന്/
നീറിചുരന്നൊഴുകുന്നുനെഞ്ചിലെപുഴയും
എങ്ങോട്ടൊഴുക്കുമുണ്ണീനിനക്കായ് കാത്തുവെച്ച
വാത്സല്യദുഗ്ദ്ധത്തിൻകദനനീരാഴിയും?
തപ്തമാനസത്തിലൂർന്നിറങ്ങുന്നുതിരയിളക്കങ്ങൾ
തപിക്കും രശ്മികൾതൻ ഉഷ്ണപ്രവാഹമുയരുന്നു
കാണാതെകണ്ടിട്ടുമെൻകണ്മണീനിനക്കി-
ത്തിരിനറുംപാലിറ്റിക്കാനാകാത്തപാപിഞാൻ
അമ്മയല്ലേ ഞാനൊരുവെറും പാവമമ്മ
ഈറ്റുനോവിൻകടച്ചിലിൽ വേവുന്നൊരമ്മ
എന്നുണ്ണിക്കായ്നെഞ്ചിലൂറും വാത്സല്യപ്പുഴയുമായ്
കാത്തിരിപ്പൂയിനിമറുജന്മത്തിലേക്കായ്

●

59

ജീവന്റെ ശീലുകൾ

ജീവന്റെ ശീലുകൾ ആർദ്രമായ് പാടി ഞാൻ
പടിയിറങ്ങും സന്ധ്യയെനോക്കിനിൽക്കെ
അകലെനിന്നേതോനോവിൻശ്രുതികൾ
പെരുമഴയായ് വന്നുകാതിലലയ്ക്കവെ

ഉടുപുടവകീറിപ്പറിഞ്ഞുറക്കച്ചടവുമായ്
നെഞ്ചിലടക്കിപ്പിടിച്ചൊരുകുഞ്ഞുമായ്
മോഹങ്ങൾകത്തിയമർന്നോരടുപ്പിൽനിന്നും
കനലൂതിയൂതിയെരിഞ്ഞുവരുന്നവൾ

പച്ചമാംസംകടിച്ചുകുടയാനായ്
വ്യാഘ്രങ്ങളൊരുപറ്റംചീറ്റിനിൽപ്പൂ
പേടിച്ചരണ്ടമിഴികൾ പരതുന്നു
പ്രാണരക്ഷാർത്ഥം പിടിവള്ളികൾ

എറിയുന്നു വാക്കിൻ ശരങ്ങൾവഴിക്കണ്ണുകൾ
കാർക്കിച്ചുതുപ്പുന്നുപകൽമാന്യന്മാർ
കൈതവമേതുമറിയാത്ത കാലത്തിൽപെണ്ണേ
ഏതുചെളിക്കുണ്ടിലേക്കാഴ്ത്തിനിന്നെ?

തമസ്സുതുപ്പുന്നകാമവെറിയന്മാർതൻ

കയ്യിലെകരുവായോപെൺകൊടിനീ?
പെരുകുന്നനുക്ഷണം മാരകകൃത്യങ്ങൾ
നിർദ്ദയം മായ്ക്കുന്നുനിയമവും സത്യവും

ഉറ്റവരില്ലാതെ ആർത്തയായലയുമിവളെ
ഏറ്റെടുത്താലും ക്ഷണത്തിൽവസുന്ധരേ..........
ആത്മവീര്യത്തിൻദീപശിഖപകർന്നു
കാത്തീടുകപെണ്മക്കൾതൻമാനാഭിമാനവും........

●

60

മന്ദാരം

വെൺമയും ലാവണ്യവും
ഇഴചേർന്നവളെ
നീയെപ്പോഴുംശാന്തിമന്ത്രം
ചൊല്ലിനിൽക്കുന്നു!
എപ്പോഴെങ്കിലും വിടരുന്ന
മിഴിദളങ്ങളിൽഅലിവിന്റെ ആർദ്രത
ആകാശത്തെശുക്രനക്ഷത്രംപോലെ
സ്വച്ഛതയുടെ അടയാളമായിനീ.........
അടിത്തട്ടിലെ അലമാലകളുടെ
ഇരമ്പലിനെ ആരേയുമറിയിക്കാതെ
സ്വയം ഏറ്റെടുത്തങ്ങനെ.........
ഇച്ഛിക്കുന്നവർക്കെന്തും നൽകുന്നവൾ
ബാഹ്യഗന്ധങ്ങളുടെകപടനാട്യങ്ങളില്ലാതെ
നുണകളുടെ പന്തലിപ്പില്ലാതെ
നിന്റെ ആത്മവിശുദ്ധിയാൽ
നീതിളങ്ങി.......
വെൺമയുടെ പ്രഭാപൂരത്തിൽ
കണ്ണുകൾമങ്ങി, നിനക്കുമുന്നിൽ
കുനിഞ്ഞശിരസ്സുകൾ
പരിഭവത്തിന്റേയും, പരാതികളുടേയും

കൂരമ്പുകളെയ്യാതെ
കാലംകുറിച്ചിട്ടനേരങ്ങളിൽ
മന്ദസ്മിതത്തിന്റെ മാറ്റുമായി
കാരുണ്യത്തിടമ്പേന്തിയനീ........
അകൃത്രിമശോഭയോടെ
വിരാജിക്കുന്നസൗന്ദര്യശിൽപ്പംപോലെ...
നിന്നെവർണ്ണിക്കുവാൻ ഉൽപ്രേക്ഷകളേറെവേണം

നിന്റെ പുഞ്ചിരിയിൽ പടർന്നിരിക്കുന്ന
നീലാംബരിയുടെ രാഗച്ഛവി
ആരുമറിഞ്ഞില്ല
ഈർപ്പത്തിന്റെ കനിവില്ലെങ്കിലും
പ്രഭാതങ്ങൾക്കുമോഹഭംഗമേൽപ്പിക്കാതെ
സ്വതഃസിദ്ധചൈതന്യത്താൽ
വെള്ളപ്പുടവയണിഞ്ഞുനീവന്നു
പ്രതിഫലേച്ഛയില്ലാതെ
ഫലങ്ങൾപൊഴിക്കുന്ന കൽപ്പതരുവെ... നിന്റെ നാമം
അന്വർത്ഥമായിരിക്കുന്നു.
“മന്ദാരമെ” അനന്യവിശുദ്ധിയുടെ
പര്യായമായിഭൂമിക്കുമീതെ
നീശിരസ്സുയർത്തിനിന്നാലും..........

●

61

ഭ്രാന്തർ

ഭ്രാന്തരെന്നുമുദ്രകുത്തിയിവരെ
ഭ്രാന്തമാംശീലങ്ങളേതുമില്ലാതെ
പിഞ്ഞിപ്പോയമനസ്സുമായി
ഉലയുന്നിവർനീതികേടിൻപാതയിൽ

ജലപ്പിശാചുക്കളെപ്പോൽമുന്നിൽ-
വന്നുതേറ്റകുത്തി അലയ്ക്കുന്നിതാരേ-
ഇരുളിൻസർപ്പത്തെവിഴുങ്ങുന്നുയീ
കൊടുങ്കാറ്റിൻസീൽക്കാരങ്ങളും

പാറുന്നിതാജീവിതത്താളുകൾ
മഞ്ഞളിച്ചുപഴകിയൊരേടുകളായി
ഭ്രാന്തർ, ഭ്രാന്തരെന്നുചൊല്ലിരസിപ്പു
ചോരയൂറ്റുമീരക്തരക്ഷസ്സുകളും

കോച്ചിവലിപ്പൂബോധഞ്ഞരമ്പുകൾ
ഉന്നംതെറ്റിയവിചാരങ്ങളുമായ്
പാളംതെറ്റിയോടുന്നൊരാവി-
വണ്ടിപോൽ പുകച്ചുരുളുകളുയർത്തി

വെട്ടുന്നുചതിക്കുഴികൾ, കൊടും-
ക്രൂരതകൾകൊടികുത്തിവാഴുന്നു

വീണ്ടുമെറിയുന്നുപകിടകൾ
ജീവിതചതുരംഗക്കളങ്ങളിലേക്ക്
വിജയിപ്പൂശകുനിമാരനേകം
തലകുനിപ്പൂധർമ്മത്തിൻപടിവാതിലും
ഏതുനീതിബോധത്തിൽ
വാഴുന്നിവിടെമർത്ത്യനും

അടിതെറ്റികെണിയറിയാതെ
വഴുതിവീഴുന്നുഅന്ധകൂപത്തിലേക്കായ്
ചരടുവലികളറിയാതെയവശേഷിപ്പൂ
നിങ്ങളുമീകോണിൽഭ്രാന്തരായി

വഴികളിൽമുള്ളുപതിക്കുന്നു
സംരക്ഷിച്ചിടേണ്ടകൈകൾ
കറയറ്റൊരാഹൃദയത്തിൻ
നൈർമ്മല്യവുമിന്നെവിടെ?

ആരവമൊതുങ്ങി, പടയാളികൾമറഞ്ഞു
പേർത്തുമുരുളുന്നുജീവിതച്ചക്രം
സ്വാർത്ഥലോഭത്തിൻമൂർത്തികൾമാത്രം
വിജയത്തിൻതൂവൽചൂടിനിൽപ്പൂ

താളംപിഴച്ചോരുമനസ്സുമായി
വ്യഥിതഭാണ്ഡവുംപേറി
താന്തരായലയുന്നിതാനന്മകൾ
പാതയോരത്തെ ഭ്രാന്തരായി...!

62

ആശുപത്രി

ഏറെനേരമായിരിപ്പൂയാശുപത്രിതൻമുറ്റത്തു
നാട്ടുവിശേഷങ്ങളോതിതണുത്തകാറ്റുംകൂട്ടായി
ജനസാഗരമിരമ്പുന്നുരോഗനിബിഢമാം
സാന്ദ്രദുഃഖമൗനത്തിൻ കയങ്ങൾതെളിയുന്നു
മൗനത്തിൻ കയത്തിലാഴുന്നു മരുന്നിൻ മടുപ്പുകളും
ജനിമൃതികൾക്കിടയിൽ പിടയുന്നു മനുഷ്യരും
തിങ്ങുമശാന്തിതൻ ഭാണ്ഡക്കെട്ടുകളുമേന്തി
കുഴിഞ്ഞതോളുമായെരിഞ്ഞുതീരുന്നുപലരും
ഒന്നഴിച്ചുവെക്കുവാനത്താണിയില്ലാതെ
പതിയെനീങ്ങുന്നുചിലർ ഘനശൈത്യയാമങ്ങളിലൂടെ
ഇതിഹാസസമാനമീജീവിതാദ്ധ്യായത്തിൻ
കഥകളെത്രതോറ്റിയുണർത്തണമരുണോദയത്തിനായ്
പാപഭാരത്തിൻമുൾക്കുരിശുകൾപേറി
ചോരവീണുനനഞ്ഞുനീറും വ്രണങ്ങളുമായ്
വാപിളർക്കുന്നുരോഗാതുരതകളുമേറെ.
ശൂന്യമാംവഴിത്താരമാത്രംമുന്നിലലസമായ്
ജീവിതത്തിൻ മണിവീണകൈയ്യിലേന്തി
എത്രജന്മങ്ങളീപടിയിറങ്ങിശ്രുതിയിടുന്നുപിന്നെയും......

●

63

ശിവമയം

ഭാവങ്ങൾതൻമഴവില്ലുതിർത്തു
നടനവൈഭവകാന്തിപരത്തി
അഭിനയലാവണ്യത്തിൻതങ്ക-
ത്തിടമ്പഴിച്ചുവെച്ചുയാത്രയായി..........

അടർന്നുവീഴുന്നുശിവമയമാം
സൗഗന്ധികനിമിഷങ്ങൾ, ഹന്ത
തേങ്ങുന്നുനിറഭേദങ്ങളാം
വിരഹത്തിൻനിസ്വനങ്ങൾ.......

സിന്ദൂരശോഭപകരില്ലിനി
രാവിൻകമലദളങ്ങൾതീർക്കുവാൻ
വിരിയില്ലിനിമണിനൂപുരത്തിൻ
മന്ത്രധ്വനികളായി മലരുകളും.............

അരങ്ങിലെ ഒറ്റത്താമരപ്പൂവായി
ഇന്ദ്രനീലപ്രഭാഭാസുരമായി
മറഞ്ഞുതിരശ്ശീലക്കകത്തേക്കു...
കാലത്തിൻഅഭിനയനൈപുണ്യം

പെണ്ണഴകിൻ പ്രപഞ്ചമൊരുക്കി
സ്വത്വപ്രധാനമാംശക്തിയേകി
അർത്ഥപൂർണ്ണങ്ങളാക്കി കടന്നുപോയി
കനകോജ്ജ്വലങ്ങളാം നിമിഷങ്ങളും

നിലച്ചുചിറകടിയും ഒഴിഞ്ഞുതിരകളും
പെൺപ്രഭാവത്തിന്നരങ്ങും ഘനീഭവം
കണ്ണടച്ചുമൂകംകളിവിളക്കും
നമ്രശിരസ്ക്കരാവുന്നുചരാചരങ്ങളും

മായില്ലൊരിക്കലുമീയരങ്ങിൽനിന്നും
എത്രജൻമങ്ങൾകൊഴിഞ്ഞാലും
ചിരസ്മരണയാൽ കത്തി നിൽക്കും
സ്ത്രീഭാവത്തിൻദീപ്തപ്രകാശമായ്

●

64

രുദ്രതാളം

കനലുതിരും രുദ്രതാളത്തിലമർന്നു
കടുന്തുടികൊട്ടിയുണരുന്നുജീവിതങ്ങൾ
രുധിരദാഹംമൂത്തുജടയഴിച്ചുചടുലമായ്
ചുടലനൃത്തമാടിരക്തവർണ്ണമാക്കുന്നു
പകലിരവുകളെ...........

നോവിൻഞണ്ടുകളിറുകുന്നുഹൃത്തടങ്ങളിൽ
മൗനവാത്മീകങ്ങളിലൊളിയുന്നുദീപശിഖകളും
പാഴ്ത്തിരകളായവശേഷിപ്പൂപലരും
ചിറകൊടിയും ചിന്തകൾ പേറിവ്രണി
തമനസ്ക്കരായ്......

കൂരിരുൾപാകിനന്മതൻകാന്തിയകറ്റി
പടർന്നുകയറുന്നധർമ്മത്തിൻവേരുകൾവേടുകളായി
സപ്തവർണ്ണത്തിൻവില്ലുവിരിയിക്കുവാൻ
വെളിച്ചംവിതറുന്നപകലോൻതൻ
വീചികളെവിടെ?.........

കൈമുകുളങ്ങളുയർത്തിനഗ്നമാംവാനംനോക്കി

വിലപിപ്പൂനീരിന്നുഴറുംവേഴാമ്പൽപ്പോലനേകർ
മറയുന്നുസ്മേരവക്ത്രങ്ങൾതീർക്കുന്നുരുധിരക്കളങ്ങൾ
ഉഴുതുമറിക്കുന്നുശാന്തികവാടങ്ങളെ.......

ഗർത്തങ്ങളിലേക്കിഴയുന്നുവെളിച്ചത്തിൻവിരലുകൾ
അന്ധതമിസ്രമാകുന്നുഅപരാഹ്നങ്ങളും
കനലിൽനിന്നൊരുനെയ്ത്തിരിനാളമുയരുന്നുവോ
ശുഭകാമനതൻപൂക്കളംതീർക്കാനായ്..........

●

65

തേടിനടന്നുഞാൻ

തേടിനടന്നുഞാൻ
വെളുത്തസൂര്യന്മാരെ
കണ്ടില്ല, കണ്ടതു
കറുത്തസൂര്യന്മാരെ

തേടിനടന്നുഞാൻ
പൗർണ്ണമിതിങ്കളെ
കണ്ടില്ല, കണ്ടതു
തിങ്ങുമമാവാസികളെ

തേടിനടന്നുഞാൻ
ജലമുഖരിതമാംതീരങ്ങളെ
കണ്ടില്ല, കണ്ടതു
നിർവ്വേദമാംമണൽക്കൂമ്പാരങ്ങളെ

തേടിനടന്നുഞാൻ
കിളികൾപാടും വയൽവഴികളെ
കണ്ടില്ല, കണ്ടതു
കണ്ണീരുവറ്റിയഭൂമിയെ

തേടിനടന്നുഞാൻ
ചിരിക്കും നക്ഷത്രജാലങ്ങളെ
കണ്ടില്ല, കണ്ടതു
വാനംകീറിമുറിക്കും ഗർജ്ജനങ്ങളെ
തേടിനടന്നുഞാൻ
ചാന്ദ്രമയൂഖത്തെ
കണ്ടില്ല, കണ്ടതു
തേർവാഴ്ച്നടത്തുംഇരുൾമാലകളെ

തേടിനടന്നുഞാൻ
പൂർണ്ണതയെന്നസത്യത്തെ
കണ്ടില്ല, കണ്ടതു
അപൂർണ്ണമാംസമസ്യകളെ

പൂർണ്ണതയെന്നൊന്നില്ലെന്നറിവു
അന്ത്യത്തിൽപ്രജ്ഞയും
വിണ്ണിലുംമണ്ണിലുംവിളങ്ങു-
മൊരേചൈതന്യംസനാതനം....

66

പാദസരം

ചുണ്ടപ്പൂവിട്ടുതുടുത്തൊരെൻമിഴിയിലേക്കു
പ്രണയസായകമെയ്തലാവണ്യമെ
കാട്ടുതേൻപോലെകലർപ്പറ്റസ്നേഹ-

മുതിർത്തുപൂങ്കാവനമാക്കിനീജീവിതം
തുച്ഛമാംനിമിഷങ്ങളെകോർത്തിണക്കി
വാർത്തെടുത്തുനീയൊരുചന്ദ്രികാമണ്ഡലവും
യാത്രയാക്കീടുവാൻവന്നതല്ലേസഖീ
നടന്നേറെദൂരംനീയുംകിടാങ്ങളും
മൃദുഹാസംപൊഴിച്ചാപുഴയിലെ
ഓളങ്ങളുംകുണുങ്ങികഥകൾചൊല്ലിയാടി
നിൻപാദത്തിലെമണിനിസ്വനത്തിനായ്
വെള്ളിക്കൊലുസ്സുമായിവരാമെന്നേറ്റതല്ലേ?
തോളിൽചാഞ്ഞുതേങ്ങുന്നപൈതലിൻ
വിതുമ്പലടക്കികവിളിൽമണിമുത്തമിട്ടു
വിഹ്വലയായ് നിൽക്കുന്നനിന്നിലുയർന്ന-
നിശ്വാസമൊരുചുടുതെന്നലായെന്നിലണഞ്ഞതും—
ഏറെവഴിതാണ്ടിഞാൻതിരിഞ്ഞുനോക്കീടവെ
തുളുമ്പുമാമിഴികളുമെന്നോടോതിയതെന്തേ?
അകലേക്കകലേക്കായൊരുബിന്ദുപോൽ

ചുരുങ്ങീടവെനീയും കിടാങ്ങളും....
ഹേമന്തസ്വപ്നങ്ങളെതാലോലിച്ചു
ആവിവണ്ടിയിലേറിഞാൻ യാത്രയായി
പൂത്തുനിൽക്കുമീജീവിതപൂവാടികയിൽ
കുങ്കുമംവാരിയണിഞ്ഞുനിൽപ്പൂചക്രവാളങ്ങളും
വൈദ്യുതദീപാലംകൃതസന്ധ്യയിൽ
ദീപ്തമാമൊരുരംഗമണ്ഡപത്തിലേക്കായ്
കേശഭാരക്കിരീടംചൂടിഞാനൊരുങ്ങീടവെ
തേടിയെത്തിയതേതൊരുനനവിൻസന്ദേശം?
ജീവിതപുസ്തകമേന്നേക്കുമായടച്ചുവെച്ചു
യാത്രയായെന്നോസഖീയൊന്നുമുരിയാടാതെ?
ആട്ടവിളക്കിൻതിരിജ്വലിച്ചുകത്തുമ്പോഴും
തെളിയുന്നതെന്തുമനതാരിൽനിന്നാർദ്രഭാവമോ!
തളരുന്നിതയ്യോമനവുംതനുവും
ചിതാഗ്നിയിലെരിയുന്നിതുചിത്തവും
ഹൃദയകുടീരത്തിൽനിനക്കായ് തീർത്ത
പാദസരത്തിൻപ്രണയനിസ്വനംനിലച്ചു
തീവ്രദുഃഖത്തിന്നരങ്ങിലേകനായാടവെ
ആളിക്കത്തുന്നുമാനസത്തിൻതിരിനാളവും
ഋതുപാദങ്ങൾകൊണ്ടളന്നുകടന്നുപോകുന്നു
കാലത്തിൻസമയമാപിനിയും...........

67

വലക്കണ്ണികൾ

തിമിരാന്ധകാരമുറ്റത്തുകിടന്നുപിടയുന്നു
അനവദ്യസ്വപ്നങ്ങൾതൻചിറകുകൾ
ചിരിമാഞ്ഞുറങ്ങുന്നുമഞ്ചാടിമണികൾ
ഉത്തര-ദക്ഷിണധ്രുവങ്ങളിലെത്താതെ
പെയ്തിറങ്ങുന്നുപേക്കിനാക്കളിരുളിൻമറയിൽ-
വിരസമാംവെയിൽകുടിച്ചുവാടുന്നുപകലുകളും
അനുയാത്രികരായ് മുറുകുംമനുഷ്യവ്യഥകളും
അഴിക്കാനരുതാത്തവലക്കണ്ണികൾപോലെ.....
എട്ടുകാലികൾചേർന്നുനെയ്തെടുക്കുന്നുദുഷ്കൃതികൾ
ധൂസരമാകുന്നുയീധരിത്രിതൻസംസ്കൃതിയും
അടിച്ചിറകരിഞ്ഞുവീഴ്ത്തുന്നുധർമ്മബോധത്തെ
അകലേയ്ക്കുയാത്രയായ് ധവളസ്വപ്നങ്ങളും
ശരമാരിപെയ്തുനുറുങ്ങുന്നുമാനസങ്ങൾ
പതിതരാകുന്നുയീ താഴ്വാരത്തിലേകരായ്
എവിടെയാകർമ്മബന്ധത്തിൻതായ്വേരുകൾ?
എവിടെയാസ്ഫടികസ്നേഹത്തിൻനൂലിഴകൾ?
അകലേക്കാണുമേതോപ്രഭാപൂരത്തിൽ
മുഗ്ദ്ധരായ്, ഉൾക്കരുത്തിനായ് നിൽപ്പൂയിവർ
പേർത്തുമീകീറിയജീവിതംതുന്നിച്ചേർക്കുവാനായ്.....

●

68

ഓണനിനവ്

കാൽത്തളയാട്ടിവരുന്നൂവീണ്ടും
ഓണനിലാവീഓർമ്മത്തേരിൽ
നീളെപൂത്തുവിരിയുംതുമ്പിപാട്ടിൻ
മംഗളധ്വനികൾ... നിരനിരയായി
മാമലനാടിൻതുയിലുകൾപാടി
ഓടിയണഞ്ഞുബ്രാഹ്മമുഹൂർത്തം
ഓളമിളക്കിഓമൽക്കിനാക്കൾ
ഓണവെയിലൊത്തുകളിക്കുന്നു
പൊൻകതിർവീശികർഷകകന്യക
പൂത്താലിയണിഞ്ഞൊരാവണിസന്ധ്യകൾ
പോയകാലത്തെയൂട്ടിയുണർത്തി
എതിരേറ്റുപാടുന്നുസ്വാഗതഗാനം
മഞ്ഞുമൂടുന്നുവോ പൊൻകിനാചെപ്പിൽ
പാറിയകലുന്നുദിവാസ്വപ്നപറവകൾ
യാമങ്ങളെത്രയോവഴിപിരിഞ്ഞതറിഞ്ഞിട്ടും
ഏകതാരമീട്ടിയിരിപ്പൂഓണനിനവുകൾ
എന്നെപിളർക്കുംമഹാതിരകളായി
ഉള്ളിൽഉടക്കുന്നുമഹാമൗനതീരങ്ങൾ
മിന്നൽക്കൊടിപോൽജ്വലിച്ചൊരാകാലം
കവിതയായ് മാത്രംഉള്ളിൽഉറയുന്നു
ഒഴുകുന്നുകാറ്റിന്റെഉഷ്ണവേഗങ്ങളിൽ
ചിറകടിച്ചെത്തുന്നഓണസ്മൃതികളും

●

69

സമവാക്യങ്ങൾ

ശരവേഗമാർന്നമനസ്സുപായുന്നിതാ
ഉന്മാദചിന്തതൻരഥഘോഷത്തോടെ
ശിശിരനിലാവിൽതെളിഞ്ഞകൊമ്പിൽ
പഴയപാട്ടുമൂളുന്നുവടക്കൻകാറ്റും
മഴയില്ല, ആലിപ്പഴങ്ങളുമില്ലിവിടെ
മകരമഞ്ഞിൻകൊടുംമലകൾമാത്രം
മുങ്ങും, നിവരുംകുംഭനിലാവിൽ
മയങ്ങുന്നുതെരുവോരക്കാഴ്ച്ചകളും
വാക്കിൻവളക്കിലുക്കങ്ങളൊപേടിച്ചു
ഭ്രാന്തമായ്പൊട്ടിച്ചിരിച്ചുമടങ്ങുന്നു
മരുപ്പച്ചതൻമർമ്മരങ്ങളെബാക്കിയാക്കി
പൊരുളിൻമൊഴികളും കടൽകവർന്നു
പുലരി, നിലാവൊളി, പൊന്നിൻവെയിലുകൾ....
തിരമാലപുൽകികരുത്തുറ്റസ്വപ്നത്തെ
ഏതേതുഭാവത്തിൽഅന്വയിക്കേണം
ജീവിതസ്വരിതത്തിൻസമവാക്യങ്ങൾ....?

●

70

നിറച്ചാർത്തുകൾ

കനകകാന്തിതൻകതിര് വിളയിച്ച സ്വപ്നമേ
തിരസ്ക്കാരത്തിൻമുറിവുനൽകിതിരിച്ചുപോകുന്നുവോ?
നിനയ്ക്കാതെയെത്തിയ അതിഥിയായ്നീ
ജീവിതവളക്കിലുക്കമേകിദിനരാത്രങ്ങളിൽ
കാത്തിരുന്നെത്രകനവുകൾനെയ്തെടുത്തു
കസവുനൂലാൽഞൊറിഞ്ഞുവെച്ചസ്വപ്നങ്ങൾ
കാലത്തിൻകടൽനീന്തിതുഴഞ്ഞുനീയെത്തി
കനിഞ്ഞുനൽകിയില്ലേജീവിതത്തിന്നീനിറച്ചാർത്തുകൾ
സപ്തസ്വരത്തിൻശ്രുതിലയതാളങ്ങളൊരുക്കി
തന്ത്രികളണിഞ്ഞുചേർത്തുവെച്ചുഞാനീനെഞ്ചിലേക്കായ്
പഞ്ചവർണ്ണകൂടൊരുക്കികാത്തുവെച്ചൊരീസ്വപ്നം
എന്നിട്ടുമെന്തേ നീയെന്നെയറിയാതെപോയതും?

●

71

സ്വരജതി

മിഴികൾക്ക് മീതെ
പീതവർണ്ണരേഖയുള്ളപക്ഷി
കാറ്റിലൂയലാടുന്ന
അരയാൽച്ചില്ലയിലിരുന്ന് നീ
പാടുവതെന്തേ
പ്രദോഷസന്ധ്യകളിൽ
ഘനീഭവിക്കുന്ന
മൗനത്തിന്റെ തുണ്ടുകളിലേറി
നിന്റെ സ്വരമാധുരി
ചക്രവാളങ്ങളെപ്പോലും
വാചാലമാക്കുന്നു
മിഴികളിൽ ഭക്തിയുടെ
കനം തൂങ്ങി
പ്രദക്ഷിണ വഴികളിൽ
സദാ മന്ത്രമുരുവിടുന്ന
ആലിലകൾ
നിന്റെ കൊക്കിൽ
നിറച്ചുവെച്ച സ്വരമണികൾ
ഏതു സങ്കീർത്തനത്തിന്റെ
ആരോഹണാവരോഹണങ്ങൾ
നിനക്കൊപ്പം സഞ്ചരിക്കുന്നവർ

ഈ പ്രപഞ്ചത്തിന്റെ
നവരാത്രി മണ്ഡപത്തിൽ
പാടുന്നുവോ?
ദുർഘടപാതകൾ ചവുട്ടിക്കയറി
മലമുകളിലെത്തിയവർ
ഓതിത്തന്നതോ
ഈ ഗമകങ്ങൾ?
അതോ രുദ്രാക്ഷമണികൾ
എണ്ണിയെണ്ണി
സുകൃതം പൂകിയ
സാന്ധ്യമേഘങ്ങളോ
നിന്റെ സ്വരസ്വാധീനത്താൽ
മുകിലുകളുടെ യാത്ര
മന്ദഗതിയിലാകുന്നുവോ
അവ നിന്റെ ഗാനശകലങ്ങൾക്കായ്
ചെവിയോർത്തിരിക്കുന്നു
അല്ലയോ പക്ഷീ
നീയാർക്കുവേണ്ടിയാണീ
സ്വരജതികളുതിർക്കുന്നത്?
കുരുതികളുടെ പേക്കൂത്തുകൊണ്ട്
ശിരസ്സു താഴ്ന്ന
ഈ ഭൂമിയെ ഉണർത്താനോ
അവളുടെ വേദനകളിൽ
അലിവിന്റെ സംഗീതം പുരട്ടി
സ്നിഗ്ദ്ധമാക്കി
സ്വാതന്ത്ര്യത്തിന്റെ
സ്നേഹവിഹായസ്സുകൾ
തുറന്നുകൊടുത്താലും!

രാഗങ്ങളുടെ മഴപ്പെയ്ത്തിൽ
ലീനയായി മാനസശുദ്ധിക്കായി
നീ പാടുക... യതികളില്ലാതെ
പ്രകൃതിയുടെ നിയാമകതത്വങ്ങൾക്കപ്പുറം
പൊരുത്തപ്പെട്ട്
ശക്തിപ്രാപിക്കുക
നല്ല പ്രഭാതങ്ങൾക്കായ്
വീണ്ടും പുതിയ സ്വരജതികളുതിർക്കുവാൻ!

●

72

വാക്കുകൾ

മുങ്ങാംകുഴിയിട്ടാഴങ്ങളിലെ
വെൺനുരകൾ തേടി
തുടരുന്നുയീ പ്രയാണം
വാക്കിൻ ചിപ്പികൾക്കായ്
വഴുതി മാറുന്നോരോ
വാക്കുകളും ദ്രുതഗതിയിൽ
രുധിരത്താളത്തിലുറയുന്ന
ലോകത്തെ ഭയക്കുന്നോ?
രസഭേദത്താൽ ജ്വലിക്കും
കനലിൽ ചുട്ടെടുത്ത
വാക്കിൻ വൈഡൂര്യ-
ത്തിളക്കങ്ങളെവിടെ
യൊളിപ്പൂ....?
സമയബോധമില്ലാതുയരുന്ന
ചൂളം വിളികൾ
കാലയാനത്തിൽ മുഴങ്ങുന്നു
അപായച്ചങ്ങലകളും....
ഋതുബോധങ്ങളില്ലാതെ
തിമിർത്താടുന്നു
കൊടുങ്കാറ്റും കാലവർഷവും

വിഷജ്വരങ്ങളിൽമുങ്ങുന്നു
വെൺമ തൻതൂലികകളും
അമൃതകുംഭത്തിൻ
നിലാമഴകളുമിന്നന്യമാകുന്നു
മുറിവുകൾ തീർത്തു
പടവുകളടയ്ക്കുന്നു ചിലർ
ഇരുളിൽ തേറ്റ മുളപ്പിച്ച-
തിലടയിരിപ്പൂ മറ്റു ചിലോർ
ഏതുകരാളത്തിരകളിലമർന്നു
പോയാലും മടങ്ങാനാവില്ല
വാക്കിൻ വെൺശംഖുകൾ
നേടാതെ....

●

73

ആന്ധ്യം

ചീത്തകൾകൊത്തിവലിക്കും
കാക്കകൾതന്നുള്ളംപോലു
മെത്രയോവിശുദ്ധി
എന്നാൽവൃത്തിനടിക്കുംമനുഷ്യർക്കുള്ളിലൊ
നിത്യവും നിറയുന്നു
കുന്നുപോൽപാപചിന്തകൾ
എണ്ണിയെണ്ണികുത്തിനിറച്ചുന്നം
തൊടുക്കുന്നിവർ
അന്തമെഴാത്തൊരു
പാപകർമ്മങ്ങളായ്
ദുഷ്കൃതങ്ങളിങ്ങനെ
ചെയ്തുകൂട്ടുമ്പോഴറിയുന്നിലാ
അറിയാതെവന്നുചൂഴുന്ന
മഹാവിപത്തിൻ
ഘോരകാന്താരങ്ങളും
എത്രയോകാതങ്ങൾക്കപ്പുറത്തു
നിന്നുംപൂർവ്വസൂരികൾപാടിത്തന്ന
ജീവിതത്തിൻനേരുകളെന്നറിയുമിനി
പൊരുളുകളെല്ലാംകാലടിക്കീഴിൽ
എന്നുനിനച്ചുജീവിപ്പൂ അന്ധകൂപത്തിലുള്ളോർ!

●

74

ഒറ്റത്തിരി

കാറ്റിന്റെ ഉഷ്ണവേഗങ്ങളിൽ
ഉലയുമ്പോഴും
ഉള്ളിൽതെളിഞ്ഞു കത്തുന്ന
ഒറ്റത്തിരി
പലപ്പോഴും വീശിയടിക്കുന്ന
കാറ്റിന്റെ തീനാളങ്ങൾക്ക്
അന്നമാകാതിരിക്കാൻ
അതിനെ നെഞ്ചോട്
ചേർത്തു പിടിച്ചു
എന്നിട്ടും കരിന്തിരി
കത്തി
പുകമണം പരന്നു
ജടയഴിച്ചിട്ട വനദുർഗ്ഗയെപ്പോൽ
കാറ്റ് പ്രതിരോധങ്ങൾ
അഴിച്ചുവിട്ടു
അതിജീവനത്തിന്റെ കരുത്തുറ്റ
ചിറകുകളെ തേടി.....
പുതിയ വായുവിന്റെ
രാസപരിണാമത്തിൽ
ചിക്കിമിനുക്കിയെടുത്ത്
ഗരുഡ വേഗത്തിൽ
ഉയർന്നു പറക്കാൻ

കൊച്ചരിപ്രാവുകളിൽ നിന്നും
പക്ഷിരാജനിലേക്കെത്തണം
അടച്ചിറകിന്റെ താളം
പിഴക്കരുത്
ഊർജ്ജദായിനിയായി
മച്ചകത്തപ്പോഴും കെടാതെ
ആ ഒറ്റത്തിരി
ഋതുക്കൾ കൊഴിഞ്ഞും വിരിഞ്ഞും
വിളക്കുകൾ ക്ലാവു പിടിച്ചെങ്കിലും
തേച്ചു മിനിക്കുക
ഉൾക്കരുത്തിന്റെ പുതിയ
ചിറകുകൾ കിളിർക്കട്ടെ
അപ്പോഴും ആ ഒറ്റത്തിരി
കെടാതെ കത്തുന്നു!

●

75

അഗ്നി

ആളിപ്പടരുന്നിതിന്ദ്രിയങ്ങളിൽ
പ്രതികാരവഹ്നിതൻ ജ്വാലകൾ
അക്ഷൗഹിണി തൻ കാഹളം മുഴക്കി
ഉഗ്രധ്വംസനത്തിൻ രണഭൂമിയുണരുന്നു
ഫണമുയർത്തുന്നു
അന്തരാത്മാവിൽ
ഉറയൂരിയ സർപ്പകോപങ്ങൾ
അപമാന വീഥിയിലൂടെ
വ്രണിതമാക്കിയ സാഭിമാനങ്ങൾ
നിരാശ്രയയായോരു കൺ
കോണുയരവേ, ദയാവായ്പിൻ കിരണത്തിനായ്.....
കേൾപ്പീലൊരു ധർമ്മധൈര്യ
വീര്യത്തിൻ ചാണൂരപടഹധ്വനികളും
ഘനീഭവിക്കും നീഹാര
ശൈലങ്ങളെപോൽ
നിർവ്വീര്യരായി നിൽപ്പിതാരോ
ആനത ശരിസ്ക്കരായ്
ആസുരരാടുന്നൊരീ
ശ്മശാനഭൂവിൽ
പ്രാർത്ഥനായാമത്തിന്നൊടുവിലൊരു
അദൃശ്യപത്മകരസ്ഫുരണത്താൽ

തിരിയുന്നുലോകം
മറയുന്നു മൂകാന്ധകാരക്കെടുതികൾ
അഴിയുന്നു മിഴികൾ
അനർഗ്ഗള പ്രവാഹമായ്
ഇന്ദ്രിയബോധത്തിന്നപ്പുറത്തു
ഉലയിലൂതുന്നു കനൽക്കട്ടകൾ
വന്യമായീ ഹൃദന്തവും
കടുന്തുടി കൊട്ടീ വൈരാഗ്യവും
എരിയും പാവകജ്വാലയിൽ
ചെയ്തു ഘോരശപഥവും
ഇന്ദ്രനീലാഭ ചാർത്തിയ
ജീവിത വസന്തർത്തുവിൻ
ശ്രുതികൾ മുറിഞ്ഞു
ആഞ്ഞുവീശി മണൽക്കാറ്റുകൾ
പ്രണയത്തിൻ മാനസസരസ്സിലെ
നീലാംബരിയായസവ്യസാചിതൻ
മന്ത്രമുരുവിട്ട ഹൃത്തടത്തിലാളി
ക്കത്തുന്നു പടുതിരികളിങ്ങനെ
മനമൊന്നും മെയ്യഞ്ചുമാക്കി
പകുത്തു കീറി ജീവിതം
വെറുമൊരു വാക്കിൻ പേരിൽ
ശൂന്യമനസ്ക്കയായിതാണ്ടി
കനൽപ്പുഴകളേറെ....
വേട്ടയാടുന്നൊരാ നരാധമർ തൻ
മാറിടം പിളർന്ന ചുടുരുധിരവുമായി
വരിക വൃകോദരാ പുരട്ടുക വേഗം
തവ സഖി തൻ കബരീഭരത്തിൽ

●

76

വൃത്തിശീല

ഞാൻ വൃത്തിശീല
എന്നാൽ കാഴ്ചക്കാർ
എന്നെ കാണുന്നത്
വൃത്തിഹീനയായി
അകവും പുറവും
നിറഞ്ഞ ചപ്പുചവറുകൾ
തൂത്തുവാരണമെങ്കിൽ
ഞാൻ വേണം
കാര്യം കഴിഞ്ഞാൽ
കറുവേപ്പിലയുടെ സ്ഥിതി
തന്നെ എന്റേയും
വലിച്ചെറിയില്ല
കാണാമുക്കിൽ കുത്തിവെക്കും
ഒരിടത്തേക്ക്
ഇറങ്ങുമ്പോൾ
എന്നെ കാണരുത്
കണ്ടാൽ പറയാത്ത
കൊള്ളിവാക്കുകളില്ല
നടക്കുന്ന വഴിയിൽ
ഒരു തരിമണ്ണുപോലും
ഉണ്ടാവരുത്
അതിന് ഞാൻ തന്നെ വേണം
ആവശ്യം കഴിഞ്ഞാൽ

പടിക്കുപുറത്ത്
എന്നാലും അടിച്ചടിച്ച്
മുതുക് വളയുന്നതുവരെ
വടക്കു പുറത്തെ
മുക്കിൽ സൂക്ഷിക്കും
വൃത്തിശീലയായിട്ടും
അവഗണനയ്ക്ക് ഒരു
കുറവുമില്ലാതെ.....

●

77

സ്ത്രീ

അന്ന്
അടുക്കളയിൽനിന്നും
അരങ്ങത്തേക്ക്
ഇന്ന്
അടുക്കള തിരിച്ചുപിടിക്കുക
എഴുത്തുകാരിക്കൊരു മുറി... വെർജീനിയ വുൾഫ്
വീട്...... സമസ്തയിടവും
സ്ത്രീക്ക് അവകാശപ്പെട്ടത്
പരിമിതികളിൽ സ്വാതന്ത്ര്യത്തിന്റെ
സ്വപ്നങ്ങൾ നെയ്ത്
സ്വന്തമായ ഒരു ലോകം
നിർമ്മിക്കുക....
സാറാ ജോസഫിന്റെ
"മേബിൾ അമ്മായിയുടെ
വീടുപോലെ....."
അകത്തെ
രാജ്ഞിയായിതന്നെ
പുറത്തെ ചെങ്കോലും
കിരീടവും നേടുക
എത്ര കത്തിയമർന്നാലും
ചാരത്തിൽ നിന്നും

ഉയിർത്തെഴുന്നേല്ക്കുന്ന
ഫീനിക്സ് പക്ഷിയാകുക
ശരവേഗത്തിൽ
ഭ്രമണപഥത്തിൽ
ഗരുഡചിന്തയിൽ
ഉയർന്നു പറക്കുക!

78

പാഠപുസ്തകം

പുസ്തകങ്ങൾ
പല വലുപ്പത്തിലും
രൂപത്തിലും
എത്ര അടുക്കിയിട്ടും
ചിലതൊക്കെ
ചിതറിത്തന്നെ കിടന്നു

പുത്തൻ കടലാസിൽ
പുതുമണത്തിൽ, ജീവൻ വെക്കുന്ന
അക്ഷരങ്ങൾ
പുതുതായി പിറക്കുന്ന
കുഞ്ഞുങ്ങളെപോലെ.......

ഓരോ മനുഷ്യരും
ഓരോ പുസ്തകങ്ങൾ
എത്രയെത്ര തുറന്നതും
അടഞ്ഞതും
താഴിട്ടു പൂട്ടിയതുമായ
അധ്യായങ്ങൾ
ചിലത് ഒറ്റയിരിപ്പിന്
വായിച്ചുതീരും

ചിലത് എത്ര വായിച്ചാലും
നിഗൂഢതകൾ മാത്രം

വായിച്ച ഭാഗം
അടയാളം കുറിക്കുമ്പോൾ
ചില വരികൾ
മനസ്സറിയാതെ കയറിവരും
മറ്റു ചിലതോ എത്ര വിശദീകരിച്ചാലും
അർത്ഥം പിടിതരാതെ

തളിരുകളും പൂവുകളും
കൂമ്പുകളും കായ്കളും
ഫലങ്ങളും തന്ന്
ചിലത് ഫലഭൂയിഷ്ഠമായി
കടന്നു പോകും
മറ്റു ചിലത് വന്ധ്യമേഘങ്ങളെപ്പോലെ
നരച്ചും കീറിയും ഒടുങ്ങും
ചിലത് കൊന്നും നിലവിളിച്ചും
ചെമ്പരത്തിപ്പൂക്കൾ വിതറും....

ആകാശത്തിലെ നക്ഷത്രങ്ങളായും
ഭൂമിയിലെ മനുഷ്യരായും
പൊട്ടക്കിണറ്റിലെ തവളകളായും
സ്ഥിരതയില്ലാത്ത
നരത്വം!

ജീവിതം തന്നെയല്ലേ
ഏറ്റവും വലിയ പാഠ പുസ്തകം!

●

79

മൊഴി ചൊല്ലൽ

ഷോറൂമിലെ
മിടുക്കിയായിരുന്നവൾ
നല്ല കളറും
ആവശ്യത്തിന്
ഉയരവും ഭംഗിയും
ചേർന്ന് അന്തസ്സുള്ളവൾ
രണ്ടു വാതിലുകളും
സ്വന്തമായുള്ളവൾ
ധനുമാസത്തിലെ
ശുഭമുഹൂർത്തത്തിൽ
വന്നെന്നെ തിരഞ്ഞെടുക്കുമ്പോൾ
നിങ്ങൾക്കെന്തുത്സാഹമായിരുന്നു
എന്നെ മതിയെന്ന്
പറഞ്ഞപ്പോൾ
ഉള്ളാലെ തണുത്തിരുന്ന
ഞാൻ ഐസ് പോലെ
അലിയുകയായിരുന്നു
പലതിൽനിന്നും എന്നെ
തിരഞ്ഞെടുത്തപ്പോൾ
പഴയ സ്വയംവര സമ്പ്രദായത്തെ
ഓർത്തുപോയി
കുളിർത്തു നിൽക്കുന്ന
മനത്തിൽ
നക്ഷത്രങ്ങൾ വിരിഞ്ഞു

ഒരു വീട്ടുകാരിയാകുക.....
കച്ചവടത്തിരക്കിൽ
പലരുടേയും കൈകൾ
തൊട്ടുരുമ്മി പോകുകയും
നിരാസങ്ങൾ ഏറ്റു വാങ്ങുകയും
ചെയ്യുമ്പോൾ സത്യത്തിൽ
ഉള്ളം വീണ്ടും വീണ്ടും
കനക്കുകയായിരുന്നു
തിരക്കിൽ വില പറഞ്ഞുറപ്പിക്കുമ്പോൾ
നിങ്ങളെനിക്ക് വിമോചകനായി
ഉടമയുടെ ആധിപത്യത്തിലെ
അടിമത്വത്തിന്റെ
ചങ്ങലകളഴിച്ച്
സ്വാതന്ത്ര്യത്തിന്റെ
വാതിൽ തുറന്നുതന്ന്
നാലാം നിലയിലെ വീട്ടിലെ
പാചക മുറിയിൽ
എനിക്കായി ഒരിടം
സ്വന്തമായി നൽകി
കൊടുക്കൽ വാങ്ങലുകളുടെ
ഇടത്തിൽ നിന്നും രക്ഷപ്പെടുത്തിയ
നിങ്ങളെ ഞാൻ സ്നേഹിച്ചു.
അധ്വാനത്തിന്റെ
വിയർപ്പു കണങ്ങളിൽ നിന്നും
നിങ്ങൾ ഉണ്ടാക്കുന്ന
അന്നജത്തെ കൃത്യമായി
പരിപാലിച്ചു
ബാക്കിയിരിപ്പുകളെ കൂടി

സ്വീകരിച്ച് സംരക്ഷിച്ചു
പഴയതിനെപ്പോഴും
പുതുമ നൽകി
പിന്നീടെപ്പോഴോ എന്നിലെ
നിയതത്വം അനിയതമാവുന്നത്
ഞാനറിഞ്ഞു
നിങ്ങളുൾപ്പെടെ എല്ലാവരും
വളരെ പരുക്കരായി
പെരുമാറിയതിന്റെ
പരിണതഫലമായിരുന്നു
എന്നിൽ കുടിയേറിയ അനിയതത്വം
മസൃണമായ പെരുമാറ്റമാണ്
എനിക്കാവശ്യം
പരുക്കൻ സമ്പ്രദായങ്ങൾ
അകമുറിവുകൾ സൃഷ്ടിച്ചു
കുറവുകളെ പരിഹരിക്കാൻ
പല വിദഗ്ദ്ധരേയും
വരുത്തി പരിശോധനക്ക്
വിധേയമാക്കി
അവർ തന്ന ഔഷധക്കൂട്ടിൽ
നാലോ അഞ്ചോ ദിവസം
ഞാൻ പിടിച്ചു നിന്നു
ശക്തി ക്ഷയിച്ച്
അടി പതറുകയായിരുന്നു....
എന്റെ പഴയ ഊർജ്ജം
നഷ്ടമായി
തണുപ്പും ചൂടുമില്ലാത്ത

ഒരവസ്ഥയിലെത്തിപ്പെട്ട
എന്നെ നിങ്ങൾ
അവഗണിച്ചു
അവസാനം ഒരു നേരിയ
മൂളൽ മാത്രമായപ്പോൾ
നിങ്ങളെന്നെ
മൊഴി ചൊല്ലി
താൽപ്പര്യങ്ങൾ
സംരക്ഷിക്കപ്പെട്ടില്ലെങ്കിൽ
മൊഴി ചൊല്ലിയേക്കാം
ഓർത്തോ, മൊഴി ചൊല്ലൽ
ഒന്നിൽ മാത്രമല്ല
കാലം എല്ലാവരേയും
മൊഴി ചൊല്ലും

●

൪൦

ഒറ്റച്ചെവിയൻ

ഞാനെങ്ങിനെ
ഒറ്റച്ചെവിയനായി
കാരണം എന്റേതല്ല
ഉടമയുടെ അശ്രദ്ധ.....
കറുത്ത ചില്ലു ഗ്ലാസിനു പുറത്തെ
അടുപ്പിന് മുകളിൽ
എത്ര ഭംഗിയോടെ ഞാനിരുന്നിരുന്നത്
രാവിലെ കവറിനുള്ളിലെ
വെൺമയെ പൊട്ടിച്ച്
എന്നിലേക്കൊഴിക്കും
സമയമാവുമ്പോൾ ഞാൻ
വിളിക്കും
കേട്ടില്ലെങ്കിൽ
കൂകി വിളിക്കും
അതാണെന്റെ സ്വത്വം
അതിനാലാണ് എന്നെ
എല്ലാരും സ്വന്തമാക്കുന്നത്
യാന്ത്രികതയിൽ നെട്ടോട്ടമോടുമ്പോൾ
ഞാനൊരു അത്യാവശ്യമായി മാറുന്നു
പക്ഷേ, എന്റെ സൈറൺ
പലർക്കും അരോചകം
പുതച്ചുമൂടിയുറങ്ങുന്നവർ
എന്റെ നിലവിളി
കേട്ടാൽ ശപിച്ച്
ഒന്നുകൂടി പുതപ്പ്

തലവഴി മൂടി കിടക്കും
എന്റെ ജോലി കഴിഞ്ഞാൽ
അതറിയിക്കുക എന്നതെന്റെ കർത്തവ്യം
ഒരിക്കൽ എന്റെ വിളിയെ
ആരും ഗൗനിച്ചില്ല
എത്ര കരഞ്ഞിട്ടും
ആരുമെത്തിയില്ല
എന്നുള്ളിൽ തിളച്ചുമറിയുന്ന വെൺമ എന്നെ മറി
കടന്ന് മുഖത്തു കൂടെ ഒഴുകി
അപ്പോഴേക്കും താഴെ
നിന്നും തിളച്ചു തൂവിപ്പിക്കുന്ന
അഗ്നിനാവുകൾ
മുകളിലേക്കും പടർന്നു
എന്റെ ഇടതു ചെവിയെ
കാർന്നു തിന്നു
എന്റെ വിളിയെ
അറിഞ്ഞിരുന്നെങ്കിൽ
ഞാൻ ഒറ്റച്ചെവിയനാകുമായിരുന്നില്ല

●

81

അർദ്ധനാരീശ്വരം...

അവൻ സഞ്ചരിക്കുന്നു
അവളിലേക്ക്
അവളോ അവനിലേക്കും
അനിമയുടേയും അനിമസിന്റേയും
വൈകാരിക ഇടങ്ങളിലൂടെ
അവന്റെ സ്വപ്നങ്ങളിൽ
നിറയുന്നു
കുപ്പിവളക്കിലുക്കങ്ങളിൽ
പൊട്ടിച്ചിരിക്കുന്ന കൈകളും
നെറ്റിയിലെ സിന്ദൂരപ്പൊട്ടും
കരിനീല മിഴികളും
ലജ്ജയാൽ നമ്രമായ
ഉടലിനെ മറക്കുന്ന
വർണച്ചേലകളും
കരിവണ്ടിൻ നിറമാർന്ന
കൂന്തലുകളും
അവനവിടെ അവളായി
പൂത്തുലയുന്നു
അവളാകട്ടെ യാത്ര തുടങ്ങുന്നു
മറുതീരത്തേക്ക്
കയ്യൂക്കും തലേക്കെട്ടുമായി
ധൈര്യം ഉണരുന്ന

നെഞ്ചിടങ്ങളിലേക്ക്
അവനായി മാറുന്ന
പൗരുഷഭാവങ്ങളിലേക്ക്
ഉടലുകളുടെ ആവേഗങ്ങളും
പരകായ ദാഹങ്ങളും
സംഘർഷത്തിന്റെ യുദ്ധഭൂമികളിൽ നിൽക്കുമ്പോ
ഴറിയുന്നു
യുദ്ധം അനിവാര്യം
മറുതീരം പൂകുവാൻ
ഇത് രാസപരിണാമങ്ങളുടെ
തടുക്കാനാവാത്ത അഭിനിവേശം
ശിവഃ ശക്ത്യായുതോ
ആദിശങ്കരന്റെ
സൗന്ദര്യാക്ഷരം
"അർദ്ധനാരീശ്വരം"
പാതികൾ ചേരുമ്പോൾ
സ്വത്വ സാക്ഷാൽക്കാരം!
ഇത് വർത്തമാനപ്രഹേളികയല്ല
മനുഷ്യ ചരിത്രത്തിന്റെ
താളിയോലകളിൽ
നാരായംകുറിച്ചുവെച്ചത്
അവനേയും അവളേയും
കൽത്തുറുങ്കിലടച്ച
അധികാര വർഗ്ഗം തിരിച്ചറിയട്ടെ
അവരും ഈ ഭൂമിയുടെ
അവകാശികൾ
സർഗ്ഗാത്മകതയുടേയും

ഉർവ്വരതയുടേയും
ഉറവിടങ്ങൾ
പ്രകൃതിയും പുരുഷനും ചേർന്ന
അർദ്ധനാരീശ്വരനായി
അവരും ആകാശത്തിന്റെ
അങ്കണത്തിലേക്ക് പറക്കട്ടെ
പുല്ലാങ്കുഴലിന്റെ
നാദലയങ്ങളിൽ
നിർവൃതിയടയുവാൻ
പറക്കുന്ന പറവകളേയും
മിഴി തുറക്കുന്ന ചിപ്പികളേയും
ചിരിക്കുന്ന നക്ഷത്രങ്ങളേയും കാണുവാൻ...
ചൂടിന്റെ സൂര്യവെളിച്ചത്തേയും
തണുപ്പിന്റെ ചാന്ദ്ര സ്പർശത്തേയും
അറിഞ്ഞ്
പ്രണയഭരിതരായി
ശിവശക്തിയുതമാകുവാൻ
വർഗ്ഗമോ, വർണ്ണമോ
വിഭാഗീയതയോ, ഇല്ലാത്ത
സമഭാവലോകത്തിന്റെ
കവാടം തുറക്കുവാൻ

82

എന്റെ കേരളം

ജീവിത സംത്രാസത്തിൻ
കാഹളം മുഴങ്ങുമ്പോഴും
പ്രവാസ തീരത്തുനിന്നും
സ്വച്ഛമാം മൃദുസംഗീത
മഴയായി പെയ്തുനിറയുന്നു
എന്നിലെൻ ഗ്രാമഭൂമി....

അമ്മതൻ നെഞ്ചിൽ
നിന്നുണ്ട മധുരമായ്
നുണയുന്നു ഇന്നുമെൻ
കേരളമണ്ണിൻ
മധുരസ്മൃതികൾ
വാനോളമുയരുവാൻ
നോവിൻ കഥകൾ
ചൊല്ലിപ്പഠിപ്പിച്ച
താതന്റെ വാക്കുകൾ
മണിദീപങ്ങളായ്........
മന്നിലെ വെളിച്ചമായ്
വളരുവാൻ ചിന്തതൻ
അരം കൂട്ടിത്തന്ന ഗുരുവിൻ
മൊഴികളൊ മുത്തുകളായ്...

ശൈശവത്തിൽ പിച്ചവെക്കുവാൻ
പഠിപ്പിച്ചൊരാ മൺതരികൾ
ചേതസ്സിലാനന്ദ കണികകളായ്
കേരത്തിൻ മധുരമൂറുന്നൊരാ
ഇളനീർ കുടങ്ങളും ഹരിതാഭമാം
പുഞ്ചനെൽപ്പാടങ്ങളും
അഴക്കോലും നെല്ലോല
കിളികൾ തന്നാരവവും
വാൽക്കണ്ണെഴുതിയോരാ
മഞ്ഞക്കിളി തൻലാവണ്യവും
ചിലങ്കതൻ നിസ്വനമായ്
ലാസ്യമായൊഴുകും പുഴകളും
ഇതിഹാസ നിർഝരി
പൊഴിച്ചു കോൾമയിർ
കൊള്ളിച്ചൊരാ പൈങ്കിളിപ്പെണ്ണും
സ്വർണ്ണ മരാളങ്ങളായെൻ
ചാരത്തു നിൽക്കേ........

ഭൂപാള രാഗമുഖരിതമാം
അഷ്ടപദിയിലുണരു
ന്നൊരുഷസ്സിൻ മലരുകളും
രാവും പകലുമിണചേർന്നിടും
ഹേമന്ത സന്ധ്യകളും
താന്തമാമന്തഃരംഗത്തി
ന്നണിയറയിൽ ദീപ്തമാം
സ്മൃതികളായ് ....
കഥകളിയും കദളിപ്പഴവും

ഏറെപ്രിയമായ കദളീ മൂല
നിവാസന്റെ പുഞ്ചിരി
ദീപത്താലഞ്ചിതമാകുന്നു
എന്നിലാ സംസ്ക്കാര
മണ്ഡലത്തിൻ മുഗ്ദ്ധദീപ്തിയും
കാലടിയിൽ നിന്നുയർന്നു
സർവ്വഭൂമിയും സ്പർശിച്ച്
ധ്രുവദീപ്തിയായ് വിരാജിച്ച
ആദിശങ്കരൻ തൻപാദ
ധൂളികളണിഞ്ഞ കേരളമേ
നമിക്കുന്നു നിന്നെ ഞാൻ....
നാടോടി പെരുമനിറയും
കല തന്നക്ഷയപാത്രം വിളമ്പി
തന്ന പെറ്റമ്മയാം മലയാളമേ
നിൻ തീരത്തിൻ മാറിലേക്കണയുന്ന
നീലിമതൻ മക്കൾ പാടുന്നു
കടലമ്മതൻ ചരിത്രഗാഥകളും........
സഹ്യനാ തലയാട്ടി തഴുകി
തലോടുന്നു അലയാഴിതൻ
വീചികൾക്കൊപ്പം കേരളാംബയെ
കറുത്ത പൊന്നിൻ പൊത്തുകൾ
നിറയും നാട്ടുവഴികളിലിന്നും പൂക്കുന്നു
പിതാമഹർ കുറിച്ചിട്ട രേഖകൾ......
വർണ്ണവർഗ്ഗങ്ങളില്ലാതെ
കൈകോർത്തു പകരുക
സ്വൈരൈക്യത്തിൻ ശംഖുനാദങ്ങൾ
കലതൻ കേളികൊട്ടുണരുന്ന

ഹരിതമണ്ണിൻ ഹരിണ
ഭാവത്തിന്നങ്കണ പുണ്യമേ
നൻമയാലങ്കിതമായി
നൽകാന്തിയെഴും
നിൻ നിറവിൻ നിലാവുമുതിരുന്നു...........

തുഞ്ചനും കുഞ്ചനും ചെറുശ്ശേരിയും
ആശാനും വള്ളത്തോളും
ഉള്ളൂരും വൈലോപ്പിള്ളിയും
പി. യും ജി.യും ചങ്ങമ്പുഴയും
തത്തിക്കളച്ചൊരാ സാരസ്വതത്തിൻ
കളശിഞ്ജിതമുതിർക്കും നിളയിലെ
പഞ്ചമസ്വരധാരയാവുന്നു
എന്നിലാ കാകളി പാടിയ
ഗ്രാമസങ്കീർത്തനം.....
മഹിതമധുരമനോജ്ഞമാം
മാതൃമണ്ണിൻ മതമൈത്രി തൻ
മണിക്കിരീടവും തിരുമൗലിയിൽ
ചൂടി നിൽപ്പൂയെൻ
മാലേയ സ്മൃതികളുണർത്തും
വള്ളുവ പെൺകാടിയും....!

83

മൗനം

മൗനത്തിലേക്ക്
ചേക്കേറുന്നതിന്
മുമ്പ്
വാക്കുകളുടെ
മന്ദ്രസ്ഥായികളായിരുന്നു
അരികും മൂലയും
വെട്ടിയൊതുക്കി
നിരയൊപ്പിച്ച
മധുരമായ വാക്കുകൾ
യാമങ്ങൾ കഴിയവെ
എവിടെയൊക്കെയോ
കെട്ടുപിണയലുകൾ
മുറുക്കങ്ങൾ
ഇടന്തലയും വലന്തലയും
മുറുക്കി മുന്നോട്ട്
എന്നിട്ടും അകാരണമായ
പച്ചകുത്തലുകൾ
വക്കടർന്ന വാക്കുകളുടെ
തേങ്ങലുകൾ
ഭ്രാന്തമായ നേരങ്ങളിൽ
കാട്ടുപൂച്ചകളെപോലെ

അവ കടിപിടി കൂടി
കിതപ്പിൽ, തളർച്ചയിൽ
വീണ്ടും കൂട്ടുകയും
ഗുണിക്കുകയും
ഹരിക്കുകയും ചെയ്തു
ശിഷ്ടം പൂജ്യം
പൂജ്യത്തിന്റെ ഇടത് വശത്ത്
ഒന്നിനെ ചേർത്തുവച്ചു
കാഴ്ചക്കാർക്ക് പത്തായി
പക്ഷേ അകത്ത്
പൂജ്യം തന്നെയായിരുന്നു
എന്നത്
വാക്കുകൾക്ക്
മനസ്സിലായിരുന്നു.
അങ്ങിനെയാണ്
വാക്കുകളുടെ
മലവെള്ളപ്പാച്ചിലിൽ
മൗനം ചേക്കേറിയത്
കണ്ണിലും കവിളിലും
ഹൃദയചിഹ്നങ്ങൾ ഒട്ടിച്ച്
പഴുതുകളെ അടച്ചു.....
സമർത്ഥമായി!

****